ൽ മുഖ്യമായത പെരാറ് എന്ന പൊന്നാനിപ്പുഴ തന്നെ — അതിന്റെ ഉത്ഭവ
സഹ്യമലയിൽ നിന്നല്ല കൊയമ്പത്തൂരിൽ നിന്നു അല്പം കിഴക്കെ തെക്കൊട്ടുള്ള
താണഭൂമിയിൽ നിന്നു തന്നെ ആകുന്നു — പല പുഴകൾ തെക്കൊട്ടും വടക്കൊട്ടും
ഒഴുകി അതിൽ ചേരുക കൊണ്ടു അത വർദ്ധിച്ചു വലിച്ചു പൊന്നാനി സമീപ
ത്തു പത്തു മാരിക്കും ചെറുകപ്പലുകളും പ്രവെശിപ്പാൻ തക്കവണ്ണം വിസ്താരവു
മുള്ള നദിയായി സമുദ്രത്തിൽ കൂടുന്ന
ഈ നദി ഒഴുകുന്ന താണഭൂമിയുടെ കിഴക്കെ അംശം മിക്കതും ആന — പുലി — ക
ളുടെ ആകും പ്രദേശമാകുന്നു — അതിൽ പട്ടണങ്ങളും
രണ്ടു മുതലായ മൃഗങ്ങൾ നിറഞ്ഞ കാട്ടുപ്രദേശമാകുന്നു — അതിൽ പട്ടണങ്ങളും
ഗ്രാമങ്ങളും ചുരുക്കം തന്നെ — കൊയമ്പത്തൂർ പാലക്കാട്ടു എന്നിരണ്ടു സ്ഥല
ങ്ങളുടെ നടുവിൽ ഏകദേശം ൪൦൦ പുരക്കുള്ള ആനമലകൊട്ടയും അതിനു പ
ടിഞ്ഞാറു കാട്ടുപ്രദേശമദ്ധ്യത്തിൽ തന്നെ മിക്കര ഗ്രാമവും അതിനു പടിഞ്ഞാ
റു പത്തിനാലു ഒഴുകുന്ന താഴ്വരയിൽ ഏകദേശം ൫൦൦൦ വീട്ടുകളുള്ളതുകൊ
ണ്ടു മലയാളദെശഭാഷകളുടെ അതിരുകളായിരിക്കുന്നു — ആനമലച്ചുരത്തിലും

ഏകദെശം ൫൦ ദിവസത്തെ വഴിക്ക പാതെക്കും കാട്ടുമാകുന്നു — ആ നാട്ടിലെ നിവാ
സികൾ വെശവൎഗ്ഗങ്ങൾ പുലിക്കർ എന്നും പെർ പറയുന്നവർ തമി
ഴർ മലയാളികൾ തെലിങ്കർ എന്ന മൂന്നു വകക്കാർ കൂടകലൎന്ന ഒരു ജാതിയായി
ചെറുഗ്രാമങ്ങളിൽ വസിച്ചും അല്പം കൃഷി ചെയ്തും മലയപതി എന്ന രാജാ
വെ അനുസരിച്ചും കുമ്പിനിസൎക്കാരിന്നു നികിതി കൊടുത്തും വരുന്നു — കൊ
ട്ടക്കാരിയമ്മ എന്ന ദെവി പുലി ആന മുതലായ ദുഷ്ടജന്തുക്കളെ നശിപ്പിച്ചു വ്യാ
ധികളെ ശമിപ്പിച്ചും നാട്ടും ഗ്രാമവും കാത്തും രക്ഷിക്കുന്നു എന്ന വെച്ചു അവർ സം
വത്സരംതൊറും ഒരാടിനെ ബലികഴിച്ചും നിവെദ്യം കഴിച്ചും പുഷ്പാഞ്ജലി
ചെയ്തുകൊണ്ടുമിരിക്കുന്നു — കുടകു കൊട്ടിന്റെ കിഴക്കൊട്ടു തമിഴഭാഷയും പടിഞ്ഞാ
റൊട്ടു മലയാളഭാഷയും നടപ്പായിരിക്കുന്നു — മെൽപറഞ്ഞ ദെശത്തു നിന്നു പടി
ഞ്ഞാറൊട്ടു തെക്കെ അതിരായി മലയാളവും പിടിച്ചടക്കിയ ദെശവും പാലക്കാട്ടു എന്ന
കൊട്ടയെ പണികഴിച്ചു — അന്നത്തെ കൊട്ടാരം മുഖ്യസ്ഥലം തന്നെ — ആ ദെശം
അവിടെ അധികം വിസ്താരമുള്ളതാകകൊണ്ടു പലകൃഷികളും ചെയ്തുവരുന്നു —
ചുറ്റുമുള്ള കാട്ടുപ്രദെശത്തിൽ മലവാസികൾ എന്ന പെരുള്ള ജാതി വസിച്ചു തെ
ൻ മെഴുകും എടുത്തു വിറ്റും ഒരൊ കാട്ടുകിഴങ്ങുകളെ തിന്നും അല്പം പുനകൃഷി
കളെ ചെയ്തും മുളവെട്ടുക മരം മുറിക്കുക മുതലായ പണികളെ എടുത്തും ഉപ
ജീവനം കഴിച്ചുവരുന്നു — കൊട്ടയുടെ പുറത്തും പട്ടന്മാർ ഗ്രാമങ്ങളിലും മാപ്പി
ളമാർ അങ്ങാടികളിലും പാൎത്തു പലകച്ചൊടം ചെയ്തും മലയാളബ്രാഹ്മണരും
നായന്മാരും വെവ്വെറെ പറമ്പുകളിൽ ഇല്ലവും ഭവനവും കെട്ടി വസിച്ചും
ചാലിയർ തെരുക്കളിൽ ഇരുന്നു നെയ്ത്തുപണി കഴിച്ചും കൊണ്ടിരിക്കുന്നു —
പാലക്കാട്ടുപട്ടണത്തിലും ദെശത്തിലും വസിക്കുന്നവരുടെ സംഖ്യ ഏകദെശം
൬൦൦൦൦ — പെരാറു പാലക്കാട്ടുദെശത്തു നിന്നു പടിഞ്ഞാറൊട്ടു പലപാറക
ളിൽ കൂടി ഒഴുകി സമുദ്രത്തിൽ കൂടുന്ന ദെശത്തു തന്നെ മാപ്പിള്ളമാരുടെ മുഖ്യ
സ്ഥലമായ പൊന്നാനി തന്നെ — ഏകദെശം ൫൦ പള്ളികളും ൭൦൦൦ മാടങ്ങളും
ഉള്ളതിനാൽ ജാതികൾ വസിക്കുന്ന ൬൦൦൦ പുരകളുമായി നില്ക്കുന്നു —
മുക്കുവർ മുതലായ ജാതികൾ — അങ്ങുമിങ്ങും ചിലപ
കൊച്ചി — കൊഴിക്കൊട്ടു — തലശ്ശെരി മുതലായ സ്ഥലങ്ങളിലെക്ക അല്പം ചില
കൊണ്ടുപൊകുന്നുള്ളു മാപ്പിള്ളമാരുടെ ഒന്നാം തങ്ങൾ അവിടെ വസി
ക്കുമാറികളെ പൊക്കുന്നുള്ള മാപ്പിള്ളമാരുടെ ഒന്നാം തങ്ങൾ അവിടെ വസി
ക്കകൊണ്ടും കൃഷിക്കും കച്ചൊടവും മിക്കതും അവരുടെ കൈക്കലുണ്ടു — പൊന്നാ
നിക്കു തെക്കെ പുഴയുടെ ഇരുകരകളിലും കൃഷിനിലങ്ങളും പറമ്പുകളും നിറഞ്ഞി
രിക്കുന്നു — മുമ്പെ പന്തിരാണ്ടു ചെല്ലുമ്പൊൾ മഹാമഖം കൊണ്ടാടുന്ന തിരുനാവായിൽ
നമ്പ്യാർ — സമീപത്തിൽ തന്നെ പൊന്നാനികയിൽ നിന്നു തെക്കൊട്ടു കൊച്ചിരാജ്യ
ത്തിന്റെ അതിർ — ചെറുവാ എന്നിങ്ങിനെ സ്ഥലങ്ങൾ കടപ്പുറത്തു
സമീപത്തു തന്നെ ചാവക്കാട്ടു — ചെറുവാ എന്നിങ്ങിനെ സ്ഥലങ്ങൾ കടപ്പുറത്തു
ശൊഭിച്ചു കിടക്കുന്നു — നസ്രാണികൾ വസിക്കുന്ന കുന്നംകുളം മുതലായ ചില നഗര

ങ്ങളും അട്ട ആ നാട്ടിൽ ഉണ്ടു — പൊന്നാനിക്കിൽ നിന്ന കിഴക്കൊട്ടെക്കും വിശെ
ഷപട്ടണങ്ങൾ ഇല്ല ചെർപ്പുളച്ചെരി — അരിയകൊട്ടു — പണ്ടൂർ — നിലമ്പൂർ ഇത
ലായ അങ്ങാടികൾ മലസമീപത്തും തിരൂർ — പരപ്പനങ്ങാടി — വെപ്പൂർ എന്ന
നഗരങ്ങൾ കടപ്പുറത്തും തന്നെ ആകുന്നു — വെപ്പൂർ പുഴ തുടങ്ങി എഴിമല പൎയ്യ
ന്തമുള്ള ഭൂമിക്കും മെൽ പറഞ്ഞ ദെശത്തിന്നും ഭെദമില്ല — ദെശം പണ്ടു പലചെ
റിയ രാജ്യങ്ങളായി വെച്ചിട്ടു കിടന്നിരുന്നു മുഖ്യമായത തെക്ക കിഴക്കൊട്ട
താമൂതിരി രാജ്യവും വടക്കെ ചിറക്കൽ കൊലത്തിരി വാഴ്ചയും തന്നെ — ൧൭൯൨
ക്രിസ്താബ്ദത്തിൽ എല്ലാം കുമ്പിഞ്ഞി സൎക്കാരുടെ കൈവശമായി പൊയി രാജാക്ക
ന്മാൎക്ക മാലിഖാന അല്ലാതെ മെൽപെട്ട അവകാശങ്ങളിൽ അല്ലാതെ ഒരു ജന്മിഭൊ
ഗത്തെ ശെഷിപ്പുള്ളൂ — ദെശം മിക്കതും കൃഷിക്ക അനുകൂലം തന്നെ — മലസമീപ
ത്തെ ഊരും നഗരവും ഉണ്ടെന്ന പറഞ്ഞുകൂടാ — ദെശാചാരപ്രകാരം നാട്ടുകാർക്കു
മിറ്റുള്ള വെവ്വെറെ പറമ്പുകളിൽ പുര കെട്ടി പാൎത്തു വരുന്നു — മാപ്പിളളവൎക്ക
നദിക്കരകളിലെ അങ്ങാടികൾ ഉള്ളൂ — തളിപറമ്പത്തും ത്രിച്ചെറുകുന്നത്തും ഗുരുവായൂർ
അമ്പലത്തിലും മറ്റും കഴിക്കുന്ന ഉത്സവങ്ങളിൽ അത്രെ ജനങ്ങൾക്കു കൂടിക്കൂട്ടം —
മലയാളബ്രാഹ്മണർ ഈ നാട്ടിൽ പുരക്കം തന്നെ ഉള്ളവർ മിക്കവാറും വിദ്യക്കു
അവർ തന്നെ പലപട്ടന്മാരും പരദെശങ്ങളിൽ നിന്ന കച്ചവടത്തിന്നായിട്ടും മറ്റും
നാട്ടിൽ വന്നു സഞ്ചരിക്കുന്നു — കച്ചവടം മിക്കവാറും മാപ്പിളമാരുടെ കൈക്കൽ
ആകുന്നു — നായന്മാർ ജന്മികളും ഡംഭികളുമായി സൂചിച്ചു പാക്കുന്ന തിയർ മുതലാ
യതാണ ജാതികൾ കുടിയാന്മാരായി കൃഷിയെയും മറ്റ കൈത്തൊഴിലുകളെയും നടത്തി
കൂലിക്കാരായി സെവിച്ചുകൊണ്ടിരിക്കുന്നു — നാട്ടുകളിൽ തലശ്ശെരി — കുറ്റിപ്പുറം —
തളിപറമ്പു മുതലായ സ്ഥലങ്ങൾ പ്രധാനം — കടപ്പുറങ്ങളിലെ പട്ടണങ്ങളിൽ മിക്കെ
ച്ചതു കൊഴിക്കൊട്ടു തന്നെ — പറങ്കികൾ ഈ നാട്ടിൽ വന്ന സമയം മുതൽ (൧൪൯൮) താ
മൂതിരിയുടെ മാഹാത്മ്യം ക്ഷയിച്ചുപൊയ വണ്ണം ആ നഗരവും വളരെ താണതിന്റെ
ശെഷം ടിപ്പുസുല്ത്താൻ കലാപം വരുത്തി ഇങ്ക്ലിഷ്ക്കാർ അതിനെ കൈക്കലാക്കി
യപ്പൊൾ മിക്കതും ഇടിഞ്ഞു വീണ പ്രകാരമായിരുന്നു എങ്കിലും അന്നു മുതൽ
അവിടത്തെ കച്ചവടവും ധനപ്രാപ്തിക്കും ജനപുഷ്ടിക്കും വൎദ്ധിച്ചു വൎദ്ധിച്ചു പൊ
രുന്നു — തലശ്ശെരി ൧൬൮൩ മുതൽ ഇങ്ക്ലിഷ പാണ്ടിശാലയും കൊട്ടയും ഉള്ള സ്ഥലം
ആകുന്നു — അതിന്നു ൧ നാഴിക തെക്കൊട്ടു മയ്യഴി പട്ടണത്തിൽ തന്നെ ഫ്രാഞ്ചിക്കാ
രുടെ വാഴ്ച നടക്കുന്നു — ൧൭൯൨ ആമതിൽ തലശ്ശെരി തന്നെ ഇങ്ക്ലിഷ്ക്കാൎക്ക നാട്ടി
ൽ പ്രധാനമായിരുന്നു — കണ്ണനൂരും കൈക്കൽ വന്നപ്പൊൾ അവർ ക്രമത്താലെ
പട്ടാളങ്ങളെക്കും മറ്റും തലശ്ശെരിയിൽ നിന്ന അവിടെക്ക കൂട്ടി പാൎപ്പിച്ചതുകൊ
ണ്ടു ആ പട്ടണം ക്ഷയിച്ചുപൊയി — ൧൫൦൫ ആമതിൽ പൊൎത്തുഗീസർ കണ്ണനൂരിൽ വ
ന്നു പാണ്ടിശാലയും കൊട്ടയും ഉണ്ടാക്കി വളരെ കാലം കച്ചവടം നടത്തി വരുമ്പൊ
ൾ ഹൊല്ലന്തർ അവിടെനിന്നും അവരെ പുറത്താക്കി (൧൬൬൪) വാണതിന്റെ ശെ

ഷം മാപ്പിള്ളമാർ നഗരവും ചുറ്റുമുള്ള നാടും അവരൊട്ടു പിടിക്കവാങ്ങി ഭരിച്ചു-
അനന്തരം ഹൈദരാലിക്ക അധീനരായി - ടിപ്പുസുല്ത്താൻ മരിച്ചശെഷം അറക്കലെ
ബീബി ദെശമെല്ലാം ഇങ്ക്ലിഷ്കാരുടെ കൈക്കൽ എല്പിക്കെണ്ടിവന്നു മതിയാവാൻ മാത്ര-
അവ ഉള്ള ശെഷിച്ചിരിക്കുന്നു - പൊന്നാനിയിൽനിന്നു വടക്കൊട്ടുള്ള തറവാട്ടുക
ളിൽ വിശെഷമായുള്ളതെല്ലാം നൂർ തറവാട്ടുകൾ തന്നെ - ഈ പറഞ്ഞ മലയാളത്തിൽ
നടക്കുന്ന ആചാരങ്ങളും ജാതിഭെദങ്ങളും കെരളൊല്പത്തിയിൽ പറഞ്ഞിട്ടുണ്ട
ല്ലൊ-

൫.) കൊച്ചി - തിരുവിതാങ്കൊട്ടു സംസ്ഥാനങ്ങൾ

കിഴക്ക ഘട്ടങ്ങൾ - തെക്ക തിരുവിതാങ്കൊട്ടു സംസ്ഥാനം - പടിഞ്ഞാറു
സമുദ്രം - വടക്ക പൊന്നാനിപ്പുഴ ഈ നാലതിൎക്കകത്തു പെട്ട കൊച്ചിരാജ്യം
ഏകദെശം ... ചതുരശ്രക്കൊശ്ശ വിസ്താരമായി വ്യാപിച്ചു കിടക്കുന്നു - ടി-
പ്പുവിന്റെ കാലത്ത ഇങ്ക്ലിഷ്കാർ കൊച്ചിപട്ടണവും അതിന്റെ വടക്കൊട്ടുള്ള
കടപ്പുറവും സ്വീകരിച്ചു നാട്ടുപെരിനു ടിപ്പുരാജാവിന്ന ഒഴിച്ചുവിട്ടു - ആ രാ
ജ്യത്തിന്റെ വടക്കെ അംശം മിക്കതും ചതുപ്പുദെശങ്ങളാകകൊണ്ടു നെല്വിളവി
ന്നു എറെയും ഉചിതമായിരിക്കുന്നു സമുദ്രത്തിന്റെ ഓരൊ പൊഴകളും
നാട്ടിൽ പ്രവെശിച്ചു ഒഴുകുകകൊണ്ടു നാട്ടുകാർ ചിതറിക്കിടക്കുന്ന പറമ്പുകളിൽ
പുരകെട്ടി വസിക്കുന്നു - കിഴക്കൊട്ടുള്ള സഹ്യമലകളുടെ അവസ്ഥ പറവാൻ വിഷ
മം - ശീതകാലത്തിങ്കൽ മാത്രം അതിൽ കയറിപ്പൊകുവാൻ പാടുള്ളു - ആന
പുലി മുതലായ കാട്ടുമൃഗങ്ങൾ അവിടെയും പെരുകി വസിക്കുന്നു - താണഭൂമി
കളും അസൌഖ്യഭൂമിയാകകൊണ്ടു കൊച്ചിരാജ്യത്തിൽ പ്രത്യെകം പനി വെ
ദിക്കാൽ മുതലായ വ്യാധികൾ അതിക്രമിച്ചു നടക്കുന്നു - ൧൫൦൩ ആമതിൽ അല്ബുക
ൎക്ക എന്ന പറങ്കിപ്പടനായകൻ കൊച്ചിയിൽ ഒന്നാമത കൊട്ട പണിയിച്ചു ഏക
പട്ടണവും പാർപ്പിച്ചനാൾ മുതൽ കൂടക്കൂട പറങ്കികൾ വലിച്ചു പള്ളികളെയും മറ്റും
കെട്ടിക്കളയാടവും കച്ചവടവും നടത്തിവന്നതിന്റെ ശെഷം ൧൬൬൩ ആമതി
ൽ ഹൊല്ലന്തക്കാർ പട്ടണം വളഞ്ഞു പിടിച്ചു പറങ്കികളുടെ കച്ചവടമാഹാത്മ്യം
താഴ്ത്തി രൊമമതദ്വെഷികളാകകൊണ്ടു പള്ളികളെയും പാഠശാലകളെ
യും ... വർദ്ധിപ്പിച്ചു വാഴുകയും ചെയ്തു - അനന്തരം
ക്രമെണ ധനവും രാജ്യാധികാരവും ... മലയാളക്കടപ്പുറങ്ങളിലും മറ്റും
ഇങ്ക്ലിഷ്കാരും ഹൊല്ലന്തരുമായിട്ട ...
കച്ചവടം നിമിത്തം കലഹമുണ്ടായപ്പൊൾ ഹൊല്ലന്തർ കൂടക്കൂട തൊറ്റു കൊച്ചി
മുതലായ പട്ടണങ്ങളിൽനിന്ന നീങ്ങിപ്പൊകെണ്ടിവന്നു - (൧൭൯൫) ടിപ്പു
സുല്ത്താൻ മലയാളത്തിൽ എങ്ങും വരുത്തിയ കലക്കം കൊച്ചിരാജ്യത്തിന്നും
പറ്റി - ഇങ്ക്ലിഷ്കാർ പട്ടണം പിടിച്ചപ്പൊൾ വെടിവെച്ചു കൊട്ടകെട്ടകളെ തകർത്ത
കെട്ടിടങ്ങളും ഇടിച്ചു പൊകയാൽ മുമ്പെത്ത ശൊഭകെട്ടു പലരും പട്ടണം
വിട്ടുപൊകകൊണ്ടു ... നിവാസികൾ മിക്കവാറും ദരിദ്രരായി ചമഞ്ഞു-

അവരിൽ വിലാത്തിക്കാരുടെ സന്തതികൾ അല്പം കച്ചൊടം ചെയ്കും അട്ടത്തു മല
നാട്ടിൽ ജാതിമുതലായ മരങ്ങളെ വെട്ടിച്ചു വരുത്തി കപ്പലുകളെ നിൎമ്മിച്ചും
കൊണ്ടു ഉപജീവനം കഴിച്ചു വരുന്നു—

കൊച്ചിപട്ടണം സമീപമുള്ള മട്ടാഞ്ചെരിയിൽ ഏകദെശം ൨൦൦ കുടികൾ വെളുത്ത
യഹൂദന്മാർ വസിച്ചു വെദശാസ്ത്രവും ആചരിച്ചും കച്ചൊടം ചെയ്തുകൊണ്ടുമിരിക്കുന്നു—
അവർ ഏതു കാലത്തിൽ ഈ രാജ്യത്തെക്കു വന്നു എന്നു നിശ്ചയിപ്പാൻ പ്രയാസം—
പൂൎവ്വകാലത്ത രൊമരും യവനരും മിസ്രരാജ്യത്തിൽനിന്നു കപ്പൽ കയറി
നിത്യം ഈ രാജ്യത്തിൽ വന്നവാറും കച്ചവടം നടത്തിയവാറും പലഗ്രന്ഥങ്ങളും അ-
റിയിച്ചിട്ടുണ്ടു— അനന്തരം ബ്രാഹ്മണൎക്കുള്ള ശ്രമണർ എന്ന പെരുള്ളവരുടെ മതത്തെ-
ദ്വെഷിച്ചു ഇന്നു കെരളത്തിൽ അധികം ഉണ്ടാകകൊണ്ടും ഇപ്പൊഴത്തെ അനാചാ-
രം അന്നു ഇല്ലായ്കകൊണ്ടും കൊച്ചെക്കും നാട്ടുവാഴികൾക്കും ഇവർ വന്നപൊരുന്ന-
വരെ വിരൊധം കൊടാതെ വണ്ണം പൊറുതി പാൎപ്പിക്കയാൽ മുമ്പെ യഹൂദന്മാർ
വ്യാപാരം ചെയ്തു ലക്ഷദ്വീപിൽ കുടിയിരുന്നു കൊടുങ്ങല്ലൂരിൽ കൂടവന്നു
ചിലകാലം പാൎത്തശെഷം ഭാസ്കര രവിവൎമ്മാവു എന്ന പെരുമാൾ അവ-
ൎക്ക പ്രസാദിച്ചു അവരിൽ ശ്രെഷ്ഠനായ ജൊസ്സഫ് ഇറബ്ബാനക്കും അവന്റെ സ-
ന്തതിക്കും അഞ്ചുവണ്ണം എന്ന ദെശവും നാട്ടുവാഴിസ്ഥാനവും കൊടുത്തു വെ-
ണാട്ടു വെണാവലിനാട്ടു ഏറനാട്ടു വള്ളുവനാട്ടു നെടുമ്പുറയൂർനാട്ടു ഇവററി-
ൽ കൎത്താക്കന്മാരായ തമ്പ്രാക്കന്മാരെക്കും മററും സാക്ഷികളാക്കി മുക്കിറികൊടു-
ത്തുവന്നതു ചെമ്പുപത്രം എഴുതിക്കയും ചെയ്തു ൨൦൦-൩൦൦ കൊല്ലമാകുന്നു— അവൎക്കു
അപ്രകാരം മാനവും സമ്പത്തും വൎദ്ധിക്കകൊണ്ടു കൂടക്കൂട പുതിയ ആളുകൾ വന്നി-
ട്ടു അവരുടെ സംഖ്യക്കും പെരുകി കച്ചവടത്തിൽ വളരെ കാലം അത്യന്തം ലാഭ-
വും അതിനാൽ ഒരൊ സുഖഭൊഗങ്ങളും അനുഭവമായി വന്നു— അനന്ത-
രം നസ്രാണികളുടെ കലഹം അവൎക്കും പററി— കൊച്ചിപട്ടണത്തിന്നടുത്ത
നാട്ടിൽ വസിക്കുന്ന കറുത്ത യഹൂദന്മാരുടെ അവസ്ഥ വിവരിച്ചു പറവാൻ ന-
ല്ല നിശ്ചയമില്ല— അവർ പൂൎവ്വകാലത്തിൽ അടിമകളാക്കി വെളുത്ത യഹൂദന്മാ-
രെ സെവിച്ചും വ്യാപാരലാഭങ്ങളെ കാംക്ഷിച്ചു മററും പല [illegible]
ന്ന അവരുടെ മാൎഗ്ഗം അംഗീകരിച്ചുമിരിക്കുന്നു എന്നു തൊന്നുന്നു—

പറങ്കികൾ മലയാളത്തിൽ വന്ന നാൾ മുതൽ രൊമമതം എങ്ങും പ്രസിദ്ധ-
മാക്കി നടത്തുവാൻ പ്രയാസിച്ചു പല മെസ്ത്രിയാദികളെയും കൂട്ടികൊണ്ടുവന്നു
നയം കൊണ്ടും ഭയം കൊണ്ടും മലയാള നിവാസികളെ രൊമക്രിസ്ത്യാനികളാക്കി-
യതിനാൽ കൊച്ചി-തിരുവിതാങ്കൊട്ടു മുതലായ രാജ്യങ്ങളിൽ ഇ അവരെക്കും
ആ മതക്കാർ പെരുകി വസിക്കുന്നു— കൊച്ചിയിൽനിന്നു അല്പം കിഴക്കൊട്ടുള്ള
വരാപ്പുഴയിൽ പാൎക്കുന്ന അദ്ധ്യക്ഷൻ നാട്ടിൽ ചിതറിയിരിക്കുന്ന രൊമസഭ-
കളെ ഭരിച്ചു പാതിരികളെ വളൎത്തി നിയൊഗിച്ചു രൊമമതാചാരങ്ങളെ

നടന്നിട്ടു കൊണ്ടിരിക്കുന്നു — നസ്രാണികൾ പലരും പൂൎവ്വവിശ്വാസം ഉപെക്ഷി-
ച്ചു ദ്രവ്യലാഭം വിചാരിച്ചും പറങ്കികൾ ഞെരുക്കുന്നതിന്നു ഭയപ്പെട്ടും കൊണ്ടു
റൊമമതക്കാരായി തീൎന്നിരിക്കുന്നു —

നസ്രാണികൾ പണ്ടു കെരളത്തിൽ വന്നപ്രകാരം പറയുന്നു — അപൊ-
സ്തലനായകനായ തൊമാ ഹിന്തുരാജ്യത്തൊളം വന്നു കൊടുങ്ങല്ലൂരിലും എത്തി
സുവിശെഷം അറിയിച്ചു എറിയ ആളുകളെ വിശ്വസിപ്പിച്ചു ബ്രാഹ്മണരുടെ
അസൂയ കൊണ്ടു രക്തസാക്ഷിയായി കഴിഞ്ഞു എന്ന പാരമ്പ വൎത്തമാനത്തിലും ന-
സ്രാണികൾ നമസ്കാരങ്ങളിൽ സ്തുതിച്ചു വരുന്ന കഥകളിലും മറ്റും കെൾക്കുന്നതിൽ
എത്ര സത്യമുണ്ടെന്നു ദൈവത്തിന്നറിയാം — ക്രിസ്തന്റെ സുവിശെഷം പുരാ-
ണകാലത്തിൽ ഹിന്തുരാജ്യത്തൊളം പരന്നുവന്നു എന്നതിന്നു സംശയം ഇല്ല —

ആ കാലം ഹിന്തുനാട്ടുകാർ കപ്പൽ വഴിയായി പൊയി അന്യരാജ്യങ്ങളെ കണ്ടു നൂ-
വിശെഷങ്ങളെ അറിഞ്ഞു മടങ്ങി വരുമാറാക്കിരുന്നു — എഴിമലയിൽ തന്നെ
ബൌദ്ധമതക്കാർ വന്നു കഴിഞ്ഞു കൊലത്തിരിയെ മാൎഗ്ഗത്തിൽ കൂട്ടിയപ്പൊൾ
അവൻ മാടായി നഗരത്തിലും മറ്റും പള്ളികളെ എടുപ്പിച്ചു മതക്കാൎക്കു അങ്ങാ-
ടികളെക്കും തീൎത്തു പരശുരാമന്റെ ദെവസ്വം ഹാലിളക്കിട്ടു സ്ഥാനഭ്രഷ്ടനാക്കി
കുറയതെ താട്ടു പൊക്കി വരട്ടെ ആ പള്ളികളെയും പട്ടന്മാരെയും തീൎത്ത പാ-
ൎക്കും വെക്കു എന്ന കെരളമാഹാത്മ്യത്തിൽ പറഞ്ഞു കെൾക്കുന്നു — ഇവ വന്നവര്
സത്യക്രിസ്ത്യാനികളൊ അല്ല വെദക്കള്ളരൊ എന്നു നിശ്ചയിപ്പാൻ പാടില്ല —
പാൎസിക്കാരനായ മണി സ്വദെശത്തിൽ നടപ്പാക്കിക്കണ്ട ബന്ധജ്ഞാനത്തെ
വിടാതെ ക്രിസ്തവചനത്തൊടു കലൎത്തി സത്യത്തിന്റെ ഛായകളും ചെൎത്താരെ
ത്തക്കരെക്കും മറ്റും ദൂതരെ അയച്ചു എന്നും — ആ — ആകയാൽ മലയാളത്തിൽ പള്ളി-
ച്ചു കൊച്ചിക്കു തെക്കെ മണിഗ്രാമം ഉണ്ടാക്കി പാൎക്ക-

അനന്തരം ക്രിസ്തുവിന്റെ അമ്മ ദൈവമാതാവല്ല മനുഷ്യപുത്രന്റെ മാതാ-
വത്രെ എന്നു സുറിയാനി നെസ്തൊൎയ്യൻ ഉപദെശിക്കുമ്പൊൾ — ആ — സഭക-
ൾക്ക വാദം ഉണ്ടായതിനാൽ സുറിയാനികൾ മിക്കവാറും നിരൂപിച്ചു ക്ലെശവെ-
ക്കാരും അമ്മയെ എറ്റവും സ്വഗമാനിക്കുന്ന അവന സഭയെ വിട്ടു പിരിഞ്ഞു
നെസ്തൊൎയ്യന്റെ ഉപദെശം കൈക്കൊണ്ടു പാൎസി സഭക്കാരും അവരുടെ പക്ഷം
നിന്നു മലകളും കടലും കടന്നു അറിവില്ലാത്ത ജാതികൾക്ക ദൈവബൊധം വരു-
ത്തുവാൻ തുടങ്ങി — ഇപ്രകാരം നെസ്തൊൎയ്യർ കിഴക്കെ ദിക്കുകളിൽ പരന്നു വൎദ്ധി-
ക്കും കാലം അവരിൽ കുറിയ കൊസ്മാ എന്ന സന്യാസി കപ്പൽ വഴിയായി സിംഹള-
ദ്വീപിലും മുളകുണ്ടാകുന്ന ഇന്ത്യമലനാട്ടിലും വന്നു അനെകപള്ളികളെയും മൂപ്പ-

രെക്കും കണ്ടു പുറപ്പെട്ടു ചൊഴനാട്ടിൽ കല്യാണപുരത്തിൽ എത്തുമ്പൊൾ പാസ്കിൽനിന്ന്
അകല്ച ഒരു മെത്രാൻ അവിടെ ഉണ്ടു എന്നറിഞ്ഞ പ്രകാരം സ്വദെശക്കാൎക്ക എഴുതി
ബൊധിപ്പിക്കയും ചെയ്തു — ഈ കല്ദവടക്കാർ സുറിയാനാട്ടിൽ നിന്നുണ്ടാക കൊണ്ടു
സുറിയാനികൾ എന്ന പെർ നടപ്പാകി വന്നു — നസ്രത്തിൽ നിന്ന പുറപ്പെ
ട്ടു പൊന്ന യെശുവിനെ സെവിക്കയാൽ നസ്രാണികൾ എന്ന പെർ പറവാൻ കാര
ണം — ഇവനെ മെനൊക്കർ അല്ലാതെ അവൻ ശത്രുക്കളായവർ ആകുന്നവരും മലയാളത്തി
ൽ വന്നു — അവൎക്കിന്നു മനുഷത്വവും ദൈവത്വവും ഉണ്ടെന്നല്ല ദൈവ
ം മനുഷ്യനായ വന്നതിൽ പിന്നെ മുതൽ അവൻ ശരീരവും ആത്മാവും സകല
വും ദൈവമയം എന്ന വെച്ചു ഏകസ്വരൂപക്കാർ എന്ന പെർ എടുത്തു വല്ലി
ച്ചശെഷം യാക്കൊബ എന്ന സന്യാസി ൫൩൦ ക്രി. അ. അവരുടെ പക്ഷികളെ
നൊക്കി വിളിച്ചു അന്ത്യൊഖ്യയിൽ ഒരു പത്രിയൎക്കാവിനെ സ്ഥാപിച്ചതിനാൽ
ആ മതഭെദത്തിന്നു യാക്കൊബ്യർ എന്ന നാമം വരികയും ചെയ്തു — അവരും മല
യാളത്തിൽ വന്നു പാത്രിയൎക്ക അന്ത്യൊഖ്യയിൽ നിന്നും മിസ്രയിൽ നിന്നും ഉപദെഷ്ടാ
ക്കന്മാർ കൂടക്കൂട വന്നു അവരുടെ സഭകളെ നടത്തും

ഇപ്രകാരം നസ്രാണികളും മറ്റും ഏകദെശം ൧൦൦ — ൩൦൦ ക്രി. അ. കൂടക്കൂട മ
ലയാളത്തിൽ വന്നു എന്നു തൊന്നുന്നു — അവർ വടക്ക പാസ് മുതൽ തെക്കു കൊഴ
ല്ലത്തൊളം കച്ചവടം നടത്തി കാലക്രമത്തിൽ സമ്പത്തു എറ വൎദ്ധിച്ചു വിശ്വാസികളു
ടെ എണ്ണം വൎദ്ധിക്കയും ചെയ്ത — സുറിയാനി വാക്ക ശ്രെഷ്ഠം എന്നു വെച്ചു നസ്രാണികൾ
മലയാളത്തിൽ സത്യം പറവാൻ ഇടവന്നില്ല — കത്തനാർ ആകുന്ന കൂട്ടക്കാൎക്ക
വെഷവും ശെഷിച്ചവർ ആയുധധാരികളായി മുതലായ വിദ്യകളും വശമാക്കാൻ മതി
എന്നു ഉണ്ടായി — നായകന്മാൎക്കു ഒരു തമ്പിരാനും കൂടവല്ലിച്ചതിനാൽ തെക്ക
ർ വടക്കർ എന്നുള്ള ജാതിഭെദവും സംഭവിച്ചു ലക്ഷണം ശകുനം ഉടെ തമ്പിരാ
രം മുതലായ വിദ്യകളെയും അഭ്യസിച്ചു ശ്രാദ്ധം ഇനുട്ടുക നെറ്റിയിൽ വിരൽകൊണ്ടു കുത
ലപ്പുഴ നിന്നിക്കടക്ക മുഴുപ്പട്ടക്കാർ ഒന്ന ദിവസം പട കൂട്ടിക്ക അക്കം കൈയ്യമൎത്ത
ഇങ്ങിനെ കൂടെ ആചാരങ്ങളെയും ആശ്രയിച്ചു നാട്ടുകാരെ ഭരിച്ചിരുന്നു പൊകുന്നു —

ഏകദെശം ൧൦൦൦ ക്രി. അ. മുതൽ പെരുമാക്കന്മാരുടെ വാഴ്ചകൾ ഒടുങ്ങി
രാജ്യങ്ങൾ പകുക്കയും വരുമ്പൊൾ കലഹം പെരുകുകയും ചെയ്തു — ആകയാൽ ഒരു
നാട്ടു വാഴികൾ കൊണ്ടു എന്നവൎക്കു പല പ്രകാരം തങ്ങളിൽ ഇടഞ്ഞു തടഞ്ഞു —
വടക്കെ കൊലത്തിരിക്കും ഏറനാട്ടു തമ്പൂതിരിക്കും തെക്ക പെരുമ്പടപ്പുടെ അവ
വടക്ക കൊലത്തിരിക്കും ഏറ നാട്ടു തമ്പൂതിരിക്കും തെക്ക പെരുമ്പടപ്പുടെ അവ
കാശിയായ പെരിമ്പടപ്പും തിരുവിതാംകൊട്ടു വെണാട്ടും ഇങ്ങിനെ സ്വരൂപങ്ങ
ൾ ഉയൎന്നു വൎദ്ധിച്ചു — ആകയാൽ കൊണ്ടു അഞ്ചുവണ്ണം മണിഗ്രാമം എന്ന രണ്ടു വാ
ണിഭക്കാരും നസ്രാണികളും പെരിമ്പടപ്പു
ഭാക്കും ഒടുങ്ങി ഒരൊ നാട്ടിലുള്ള യജമാനന്മാരും നസ്രാണികളും പെരിമ്പടപ്പു
ഉദയംപെരൂർ വെണാട്ടു പറക്കാട്ടു മുതലായ തമ്പ്രാക്കന്മാരെ ആശ്രയിച്ചു പൊ
കെട്ടി വന്നു — അറബിക്കാർ വന്നുകൂടിയിരുന്നതിനാലും രണ്ടു വകക്കാരുടെ

കച്ചവടത്തിന്ന ഏറെ ദൊഷവും താഴ്ചവന്നു താമൂതിരി പൊലനാടടക്കിയപ്പൊൾ കൊ
ഴിക്കൊട്ടെ കച്ചവടലാഭങ്ങൾ കൊടുങ്ങല്ലൂരിൽ തുല്യമാക്കുവാൻ ഇച്ഛിക്കെണ്ടു ചൊന്നു
വെച്ചു അനെകം ചൊനകരെ വരുത്തി പല സംസ്ഥാനങ്ങളെക്കും കൊടുത്തു
പാൎപ്പിച്ചു കൊഴിക്കൊട്ടു പട്ടണം ഉണ്ടാക്കിച്ചു എകദെശം ൬൦൦ ക്രി — അവ്യാ
പാരം ചെയ്തു ദ്രവ്യം വൎദ്ധിച്ചായപ്പൊൾ കപ്പൽവഴിയായി പൊൎത്തുഗീസരും
ചെന്നു വലിയ വനാടും പിടിച്ചു പൊന്നാനി നഗരത്തിൽ മാപ്പിള്ളമാരിൽ
എല്പിച്ചു പെരിമ്പടപ്പിനൊടും യുദ്ധിച്ചതിന്റെ ശെഷം രണ്ടു സ്വരൂപത്തി
ലും തുടങ്ങാത്ത വൈരം ഉണ്ടായി വന്നു — പിന്നെ ഒരു മഴക്കാലത്തിൽ കൊടു
ങ്ങല്ലൂർ അഴിമുഖം തൂൎന്നുവന്നു കപ്പൽ പ്രവെശത്തിന്നു പാടില്ലാതെ വരികകൊ
ണ്ടു അഴിമുഖം തുടങ്ങി അന്യരാജ്യങ്ങളൊടും നടക്കുന്ന കച്ചവടത്തിന്നൊക്കെയും കൊച്ചി
ക്കൊട്ടു നഗരം പ്രധാനമായി വന്നു — നഗരത്തിൽ കുടിയിരിപ്പാൻ താമൂതിരി
നസ്രാണികളൊടു സമ്മതിച്ചതുമില്ല — അന്നു നസ്രാണികളുടെ കപ്പലൊട്ടം ഇ
ല്ലാതെ കച്ചവടവും കുറച്ചുകൊണ്ടു അവർ മിക്കവാറും കൃഷിമുതലായതൊ
ഴിലുകൾ എടുത്തു തുടങ്ങി — പറങ്കികൾ മുതലായ വിലാത്തിക്കാർ വന്നനാൾ മുത
ൽ അവരിൽ മറ്റും പല ശിക്ഷകളും സംഭവിച്ചു — രൊമാപാപ്പാവെ കെൾക്കുന്നി
ക്കാരെ നിഷെധിച്ചു (സുറിയാനി) നസ്രാണികൾ ഒട്ടൊഴികെ രൊമാസഭക്കാ
ടങ്ങി മാറിക്ക — പിന്നെ പ്രന്നു അവരിൽ ഇതിൽ ഏതാനും മഹാല്ലന്മാരുടെ സഹാ
യത്താൽ രൊമാനകത്തെ തള്ളിയപ്പൊൾ പുത്തൻകൂറ്റ് എന്ന പെർ ഉണ്ടായി —
രൊമയെ അനുസരിച്ചു പൊരുന്നവൎക്കു പഴയകൂറ്റ് എന്ന പെർ ഉണ്ടു —

പണ്ടു ശ്രുതിപ്പെട്ട നഗരങ്ങളിലും പള്ളികളിലും വിശിഷ്ടമായതു കൊടുങ്ങ
ല്ലൂർ തന്നെ — കെരളത്തിലെ ആദ്യസഭകളിൽ പ്രധാനമായതു തിരുവ
ഞ്ചിക്കുളത്ത അഴിമുഖം എന്നതെത്രെ — കൊടുങ്ങല്ലൂരിൽ നിന്നു കിഴക്കൊട്ടു സഹ്യമല
യുടെ സമീപം അങ്കമാലി കൊട്ട നസ്രാണികളുടെ ശുഭകാലത്തിൽ പലപള്ളികളെ
ക്കൊണ്ടും അലങ്കരിച്ചു ശൊഭിച്ച പട്ടണമായിരുന്നു — ഉദയമ്പെരൂർ — കറിങ്ങാ
ച്ചെരി — ചെങ്ങനാശ്ശെരി — പാലൂർ — ചെന്നമംഗലം — കുന്നങ്കു
(ള)ങ്ങര — തെരകം — മയലക്കൂർ — ആലപ്പുഴ — ഉണ്ടു —
ക്കര മുതലായവകളും ഉണ്ടു —

കൊച്ചി രാജാവിന്റെ രാജധാനി കൊച്ചിപട്ടണമല്ലത്തിന്നു
കൊച്ചി രാജാവിന്റെ രാജധാനി കൊച്ചിപട്ടണമല്ലാത്തിന്നു
ല്ലും കിഴക്കൊട്ടുള്ള തൃപ്പൂണിത്തുറയിൽ തന്നെ ആകുന്നു — ബ്രാഹ്മണർ പ്രത്യെകം
കൂടി വസിക്കുന്നസ്ഥലം തൃശ്ശിവപെരൂർ തന്നെ അവർ അവിടെ ബ്രഹ്മവിദ്യ
അഭ്യസിച്ചു വസിക്കുന്നസ്ഥലം തൃശ്ശിവപെരൂർ തന്നെ അവർ അവിടെ സന്യാസികളിൽ
മഹാശാസ്ത്രന്മാരെ സെവിക്കുന്നപ്രകാരവും ഭക്തപദ്ധതി മഠ സന്യാസികളിൽ
വിഹരിച്ചു ദിവസം കഴിക്കുന്നപ്രകാരവും കെട്ടിരുന്നു —

തിരുവിതാംകൊട്ടു രാജ്യത്തിന്റെ അതിരുകൾ — കിഴക്കു സഹ്യമലതെ
ക്കും പടിഞ്ഞാറും സിന്ധുസമുദ്രം — വടക്കു കൊച്ചിരാജ്യം തന്നെ ആകുന്നു കൊ
ച്ചിരാജ്യത്തിന്റെ തെക്കെ അതിർമുതൽ കന്യാകുമാരി പൎയ്യന്തം അതിന്റെ
നീളം എകദെശം ൧൪൪ കൊശം പടിഞ്ഞാറെ സമുദ്രം മുതൽ സഹ്യമലയൊളം എകദെ

ശം. ൯ ലക്ഷം യോജന — ദേശത്തിന്റെ സ്വഭാവം മുമ്പെ വിവരിച്ച മലയാളഭൂമിക്കു
വളരെ ഭേദിച്ചു കാണുന്നില്ല — കിഴക്കെ അംശം മുഴുവനും മലനാടു — അതു വടക്കു
മുതൽ തെക്കോട്ടു നീളുന്ന മലകളും പല ശിഖരങ്ങളോടും ചുരങ്ങളോടും ഗിരിവാതിലു
കളോടും കൂടെ വ്യാപിച്ചിരുന്നു — പുലി — കരടി — മുതലായ കാട്ടുമൃഗങ്ങൾക്കു വാസസ്ഥല
മാകും കപ്പൽ പണിക്കു മുതലായതിന്നു വേണ്ടുന്ന ജാതി — കരിമരം — ഇരുവിൽ —
ആഞ്ഞിലി മുതലായ മരങ്ങൾ നിറഞ്ഞ കാടാകും അരക്കു മുതലായതുകളും വാരിക്കു
ന്ന ഉതകിയിടമായും ഇരിക്കുന്നു — അതിന്നു പടിഞ്ഞാറെ ഭൂമി ഒക്കെ ദേശം സമുദ്രതീരത്തോ
ളം ചെറുകുന്നുകൾ നിറഞ്ഞു പല വൃക്ഷങ്ങളാലും നല്ല വയലുകളാലും കൊണ്ടു
ശോഭിക്കുന്നു — കടപ്പുറങ്ങളിൽ ഒരൊ നഗരങ്ങളിലും കച്ചവടം നടക്കുന്നു — വിശേഷ
നദികൾ നാട്ടിൽ കാണുന്നില്ല — സഹ്യാദ്രിയിൽനിന്നു ഒഴുകി പടിഞ്ഞാറെ സമുദ്രത്തിൽ
ചേരുന്ന ചെറിയ പുഴകൾ വളരെ ഉണ്ടു താനും — കൊച്ചി രാജ്യം മുതൽ തിരുവന
ന്തപുരത്തോളം പല കായലുകളും തോടുകളും പരന്നു ഒന്നോടൊന്നു ചേർന്നു വൃത്തിക
ളും വാണിഭക്കാർക്കും ഉപകാരമായിരിക്കുന്നു — ഇവിടെ ഉള്ള ഒരു ദേശകൃതി നിമിത്തം തി
രുവിതാംകോട്ടു രാജ്യം മികവും ധാന്യങ്ങൾക്കു ഉചിതഭൂമി ആകുന്നു — ഏലം — ചന്ദനം —
ജാതിക്കാ — മുളകു മുതലായ സുഗന്ധദ്രവ്യങ്ങൾക്കും കുറവില്ല —

കൊച്ചി തിരുവിതാംകോട്ടു രാജ്യങ്ങളിലെ നിവാസികളുടെ സംഖ്യ ഏക
ദേശം ൧൨ ലക്ഷം അതിൽ ഏകദേശം ൯ ലക്ഷം റോമക്രിസ്ത്യാനികളും ൧ ലക്ഷ
ത്തിൽ പരം ൨൦൦൦൦ നസ്രാണികളും ൩൦൦൦ — ൪൦൦൦ യഹൂദന്മാരും ഉണ്ടായിരിക്കും — പ
ണ്ടു ഭാരതവംശത്തിലെ മുസല്മാൻ വാഴ്ച രാജ്യത്തെളും എത്താക്കകൊണ്ടും
ടിപ്പുസുൽത്താൻ അതിക്രമിപ്പാൻ ചെന്നപ്പോൾ രാജാവു ഇങ്ക്ലിഷ്കാരെ തുണയാക്കി
വിക്കിച്ചു അവനെ ജയിച്ചു പുറത്താക്കുകകൊണ്ടും മാപ്പിള്ളമാരെ രാജ്യത്തിൽ
ഏറ കാണുന്നില്ല — ബ്രാഹ്മണാചാരങ്ങളും അനാചാരങ്ങളും തടവു കൂടാതെ
രാജ്യത്തിൽ എങ്ങും നടക്കുന്നു — ൧൮൦൯ — ആം — രാജാവിന്റെ ദിവാൻ ഇങ്ക്ലി
ഷ്കാരെ പുറത്താക്കേണ്ടതിന്നു ശ്രമിച്ചു ഒരു മത്സരമുണ്ടാക്കിയാറെ ഇങ്ക്ലിഷ്കാ
യപ്പോൾ ഇങ്ക്ലിഷ്കാർ രാജ്യം മുഴുവനും പിടിച്ചടക്കി ൫ സംവത്സരത്തോളം പരി
പാലിച്ച ശേഷം രാജാവിന്നു പിന്നെയും ഏല്പിച്ചു കാര്യാദികളെ നടത്തു
ന്ന മന്ത്രിയെ രാജധാനിയിൽ പാർപ്പിക്കയും ചെയ്തു — ഇപ്പോൾ വാഴുന്ന രാജാ
വിന്റെ പേർ മാർത്താണ്ഡവർമ്മൻ അവന്റെ രാജധാനി തിരുവനന്തപുരം തന്നെ
(ശ്രീ അനന്തശയനം) —

രാജ്യകാര്യങ്ങളെ നടത്തുന്ന പ്രകാരം പറയുന്നു — സർവ്വാധികാര്യക്കാർ
രാജസന്നിധിയിൽ പാർത്തു വ്യവഹാരങ്ങളെ വിചാരിച്ചു തീർക്കുന്നതല്ലാതെ
തിരുവനന്തപുരത്തു തന്നെ ഒരു അപ്പീൽ കോടതിയുമുണ്ടു — രാജ്യരക്ഷെക്കാ
യി രാജാവിന്നുള്ള ചില പട്ടാളങ്ങളല്ലാതെ ഇങ്ക്ലിഷ്കാർ കൊല്ലത്തും മറ്റും
ഒരു ശിപ്പായിപ്പട്ടാളം പാർപ്പിച്ചു വരുന്നു — നേരുന്യായവും നടത്തേണ്ടതിന്നു
രാജ്യത്തിൽ ൧൫ ജില്ലകൾക്കും അതിന്നു താഴെ പല മണ്ഡപത്തിൽ വാതിൽക്കു
ൽ അധികാരികളായ മജിസ്ത്രേട്ടുമാരെയും സ്ഥാപിച്ചിരിക്കുന്നു — പത്മനാഭപുരം
എന്ന ജില്ലയിൽ തൊവാള — അഗസ്തീശ്വരം — ഇരണിയിൽ — കല്ക്കുളം — വിളവ

കോട്ടു എന്ന മണ്ഡപത്തിൻ വാതിലുകൾ അല്ലാതെ നാഞ്ചിനാട്ടിലും ഒഴുക്കൂർ - നാഗര
കോവിൽ - തിരുവിതാംകോട്ടു എന്ന മുമ്പെത്തെ രാജധാനി - കോട്ടാരം - കന്യാകുമാരി -
ശുചീന്ദ്രം മുതലായ ക്ഷേത്രങ്ങളും ഊട്ടുകളും ശോഭിച്ചു കിടക്കുന്നു -

പത്മനാഭപുരത്തിന്റെ വടക്കുള്ള ജില്ല തിരുവനന്തപുരം തന്നെ ആ പട്ടണം
ഇപ്പോഴത്തെ രാജധാനിയാകകൊണ്ടും രാജാവുകളുടെ പവിത്രകളുടെ ബഹുമാ
ളികകൊണ്ടും നക്ഷബംഗ്ലാവു ധർമ്മപള്ളിക്കൂടം അച്ചുകൂട്ടു മുതലായ വിശേഷ
ങ്ങളെകൊണ്ടു അലങ്കരിച്ചിരിക്കുന്നു - ക്ഷേത്രങ്ങൾക്കും ബ്രാഹ്മണർക്കും കുറവില്ല.
നെയ്യാറ്റിങ്കര - നെടുമങ്ങാട്ടു - ചിറയിങ്കീഴ മുതലായ മണ്ഡപത്തിൻ വാതിലുകൾ
ആ ജില്ലയോടു ചേർന്നിരിക്കുന്നു - ചുറ്റുമുള്ള നാട്ടിൽ ഉള്ളൂർ - കഴക്കൂട്ടം - ചാന്ന
ക്കേരി - മുതലപ്പുഴ മുതലായ ക്ഷേത്രങ്ങളും ഊട്ടുകളും പലരോമക്കാർക്കും - നസ്രാ
ണികൾക്കും ക്രിസ്തുവിശ്വാസികൾക്കും വാസസ്ഥലങ്ങളായിരിക്കുന്നു - തിരുവനന്തപു
രത്തിന്ന ഏകദേശം ൫ കാതം വഴി വടക്കു ഒരു ചെറിയ അഴി ദ്വീപിന്മെലുള്ള
അഞ്ചുതെങ്ങു കോട്ടയിൽ ഒരു അഴിമുഖം ഉണ്ടാകകൊണ്ടു (ഹൊസെ) ഇങ്ക്ലീഷ്കാർ
പാണ്ടിശാലകളെ ഉണ്ടാക്കി വസിച്ചു കച്ചവടം ചെയ്തുവന്നു -

മൂന്നാം ജില്ല കൊല്ലപ്പുരം തന്നെ അതിന്റെ കീഴുള്ള മണ്ഡപത്തിൻ വാതിലുകൾ -
കൊല്ലം - കൊട്ടാരക്കര - കുന്നത്തൂർ - പത്തനാപുരം - കരുനാഗപ്പള്ളി - കാർത്തി
കപ്പള്ളി - മാവേലിക്കര - ചെങ്ങന്നൂർ എന്നിവ ആകുന്നു - കൊല്ലം പണ്ടു സുറിയാ
നികൾക്ക വലിയ കച്ചവടസ്ഥലമായിരുന്നു - കരക്കേണി കൊല്ലം എന്നു തപണ്ടെത്ത
പേർ - ഇപ്പോൾ രോമസഭക്കുള്ള നടത്തുന്ന ഒരു അദ്ധ്യക്ഷൻ അതിൽ വസിക്കുന്നു - പ
രോമക്കാർ നസ്രാണികൾ എന്നിരുവകക്കാരും വളരെ അവിടെ കുടിയിരിക്കുന്നു - പ
ണ്ടു നടന്ന കച്ചവടത്തിന്റെ ഒരു ലേശമാത്രമെ ഇപ്പോൾ ശേഷിച്ചുള്ളു -

ഇപ്പോൾ വ്യാപാരത്തിന്നു മികെച്ചിട്ടുള്ളത ആലപ്പുഴ നാലാം ജില്ലയാ
കുന്നു - അതിന്റെ മണ്ഡപത്തിൻ വാതിലുകൾ അമ്പലപ്പുഴ - ചേർത്തല - വൈ
ക്കം - ഏറ്റുമാനൂർ - മീനച്ചൽ - കോട്ടയം - ചങ്ങനാശേരി - തിരുവല്ലാ - എന്നി
ഊരുകൾ തന്നെ - അവറ്റിൽ നസ്രാണികളുടെ മുഖ്യസ്ഥലം കോട്ടയം തന്നെ - അ
വരെ ഇങ്ക്ലീഷ സഭയോടു ചേർപ്പാൻ പാതിരിമാർ ഏറെകാലം അധ്വാനിച്ചു വി
ദ്യാലയം അച്ചുകൂട് മുതലായ വകകളെ ആരംഭിച്ചു വളരെ ഉപകാരം ചെയ്തു പോന്നു -
വടക്കെ അംശം ശേഷിപ്പ പറവൂർ തന്നെ - ഈ അഞ്ചു ജില്ലകളിലെ ഊരുകളുടെ പേ
രുകൾ നിവാസികളുടെ സംഖ്യ പ്രവൃത്തി ആചാരം മുതലായ അവസ്ഥകളും വി
വരിപ്പാൻ പാടില്ല -

മിശ്രപാണ്ടിദേശം

പൊന്നാനിപ്പുഴ ഒഴുകുന്ന താണദേശത്തിന്റെ തെക്കെ അതിർ മുതൽ
കന്യാകുമാരി പര്യന്തം പരന്നു നില്ക്കുന്ന സഹ്യാദ്രിക്കു തെക്കു കിഴക്കെ അംശം ശമിക്ക
വാറും സഞ്ചാരഭൂമികളല്ല - കൊല്ലത്തിന്നു കുറ്റാലം തിരുനെല്വേലി മുതലാ
യ കിഴക്കെ ദേശങ്ങളിൽ പോകെണ്ടതിന്നുള്ള കണ്ടിവാതിലെ കൊണ്ടു മല

ശാസ്ത്രികൾ തമിഴർ എന്നിരണ്ടു ജാതിക്കാൎക്ക അധികസംബന്ധത്തിന്നു സംഗതിവന്നി
ല്ല — പൂൎവ്വകാലത്തിൽ ഈമലപ്രദെശവും കിഴക്കെ വൈപ്പാറു വൈകയാറു മുത
ലായ നദികൾ ഒഴുകുന്ന താണ ദെശവും രാമനാഥപുരവും രാമെശ്വരദ്വീപും
പാണ്ടി എന്ന ചൊല്ലുകൊണ്ട രാജ്യത്തിൽ അടങ്ങിയിരുന്നു — പാണ്ഡ്യരാജാക്ക
ന്മാരും പലരും അതിൽ വാണ പട്ടണങ്ങളെയും ഏറ നാടുകളെയും ഉണ്ടാക്കിച്ചു കൃ
ഷിക്കും മറ്റും വെണ്ടുന്ന വെള്ളത്തിന്നു പല ചെറുകുളങ്ങളെയും കുഴിപ്പിച്ചു ബ്രഹ്മാ
വിഷ്ണുമഹെശ്വരന്മാരുടെ സെവെക്കായി അനെക ക്ഷെത്രങ്ങളെയും പണിയിച്ചു
പ്രജകൾക്ക ഉപകാരികളായ ശെഷം തെലുങ്ക അധിനായകന്മാരും പ്രഭുക്കൾ കൂടക്കൂടെ മ
ത്സരിച്ചു ഈ രാജ്യത്തെ ക്ഷയിപ്പിച്ചു സ്വാതന്ത്ര്യവാഴ്ച കളഞ്ഞ ഒടുക്കം വാണ
ഇപ്പൊൾ ഇങ്ക്ലിഷ്കാരുടെ അധികാരത്തിൽ കീഴിലായി പതികയും ചെയ്തു —

ഈ പാണ്ടിരാജ്യത്തിൽ ദിണ്ടിക്കൽ ദെശം തന്നെ വടക്കെ ഖണ്ഡം — സഹ്യമ
ലയുടെ കിഴക്കെ ശാഖെക്ക ൭൦൦൦ കാലടി ഉയരത്തോളം പൊങ്ങി നില്ക്കുന്ന കൊണ്ടു ദി
ണ്ടിക്കൽ എന്ന പ്രധാനനഗരസമീപത്തോളം വ്യാപിച്ചിരിക്കുന്നു — രാജ്യ
ത്തിന്റെ നടുവംശം സഹ്യമലയിൽനിന്ന ഇറങ്ങി കിഴക്കൊട്ട ഒഴുകുന്ന
വൈകയാറു വൈപ്പാറു നദീപ്രദെശം തന്നെ — അവിടെ പ്രധാനപട്ടണത്തിന്ന
മധുര എന്ന പെർ — അതിന്റെ പടിഞ്ഞാറെ അതിരിലുള്ള മലകൾക്ക ൪൦൦൦ കാലടി
ഉയരം ഉണ്ടു — പാണ്ടിരാജാക്കന്മാരുടെ ശുഭകാലത്തിൽ മധുര എന്ന രാജധാനി
യിൽ ൪൦൦൦൦ നിവാസികൾ ഉണ്ടായിരുന്നു ഇപ്പൊൾ ഏകദെശം ൩൦൦൦൦ പെരും — ചൊ
ക്കനാഥന്റെ പ്രസിദ്ധക്ഷെത്രഗൊപുരവും നായ്ക്കരരമനകളും കിഴക്കെ തെപ്പക്കുളവും ശില്പപണിക
ൾ എല്ലാം കഴിച്ചും ഇടിഞ്ഞും കിടക്കുന്നു — കൃഷിപണിയിൽ നാട്ടുകാർ വെണ്ടുന്ന ഉത്സാഹം
ചെയ്യായ്കകൊണ്ട വിളവു കുറഞ്ഞു ദാരിദ്ര്യം എങ്ങും പരന്നിരിക്കുന്നു — വളരെ
ചിറപ്രദെശങ്ങൾ ഉണ്ടാക നിമിത്തം നാട്ടിൽ ഒരൊരൊ സമയം പനി മുതലായ വ്യാധി
കൾ പിടിച്ചു നിവാസികളുടെ സംഖ്യ കുറഞ്ഞു പൊയിരിക്കുന്നു — തെക്കുള്ള അംശ
ത്തിൽ വൈകയാറ്റു പുഴവക്കത്തുള്ള കിഴപ്രദെശത്തിൽ തന്നെ രാമനാഥപുരം കൊ
ട്ടയൊടുംകൂട കിടക്കുന്നു — പണ്ട അതിൽ വസിച്ച തമ്പുരാക്കന്മാർ കാട്ടുകളിലും കടപ്പുറ
ങ്ങളിലും പാൎത്തു വഴിപൊക്കരൊടും മറ്റും നിത്യം പിടിച്ചുപറിച്ചു തലായ പരാക്ര
മങ്ങളെ നടത്തുടന്ന പെരിക്കള്ളന്മാരെ നിഗ്രഹിച്ചു രാമെശ്വരത്തു പൊകുന്നവൎക്ക
വഴിയിൽ ഒരാപത്തും വരാതിരിപ്പാൻ വെണ്ടി സഹായിച്ചതിനാൽ അവൎക്ക മ
ധുരാധിപന്റെ കടാക്ഷവും രാമെശ്വരദ്വീപും മറ്റും ലഭിച്ചു വാഴുവാൻ സംഗതി
വന്നു — ഇപ്പൊൾ അവിടെ കുളരാണിയുടെ മാഹാത്മ്യം ക്ഷയിച്ചു രാമെശ്വരക്ഷെ
ത്രത്തിൽനിന്ന കൊല്ലംതൊറും ഏകദെശം ൫൦൦൦ ഉറുപ്പിക തന്നെ ആദായവരവാകി
രിക്കുന്നു — രാമെശ്വരക്ഷെത്രം രാമനാഥപുരത്തിന്ന തെക്കെ കടല്ക്കരസമീപത്തുള്ള
പാമ്പൻദ്വീപിൽ ആകുന്നു — സകലദിക്കുകളിൽനിന്നും തീൎത്ഥയാത്രക്കാർ എപ്പൊ
ഴും അവിടെ പൊകകൊണ്ടു ആ ഗ്രാമക്കാരായ ബ്രാഹ്മണൎക്ക പലസുഖഭൊഗങ്ങ
ളൊടുംകൂട ദിവസം കഴിപ്പാൻ സംഗതിവരുന്നു ക്ഷെത്രം ഒഴികെ ആ ദ്വീപിൽ
പാമ്പൻ അഴിമുഖം പ്രധാനം —

പാണ്ടിരാജ്യത്തിന്റെ തെക്കെ അംശം വൈപ്പാറുനദിമുതൽ ദക്ഷിണഖ
ണ്ഡത്തിന്റെ തെക്കെ അററത്തോളവും സഹ്യമല തുടങ്ങി കിഴക്കസമുദ്രപൎയ്യ
ന്തവും വ്യാപിച്ചുകിടക്കുന്ന തിരുനെല്വെലിദെശം തന്നെ — അതതിക്കവാറും ആ
ററഭൂമിയാകകൊണ്ടു പലകൃഷികൾക്കും ഉചിതദെശമാകുന്നു ജനപുഷ്ടിയും നന്നാ
ണ്ടു — ൧൮൭൧ — ആം — നിവാസികളുടെ സംഖ്യ ൧൭ ലക്ഷം ആയിരുന്നു ഇന്ന പത്തി
ലധികമായി — നാട്ടിൽ ജനം നിറഞ്ഞിരിക്കുന്നു എങ്കിലും ഒരൊരൊ പണികൾക്കു ഉത്സാ
ഹികളാകകൊണ്ടു ദാരിദ്ര്യം അല്പമെയുള്ളൂ — താമ്രപൎണ്ണി പുഴയുടെ തെക്കും
വടക്കും ഉള്ളകരമെൽ ഇരിക്കുന്ന തിരുനെല്വെലി പാളയംകൊട്ട എന്ന രണ്ടു
പട്ടണങ്ങൾ പ്രധാനം — തൂത്തുക്കുടി മണപ്പാട്ടു മുതലായ തുറമുഖങ്ങളും
ശ്രീവൈകുണ്ഠം — കിഴക്കെ കടപ്പുറത്തു തന്നെ ആകുന്നു — ഈ നൂററാണ്ടു
ത്തിൽ ൧൮ — ൧൯ വൎഷത്തിന്നകം ചാന്നാർ മുതലായ അനെകർ ക്രിസ്തുമാൎഗ്ഗം അം
ഗീകരിച്ചിരിക്കുന്നു —

൨൩. ലങ്കാദ്വീപ്

ലങ്കാദ്വീപു ഭാരതഖണ്ഡത്തിന്റെ തെക്കെ ഉടല്ക്കരയായിരിക്കുന്നു — രാ
മെശ്വരം മുതലായ തുരുത്തികൾ ആ ദ്വീപിനെ ദക്ഷിണഖണ്ഡത്തൊടു ഒരു പാലം
പൊലെ ചെൎത്തിരിക്കുന്നു — അതിന്നു സെതുബന്ധം എന്ന പെർ — ഏകദെശം
൧൫ കാതം ദീൎഘമുള്ള മണ്ണാറു ഇന്നു പറയുന്ന ചെറു തുരുത്തികളുടെയും ലങ്കാദ്വീപി
ന്റെയും നടുവിലെ രണ്ടു ഭൂമികളെ വെർതിരിച്ചുള്ള ഇടക്കടലാകുന്നു — കന്യാ
കുമാരികിൽ നിന്നു ലങ്കാദ്വീപൊളം ൩൨ കാതം ദൂരം ഉണ്ടു — ഇതിനെ ബങ്കാളസമുദ്രത്തി
ന്റെ സമുദ്രത്തിന്റെ തെക്കെ പ്രവെശനത്തിൽ ഒരു കൊ
ഴിമുട്ടയുടെ ആകൃതിയുള്ള ഏകദെശം ൭൫ കാതം നീളവും ൫൫ കാതം വീതിയും
൨൦൦ കാതം ചുററളവും ൨൪൩൦൦ ചതുരശ്രകൊശ ജനവിസ്താരവുമായി ൨൫ ലക്ഷം
നിവാസികളൊടും കൂടെ സിന്ധുസമുദ്രത്തിൽ നിന്നു പൊങ്ങിനില്ക്കുന്നു —

ദ്വീപിന്റെ കടപ്പുറങ്ങൾ പലവിധമാകുന്നു — തെക്കും കിഴക്കും തെക്കു
പടിഞ്ഞാറും മലകളും പാറകളും കടല്ക്കരയൊളം നീണ്ടുനില്ക്കകൊണ്ടു തെ
ക്കെ അംശത്തിൽ വിശെഷമായ തുറമുഖങ്ങൾ ചുരുക്കമെയുള്ളൂ — വടക്കെ അംശത്തി
ലുള്ള കടപ്പുറങ്ങളുടെ അവസ്ഥ വെറെ — ദെശം മിക്കതും താണഭൂമിയാക
കൊണ്ടു പലദിക്കിലും കടലെക്കു ഉൾനാട്ടകം പുക്കു വലിയ കപ്പലുകൾക്കു പ്രവെ
ശത്തിന്നു ഉചിത തുറമുഖങ്ങൾ ആയിരിക്കുന്നു — മഹാവല്ലിഗംഗാ മുതലായ നദി
കൾ സമുദ്രത്തിൽ ചെരുന്ന അഴിമുഖങ്ങളിലും കപ്പലുകൾ അണഞ്ഞുനില്ക്ക
ന്നതിന്നുചിതസ്ഥലങ്ങൾ ഉണ്ടു — അവറ്റിൽ തൃക്കൊണമല തുറമുഖം വിശെഷ
മായതു — ദ്വീപിന്റെ വടക്കെ കരസമീപത്തുള്ള ചെറുതുരുത്തികളിൽ കല്പന്തി-
മന്നാറു — യാഴ്പ്പാണം എന്നിവ പ്രധാനം —

ദ്വീപിന്റെ തെക്കെ അംശത്തിൽ ഏകദെശം ൩൫ കാതം നീളവും
൨൫ കാതം വീതിയുമുള്ള മലനാട്ടു പലശിഖരങ്ങളൊടും ശാഖകളൊടും കൂടെ നാലു

ദിക്കിലും വ്യാപിച്ചിരിക്കുന്നു – അതിന്റെ ചുററിലും ൪ – ൫ കാതം വീതിക്കു ഉളളതായ പ്ര
ദെശം പല ശിഖരാഗ്രങ്ങളൊടും കൂടെ അതിന്റെ നടുവിൽനിന്നു ഒരൊരൊ പുഴക
ളെ കടപ്പുറത്തെക്കു അയച്ചുവിടുന്നു – മലപ്രദെശത്തിലെ മുഖ്യമായ ശിഖരങ്ങ
ഉയരമുള്ള തനുമന[illegible]ക്കും അതിന്റെ സമീപത്തിങ്കൽ ൬൦൦൦ കാലടി
ൾ ൮[illegible] കാലടി ഉയൎന്നു നില്ക്കുന്ന സമനെല്ലും തന്നെ – സമനെല്ലെക്കു ശ്രീപാദം
എന്ന പെരും നടപ്പായിവന്നിരിക്കുന്നു – അതിന്റെ കാരണം പണ്ടു ലങ്കാദ്വീപിൽ
അനെകം ഭൂതങ്ങളും നാഗങ്ങളും നിറഞ്ഞുവാഴുമ്പൊൾ വിഷ്ണു ബുദ്ധനായിട്ടു
അവതരിച്ചു ഭയങ്കരമായ ഭൂകമ്പത്തൊടും ഇടികളൊടും കൂടെ ലങ്കയിൽ ഇറങ്ങി ഭൂ
തങ്ങളെ ഒഴിച്ചു രാജ്യഭ്രംശം വരുത്തി ബൌദ്ധമതം ജനങ്ങളെക്കൊണ്ടു അനുഷ്ഠി
ച്ചു നടത്തി രാജാവിന്റെ പ്രാൎത്ഥനയാലെ സമനെല്ലു മലകയറി പാറമെൽ
ചവിട്ടി സ്വമതക്കാൎക്കു തിരുകാലിന്റെ രൂപം ആശ്രയസ്ഥാനമാക്കി കൊടുക്കു
കയും ചെയ്തു – ആ പഴമ അനുസരിച്ചു അനെക ബൌദ്ധന്മാർ സംവത്സരംതൊറും
ആ മലകയറി കാഴ്ചവെച്ചു ഉത്സവം കൊണ്ടാടി ലങ്കാദ്വീപിൽ ഉയൎന്നഭൂമി സമ
നെല്ലുമല തന്നെ എന്നു പ്രമാണിച്ചുകൊണ്ടിരിക്കുന്നു – ആ മലപ്രദെശത്തിൽ
നിന്നു ഉത്ഭവിച്ചു നാലുദിക്കിലെക്കും ഒഴുകിച്ചെല്ലുന്ന നദികളിൽ ത്രിക്കൊണ
മല സമീപത്തു സമുദ്രത്തിൽ ചേരുന്ന മഹാവെല്ലഗംഗയും കളുത്തറ പട്ടണത്തിൻ
അരികിൽ വെച്ചു കടലൊടു ചെരുന്ന കലാണിഗംഗയും കൊളമ്പ നഗരസമീപത്തി
ങ്കൽ ആഴിയെ പ്രാപിക്കുന്ന കാൎഗംഗയും പ്രധാനം –

ദ്വീപിലെ ഉല്പത്തികൾ പലവിധമാകുന്നു – മലകളിൽനിന്നും പുഴമണ്ണി
ൽനിന്നും പൊൻ വെള്ളി ഇരിമ്പു മുതലായ ലൊഹങ്ങൾ വിളയുന്നതല്ലാ
തെ പലദിക്കിൽനിന്നും ഒരൊവിധം രത്നങ്ങളെയും കണ്ടുകിട്ടിവരുന്നു – ചിലാ
പ്പു തുടങ്ങി വടക്കൊട്ടു മന്നാറു യാഴ്പ്പാണം എന്ന ദ്വീപുകളൊളം മുത്തുകളുള്ള കടൽകൈ
കളിൽനിന്നു സവ്വദ്വീപുകാൎക്കു വെണ്ടുന്ന ഉപ്പും വിളയിച്ചെടുക്കുന്നു – രാജാക്കന്മാ
ൎക്കും മഹാലൊകൎക്കും മുഖ്യാഭരണങ്ങളാകി ശൊഭിക്കുന്ന മുത്തുകളും [illegible] സമീപ
ത്തിൽ എടുത്തുവരുന്നു – ഫലവൃക്ഷങ്ങളിൽ തെങ്ങ് – കട്ടൻ പിലാവു മരവും പ്ര
ധാനം – വിശെഷധാന്യം നെല്ലുതന്നെ പലവിധം കിഴങ്ങുകൾക്കും കുറവില്ല –
ഈവക അല്ലാതെ വിലാത്തിക്കാർ ദ്വീപിൽ വന്ന സമയം മുതൽ കാപ്പി – കറുവ –
പുകയില – നാരങ്ങ – ജാതിക്കാ – മുളകു മുതലായ ഫലങ്ങളും പല സുഗന്ധ
ദ്രവ്യങ്ങളും ആദായം വൎദ്ധിച്ചുവന്നിരിക്കുന്നു – പട്ടുനൂൽ – പരുത്തി – വക്കഫ
ന വസ്ത്രസാധനങ്ങളെക്കൊണ്ടു കച്ചൊടം വളരെ നടക്കുന്നു – കാട്ടുമൃഗങ്ങളിൽ
ആന – പൊത്ത – കാട്ടുപന്നി മുതലായതു പ്രധാനം – പുഴകളിൽ ചീങ്കണ്ണി
കളും നാട്ടിൽ സൎപ്പജാതികളും പെരുകി വസിക്കുന്നതല്ലാതെ ഒരുവക അട്ടക
ളും പരന്നു പ്രത്യെകം വഴിപൊക്കരെ അത്യന്തം ഉപദ്രവിക്കുന്നു –

ലങ്കാദ്വീപിലെ വിശിഷ്ടനഗരങ്ങളും ഊരുകളും കടപ്പുറങ്ങളിൽ
തന്നെ ആകുന്നു –

മന്നാറു – കുതിരമല എന്ന ചെറുഊരുകളിൽനിന്നു അല്പം വടക്കൊ

ട്ടി എകദെശം ൩൫ കാതം നീളമുള്ള കപ്പൽ എന്ന അബ്ദ്വീപിലെ തെറ്റുപ
ത്തുകൊട്ടും ക്രുടവടക്കൊട്ടു തന്നെ നിന്നുകിടക്കുന്നു - നിവാസികളുടെ മുഖ്യപ്ര
വൃത്തി കൃഷിയും മീൻപിടിക്കയും തന്നെ - ചിലർ തെങ്ങുകളിൽ നിന്നു മുതലായവ
ങ്ങളെ കൊണ്ടുണ്ടാകുന്ന എണ്ണയും മറ്റും തോണിവഴിയായി കൊണ്ടുപൊയി
കച്ചവടം നടത്തുന്നു -

പുട്ടലം എന്ന കൊട്ടയിലും അതിന്റെ അരികിലും ഉള്ള ജനങ്ങൾ മിക്കതും തമിഴർ
തന്നെ - അവർ കപ്പൽ മുതലായ ഓടങ്ങളിലും മറ്റും തോണികളിൽ കയറ്റി തിരുനെ
ല്വെലി മുതലായ ദെശങ്ങളിൽ കൊണ്ടുപൊയി വിറ്റും അവിടെ നിന്നു പല
ചരക്കുകളെ വാങ്ങി കൊണ്ടുവന്നും കച്ചവടം ചെയ്തുപൊന്നു ജീവനം കഴിക്കുന്നു.

അവിടെ നിന്ന് അല്പം തെക്കു ലക്ഷ്മിസ്ഥലങ്ങളുടെ നടുവിലുള്ളതായ
ഒ ദ്വീപിന്മെൽ ഇലാവു എന്ന ചെറിയ നഗരം തമിഴർ പാർക്കുന്ന ദെശത്തിന്റെ
തെക്കെ അതിരായി കിടക്കുന്നു - നിവാസികൾ മിക്കവാറും ദരിദ്രരാകുന്നു എന്നാൽ
രൊ കൊട്ടകത്തിലുള്ള പുരാണക്ഷെത്രങ്ങളിൽ വസിച്ചു ഭിക്ഷ എടുത്തു ഉപജീവി
ക്കുന്നു

കാകമെല്ലു നദിയുടെ തെക്കെ കരമെൽ നാഗംബു - കൊട്ട തെങ്ങു കവുങ്ങു
മുതലായ കാപ്പി കറുപ്പ ഇത്യാദികൾ പെരുകിന തൊട്ടങ്ങളുടെ നടുവിൽ വിളങ്ങി
നില്ക്കുന്നു - നിവാസികൾ മിക്കവാറും ഹൊല്ലന്തരുടെ സന്തതികൾ അവരുടെ
പ്രവൃത്തി കൃഷി വിക്രയങ്ങൾ തന്നെ

മലപ്രദേശത്തിൽ നിന്നു പടിഞ്ഞാറൊട്ടു ഒഴുകുന്ന കലാണിഗംഗയുടെ
അഴിമുഖത്ത തന്നെ വടക്കൊട്ടു നീണ്ട സമമായ ഭൂമിയിൽ കിടക്കുന്ന പ്രധാ
ന പട്ടണം ഇങ്ക്ലിഷ ഗൊവൎണ്ണർ അദ്ധ്യക്ഷൻ മുതലായ സ്വാമികളുടെ വാസമാ
യും വിലാത്തി നഗരത്തിന്നു സദൃശമായും നില്ക്കുന്നു - അവിടെ വസിക്കുന്ന ഹൊല്ലന്തർ
ക്കും വിലാത്തിക്കാരെക്കും പട്ടാളങ്ങളെക്കും മറ്റും എല്ലാം
പൊൎത്തുഗീസർ ഇങ്ക്ലിഷ്കാർ എന്നിവകക്കാരെക്കും ... എകദെശം ൩൦൦൦൦ ആകുന്നു - വിസ്താരമുള്ള
ക്കൊട്ടയിൽ നിവാസികളുടെ സംഖ്യ എകദെശം ... കപ്പലുകളും പത്തെമാരികളും അങ്ങ
തുറമുഖത്തിൽ സംവത്സരം തൊറും ൩൦൦ - ൪൦൦ കപ്പലുകളും ... കയറ്റിയെടുക്കയും ചെയ്തുകൊണ്ടു അവിടെ നട
ന്നുവരുന്ന ചരക്കുകളെ ഇറക്കി കയറ്റിയെടുക്കയും ചെയ്തുകൊണ്ടു അവിടെ നട
ക്കുന്ന കച്ചവടം അല്പം അല്ല എന്നറിയാം - സിംഹളർ പാർക്കുന്ന പട്ടണം
ശത്തിന്നും അതിന്റെ കാൎയ്യക്കും പെട്ടത് എന്ന പെര് -

കൊളമ്പിൽ നിന്നു എകദെശം ൧൨ കാതം വഴി തെക്കൊട്ടു പുന്തൊഗാ
ലെ കൊട്ട ദ്വീപിന്റെ തെക്കെ കടപ്പുറത്തു തന്നെ നില്ക്കുന്നു - എത്രയും നല്ല തുറ
മുഖം ആകകൊണ്ടു അറബിയത്തിൽ ബങ്കാളത്തെക്കും ചീനത്തെക്കും ഓടുന്ന തീ
ക്കപ്പലുകൾ എല്ലാം അവിടെ തന്നെ അണകുന്നു -

പുന്തൊഗാലയിൽ നിന്നു ദ്വീപിന്റെ തെക്കെ മുനയൊളവും കിഴക്കെ
കടപ്പുറത്തൊളം കൊണ്ടു മലപക്ഷത്തുള്ള ഭൂമി സിംഹളഖണ്ഡം തന്നെ - അവി

ടെ പാർക്കുന്ന ചിങ്ങളക്കാർ ബൌദ്ധമതക്കാർ തന്നെ - സിംഹളം എന്ന ദ്വീപിന്റെ
പെർ ചിങ്ങളം എന്നും സിഹളം എന്നും റൊഷം എന്നും കെൾക്കുന്നു - വിശിഷ്ടന
ഗരങ്ങൾ മധുരക്കും - ദെവന്തുറയും - തങ്ങാനക്കും ബദിക്കാലൊവും തന്നെ ത്രി
കൊണമല കൊട്ട ഇന്ദുഖണ്ഡത്തിലെ മുഖ്യമായ തുറമുഖങ്ങളിൽ ഒന്നാക കൊണ്ടു എ
ങ്ങും പ്രസിദ്ധപ്പെട്ടിരിക്കുന്നു - കാലിക്കൊത്ത - മദ്രാസ മുതലായ ദെശങ്ങളിലെ തുറ
മുഖങ്ങളിൽ മഴക്കും പെരിങ്കാറ്റും നിമിത്തം അണഞ്ഞുനില്പാൻ കഴിയാത്ത സ
മയവും കപ്പല്കൾക്ക ത്രികൊണമല തുറമുഖം തന്നെ ഒരാപത്തും വരാത്ത സങ്കെ
തസ്ഥലമാകുന്നു - ൨൦൦ വലിയ പടക്കപ്പലുകൾക്കും അനെകം പത്തെമാരികൾക്കും
അതിൽ പ്രവെശിച്ചു നങ്കൂരം ഇട്ടുവാൻ വിസ്താരം വെണ്ടുവൊളം ഉണ്ടു - കൊ
ട്ടയിൽ വസിക്കുന്ന ഇങ്ക്ലിഷ പട്ടാളക്കാരല്ലാതെ നിവാസികൾ എല്ലാവരും സിങ്ങ
ജാതികൾ തന്നെ ആകുന്നു

ത്രികൊണമലയിൽ നിന്നു വടക്കൊട്ടു ദ്വീപിന്റെ അറ്റത്തു തന്നെ
ചില തുരുത്തികൾ ഉണ്ടു അതിൽ മുഖ്യമായതു യാഴ്പ്പാണം തന്നെ - മലക്കും പാ
റകളും അതിൽ ഇല്ല കുടിയാന്മാരുടെ മുഖ്യപ്രവൃത്തി കൃഷി തന്നെ ആകുന്നു -
ചില തുറമുഖങ്ങളിൽ കച്ചവടവും നടക്കുന്നു - നിവാസികൾ മിക്കവാറും തമിഴ
ർ ആകുന്നു അല്പം ചില ഹൊല്ലന്തക്കാരും ചെന്നു കുടിയെറി വസിക്കുന്നു

ലങ്കാദ്വീപിന്റെ നടുവിലുള്ള മലപ്രദെശത്തിലെ ഊരുകളെ സംക്ഷെ
പിച്ചു പറയുന്നു - കൊളമ്പിൽ നിന്നു ഏകദെശം ൭൨ കാതം വഴി കിഴക്കൊട്ടു
മുമ്പെത്ത രാജധാനിയായ കണ്ടി നഗരം ൩൦൦൦ - ൪൦൦൦ കാലടി ഉയരമുള്ള
മലപ്രദെശത്തിൽ കിടക്കുന്നു - ബുദ്ധന്റെ തിരുപ്പല്ലു സൂക്ഷിച്ചുവെച്ച ക്ഷെ
ത്രമല്ലാതെ അതിൽ ഒരു വിശെഷം കാണ്മാനില്ല - പ്രജകളുടെ സംഖ്യ ഏ
കദെശം ൪൦൦൦ ആയിരിക്കും - ദ്വീപു ഇങ്ക്ലിഷ്ക്കാരുടെ വശത്തിലായ സമയം മുതൽ
ആ പട്ടണത്തിന്റെ ശൊഭെക്കും ഐശ്വര്യത്തിനും വളരെ വല്യ നഷ്ടം വന്നു പൊയി -

ലങ്കാദ്വീപിലെ നിവാസികൾ പുരാണകാലമെ അതിൽ പാർത്തു വരുന്നവ
രും പുറനാട്ടിൽ നിന്നു കൂടക്കൂട വന്നു നാടു പിടിച്ചു കുടിയെറിയവരും എ
ന്നിങ്ങിനെ രണ്ടു വിധം തന്നെ ആകുന്നു - പുരാണവാസികൾ വെടർ തന്നെ
അവർ ഇന്നുവരെക്കും കാട്ടാളരായി പാർക്കുന്നു - പിന്നെ ആക്കൂറിൽ ഉത്തമരായ
സിംഹളർ വന്നു മലനാട്ടിലും തെക്കെ കടപ്പുറങ്ങളിലും വസിച്ചു - ആയവർ ബൌ
ദ്ധമതം അവലംബിക്ക കൊണ്ടു ജാതിധർമ്മം ആചരിക്കുന്നില്ല - അവരുടെ ഭാഷെ
ക്കു പാളി എന്ന പെർ അതു മാഗധം എന്നും പറയുന്നു സംസ്കൃതത്തിൽ ഉരുവിച്ച
തത്രെ - വിദ്യാഭ്യാസവും തൊഴിലും പ്രാപിക്കും അല്പമെ ഉള്ളു

വഴിയെ വന്നു കുടിയെറി പാർക്കുന്നവർ പലവിധം - ചൊഴമണ്ഡലത്തി
ലും പാണ്ടിയിലും ഉള്ള തമിഴർ ഒരൊ ഊഴത്തിൽ ചെന്നു പലപ്പൊഴും പൊരുതു
വടക്കെ ദെശങ്ങളിൽ ആധിക്യം പ്രാപിച്ചു പാർത്തു വരുന്നു - അവർ അല്ലാതെ

പലചൊനകർ എന്ന അറവിസന്തതികൾ ദ്വീപിൽ എങ്ങും കിടന്നുവസിച്ചു കച്ചവടം
ചെയ്തുകൊണ്ടിരിക്കുന്നു - പല പൊൎത്തുഗീസർ ഹൊല്ലന്തർ ഇങ്ക്ലിഷ്കാർ എന്ന
യുരൊപ്യന്മാരും - ചീനക്കാരും - പാൎസികളും അപ്രിക്കയിൽനിന്നു പണ്ടുകൊ
ണ്ടുവന്ന കാപ്രികളും മക്കളും ദ്വീപിൽ പലദിക്കിലും കുടിയെറിവസിക്കുന്നു

ലങ്കാദ്വീപിലെ പൂൎവ്വചരിത്രത്തിൽ നല്ല നിശ്ചയം ഇല്ല - ബൌദ്ധമതം
ഉദിച്ചു പരന്ന പ്രകാരവും സിംഹളർ തമിഴരൊടു പൊരാടിയ വിവരവും
മറ്റും മഹാവംശം എന്ന ശാസ്ത്രത്തിൽ കാണ്മാനുണ്ടു - പിന്നെ യഹൂദർ നസ്രാ
ണികൾ മണിഗ്രാമക്കാർ ചൊനകർ ഈ നാലുവകക്കാർ വ്യാപാരത്തിന്നായി
വന്നു - ൧൫൦൫ ക്രി - അ - പൊൎത്തുഗീസർ ആദ്യം ആ ദ്വീപിനെ കണ്ടു ൧൫൧൭
ക്രി - അ - അതിൽ കുടിയിരിപ്പാൻ തുടങ്ങി - അവരുടെ കപ്പിത്താന്മാർ ഉൾമല
ത്തിൽ പ്രവെശിച്ചു നിക്രമിട്ടപ്പൊൾ സിംഹളർ ഭ്രമിച്ചു ഓടി തങ്ങളുടെ രാജാവെ
കണ്ടു ഭയപരവശതയൊടെ ഉണൎത്തിച്ചപ്പൊൾ രാജാവ് ഉഴന്നു അവരെ
കൈക്കൊണ്ടു സത്യവും സമയവും ചെയ്തു ചില ഊരുകളെയും കാഴ്ചയാക്കി കൊ
ടുത്തു - അന്നുമുതൽ പൊൎത്തുഗീസർ കരയിലും മറ്റും പാൎത്തു കച്ചവടം തുടങ്ങി
അല്പകാലം കഴിഞ്ഞാറെ സിംഹളരാജാവിന്നു ഗ്രഹഛിദ്രം ഉണ്ടായപ്പൊൾ തെ
മ്മതം അംഗീകരിച്ചൊരു യുവരാജന്റെ പക്ഷം ചെൎന്നു പടവെട്ടി ജയിച്ചു അവ
നെ രാജാവാക്കുകയും ചെയ്തു - പിന്നെ ഉണ്ടായ കലഹങ്ങളിൽ പൊൎത്തുഗീസർ
കൂടക്കൂട ദ്വീപുമിക്കതും പിടിച്ചടക്കി വാണു - എന്നാറെയും മറുപക്ഷക്കാർ പിന്നെ
യും പിന്നെയും കലശിച്ചു ഒടുവിൽ ഹൊല്ലന്തരുടെ സഹായത്തിനാലെ ൧൬൫൮
ക്രി - അ - പൊൎത്തുഗീസരെ അശെഷം ദ്വീപിൽനിന്നു ആട്ടികളകയും ചെയ്തു -
സിംഹളൎക്ക് അതിനാൽ ലാഭം ഒന്നും ഉണ്ടായില്ല താനും - ഹൊല്ലന്തർ കൂടക്കൂട
കടപ്പുറങ്ങളിൽ വന്നു അതിക്രമിച്ചു ഇറമുഖങ്ങളെയും മറ്റും കൈക്കലാക്കി ദ്വീ
പിൽ എങ്ങും അധികാരികളായി നടിച്ചു - എന്നതു കണ്ടു സിംഹൻ എന്ന രാജാ
വ് ൧൭൯൬ ക്രി - അ - ഇങ്ക്ലിഷ്കാരെ തുണെക്കായി വിളിച്ചു ഹൊല്ലന്തരെ തൊല്പിച്ചു
പുറത്താക്കുകയും ചെയ്തു — അതിന്റെ ശെഷം ദ്വീപിൽ എങ്ങും ഒരൊരൊ കലഹങ്ങ
ളും രാജദ്രൊഹങ്ങളും നടപ്പൊൾ ഇങ്ക്ലിഷ്കാർ ക്രമത്താലെ ആയതുകളെ ഒക്കയും
അമൎത്തി ൧൮൧൫ ക്രി - അ - ശ്രീവിക്രമസിംഹൻ എന്ന കണ്ടിരാജാവെ സ്ഥാനഭ്ര
ഷ്ടനാക്കി ദ്വീപു മുഴുവനും വശീകരിച്ചു ഇന്നെയൊളം വാണുകൊണ്ടിരിക്കുന്നു -

പൊൎത്തുഗീസർ ലങ്കാദ്വീപിൽ വന്ന നാൾ മുതൽക്കു സുവിശെഷം നടത്തുവാൻ
ഉത്സാഹിച്ചതു പൊലെ ഹൊല്ലന്തരും ചെയ്തു ൨൦൦ എഴുത്തുപള്ളികളിൽ വെച്ചു
ഏറകാലമായിട്ടു പലലക്ഷം കുട്ടികളെ പഠിപ്പിച്ചു സത്യവെദവും മറ്റും അറിവാ
ൻ സംഗതി വരുത്തി പല പുരുഷന്മാരെയും സ്ത്രീകളെയും സ്നാനം ഏല്പിച്ചു ക്രി
സ്തുസഭയൊടു ചെൎത്തു ഒരൊരൊ ദിക്കുകളിൽ പള്ളികളെയും പണിയിച്ചു പാ

തിരിമാരെയും പാൎപ്പിക്കയും ചെയ്ക — ഇങ്ങനെ അനുസരിച്ചവരിൽ പലൎക്കും
സ്ഥാനങ്ങടെ പെരല്ലാതെ ഭക്തിയും ജ്ഞാനവും ഉള്ളവരല്ല — ഇപ്പൊൾ മിസ്സി
ന്റെ വടക്കെ ഭാഗത്തു പല ക്രിസ്തസഭകൾ വളൎന്നു വരുന്നു —

൨൭) ~~[illegible]~~ പവിഴമല

ദക്ഷിണഖണ്ഡത്തിലെ ഉയൎന്നഭൂമിയുടെ തെക്കെ അതിർ നീലഗിരി തന്നെ
എന്നു മുമ്പെ പറഞ്ഞുവല്ലൊ — ആ ഗിരി സമൂഹത്തിൽ നിന്നു വടക്കപടിഞ്ഞാ
റും വടക്കുകിഴക്കുമായിട്ടു നീണ്ടുകിടക്കുന്ന സഹ്യാദ്രി പവിഴമല എന്ന ശാഖ
കൾ ഉയൎന്ന ദെശത്തിന്നു അതിരുകളായിരിക്കുന്നു — തപതിനദി മുതൽ നീ
ലഗിരിയൊളം ഒരു ഭെദം കൂടാതെ ചെന്നു കിടക്കുന്ന സഹ്യാദ്രി
എന്ന ഉന്നമലയുടെ അവസ്ഥ പവിഴമലയിൽ കാണുന്നില്ല — അതു നീ
ലഗിരി മുതൽ വടക്കൊട്ടു ഉത്കലഖണ്ഡം മുതലായ ദെശങ്ങളൊ
ടും വ്യാപിച്ചു നില്ക്കുന്നു എങ്കിലും കാവെരി കൃഷ്ണ മുതലായ നദികൾ കിഴക്കൊ
ട്ടു സമുദ്രത്തിൽ കൂടെ ഒടുന്നതിന്നു ആ മലകളുടെ ഒഴുകുന്നതാകകൊണ്ടു അ
തിന്റെ ചെല്ലു പല ദിക്കുകളിലും അറ്റുപൊയിരിക്കുന്നു — ആകയാൽ കൊണ്ടു
അതിന്നു ഉടമ്മല എന്ന പെർ പറ്റുന്നില്ല — അതു പലെടത്തും ൨–൩
പിരിയായിട്ടു വടക്കൊട്ടു ചെന്നും മറ്റെ സ്ഥലങ്ങളിൽ ഗിരിസമൂഹ
ത്തിന്റെ ഭാവം ധരിച്ചും മറ്റുചിലദിക്കിൽ കുന്നപ്രദെശത്തിന്റെ ആ
കൃതിപൂണ്ടും പരന്നു നില്ക്കുന്ന പ്രകാരം കാണുന്നു — അതിന്റെ ഉയരത്തി
ലും വളരെ ഭെദം ഉണ്ടു — ചെലം പട്ടണം സമീപമുള്ള മലകൾക്കു ൭൦൦൦ കാലടി
യൊളവും പെണ്ണയാറു പെന്നാറു എന്നീ രണ്ടു നദികളുടെ നടുവിലുള്ള ഉ
ടമ്മല ൩൦൦൦ കാലടിയൊളവും ഉയൎന്നുകിടക്കുന്നു — വടക്കൊട്ടു ചെല്ലുന്നതുപി
ൽ അതിന്റെ ഉയരവും വീതിയും കുറഞ്ഞുകാണുന്നു — നീലഗിരി തുടങ്ങി ഉഡിക
പൎയ്യന്തം മലകൾ ൩൦–൪൦ നാഴിക വഴിദൂരം പക്കത്തു സമുദ്രവുമായി അകന്നു വ
ടക്കൊട്ടു വ്യാപിച്ചു നില്ക്കുകകൊണ്ടു കിഴക്കെ കടപ്പുറത്തുള്ള താണഭൂമി പടി
ഞ്ഞാറെ കരപ്രദെശങ്ങളെക്കാൾ വിസ്താരം എറിയതാകുന്നു — അതിൽ കൂടി
ഒഴുകുന്ന നദികളിൽ കാവെരി — കൃഷ്ണ — ഗൊദാവരി എന്നീ മൂന്നു സഹ്യാ
ദ്രിയിൽ നിന്നു ഉത്ഭവിച്ച ശെഷം അനെക നദികൾ ചെൎന്നു വരികയാൽ വെ
ള്ളം പെരുകിയവ തന്നെ ആകുന്നു — പെണ്ണയാറു — പാലാറു — പെന്നാറു
എന്നവറ്റിന്റെ ഉറവുകൾ എറദൂരമില്ലാതെ പവിഴമലയിൽ നിന്നാക
കൊണ്ടു വെള്ളം കുറഞ്ഞവയായി സമുദ്രത്തിൽ കൂടുന്നു ഈ പറഞ്ഞ നദിപ്ര
ദെശങ്ങളെ വെവ്വെറെ വിവരിക്കെണ്ടു

൨൮) കാവെരിനദി ഒഴുകുന്ന ചൊഴമണ്ഡലം

കാവെരിപ്പുഴ കുടകുനാട്ടിലെ എകദെശം ൪൦൦൦ കാലടി ഉയൎന്നുള്ള ബ്രഹ്മഗി
രിയിൽ നിന്നു ഉത്ഭവിച്ചു മലനാട്ടൂടെ കിഴക്കൊട്ട് ഒഴുകി വടക്കെ മലകളിൽ നി

നൂറുകളൊ പുഴകൾ വന്നു ചെരുകകൊണ്ടു വെള്ളം പെരുകിയ നദിയായി മൈസൂരിൽ എന്നുയൎന്ന സമഭൂമിയിൽകൂടി കിഴക്ക തെക്കൊട്ടു ചെന്നു വയനാട്ടിൽനിന്നു ഒടിവിച്ചു വരുന്ന കാപ്പിനിപുഴയെ കൈക്കൊണ്ട ശെഷം പല വളഞ്ഞ വഴികളിൽകൂടി പ്രവാഹിച്ചു ചിട്ടിക്കല്ലുകൊട്ട സമീപത്തിങ്കൽ പവിഴമലയെ പ്രാപിച്ചു വരുന്നു -

കുടകുദെശം മലനാടാകകൊണ്ടു കാവെരി ഒഴുകുന്ന ഭൂമി മിക്കതും കാടത്രെ - ആ പുഴവെള്ളം തീൎത്ഥയാത്രക്കാൎക്കല്ലാതെ നാട്ടുകാൎക്ക അധികം ഉപകാരമായിവരുന്നില്ല - മലകളിൽനിന്നു പുറപ്പെട്ടു സമഭൂമിയിൽ പ്രവെശിക്കുന്നതിൽ മുതൽ ജനങ്ങൾ പലവിധകൃഷികൾക്കും വെണ്ടുന്ന വെള്ളം കിട്ടെണ്ടതിന്നു ഒരൊ തൊട്ടുകളും ഒവുകളും മറ്റും ഉണ്ടാക്കി പുഴയുടെ രണ്ടു കരകളിലും കൂടി വെള്ളം നടത്തിവരുന്നു - ആ ഉയൎന്ന ദെശങ്ങളും പുഴവക്കത്തുള്ള നഗരങ്ങളിൽ പ്രധാനമായത ശ്രീരംഗപട്ടണം തന്നെ - ആയതു കാവെരിയിലെ ഒരു ദ്വീപിന്മെൽ കിടക്കുന്നു - ഹൈദരാലി ടിപ്പുസുല്ത്താൻ എന്നിവരും ആ പട്ടണം രാജധാനിയാക്കിയതിനാൽ അവരുടെ കാലത്തിൽ ഏകദെശം ഒന്നരലക്ഷം നിവാസികൾ അതിൽ ഉണ്ടായിരുന്നു - അവരുടെ ക്ഷയം മുതൽ പട്ടണവും വളരെ താണുപൊയി അതിൽ വസിക്കുന്നവൎക്കു കൂടക്കൂട പനിച്ചുതലയായ ദീനങ്ങൾ വരികയാൽ അനെകർ പട്ടണം വിട്ടുപൊയിരിക്കുന്നു - ഇപ്പൊഴത്തെ നിവാസികളുടെ സംഖ്യ ഇരുപതിനായിരത്തിൽ അധികം ആകുന്നു എന്നു തൊന്നുന്നില്ല - ടിപ്പുസുല്ത്താന്റെ ദുഷ്ക്രതയാൽ ആ പട്ടണം അനെക ലക്ഷാളുകൾക്കും ശവക്കുഴികളായി തീൎന്നിരിക്കുന്നു - ഇംഗ്ലീഷുകാർ ടിപ്പുവെ ജയിച്ചശെഷം മുമ്പെത്ത രാജസ്വരൂപം മയിസൂരിൽ വാഴിച്ചു - ആയത ശ്രീരംഗത്തിൽനിന്ന് അല്പം തെക്കൊട്ടുള്ളതു -

കാവെരിനദിയിൽനിന്നു വടക്കൊട്ടു ബെങ്കളൂർ കൊട്ട വിലാത്തിക്കാൎക്ക വസിപ്പാൻ ഉചിതഭൂമിയാകയാൽ ഇംഗ്ലീഷപട്ടാളങ്ങൾക്കും മുഖ്യവാസസ്ഥലമായിരിക്കുന്നു - മധുരനദി വടക്കുനിന്നു വന്നു ചിട്ടിക്കല്ലുകൊട്ട സമീപത്തു വെച്ചു ചെരുകകൊണ്ടു കാവെരിക്കു ഒരു നാഴിക വീതിയും ഏകദെശം ൨൦ കാലടി ആഴവും ഉണ്ടു അവിടെ ശിവസമുദ്രം എന്ന പെരുള്ള ചില വലിയ പാറകൾ നിമിത്തം പുഴ രണ്ടു കൈയായി ഒഴുകി ഉന്നതവിയാട്ടുകളായി പാറകളിൽനിന്നു ഭയങ്കരമായി കൊട്ടും കൂടെ ഏകദെശം ൨൦൦ കാലടി ആഴത്തെക്ക വീണു വീണു കിഴക്കെ അറ്റത്തു വെച്ചു പിന്നെയും ഒന്നായി ചെന്നു ചെ ദുരാപ്പരകളിലും പിളൎന്നു നില്ക്കുന്ന പാറകളിലും കൂടി പ്രവാഹിച്ചു ഭവാനിപുഴയെ കൈക്കൊള്ളുന്ന ഭൂമിയിൽ കിഴക്കെ താണദെശത്തിൽ പ്രവെ

ശിച്ചു വരുന്നു -

ചട്ടികല്ലുകൊട്ട തുടങ്ങി ഭവാനിക്കടൽ എന്ന സ്ഥലത്തോളം വഴിക്കുന്നു കടവുള്ളു - തിരിക്കാവിൽ കാവെരിപുരം മുതലായ സ്ഥലങ്ങളിൽ തോണിക്കുറുവടം നടന്നു വരുന്നു - മെൽപറഞ്ഞ പാറകളെ നിൽപ്പെങ്ങുന്നായ നഗരത്തിന്റെ പല ശെഷിപ്പുകളെക്കും ഇടിഞ്ഞു പൊയ ക്ഷെത്രങ്ങളെക്കും കാണ്മാനുണ്ടു - മലകളുടെ ഉയരം ചില ദിക്കിൽ ൩൦൦൦ ചിലെടത്തു ൪൦൦൦ കാലടി തന്നെ -

ഭവാനിക്കടൽ തൃചിറപ്പള്ളി ഈ രണ്ടു കൊട്ടകളുടെ നടുവിൽ കാവെരി കൊട്ടവളര പുഴകൾ ചെരുക കൊണ്ടു താണ നാട്ടടെ കിഴക്കൊട്ടു ഒഴുകുന്നതിൽ ബഹു വിസ്താരമുള്ള നദിയായി തീർന്നിരിക്കുന്നു - തൃചിറപ്പള്ളി കിഴക്കെ സമുദ്രം എന്നിരണ്ടിന്റെ നടുവിൽ കാവെരി അനെക കൈകളായി പിരിഞ്ഞു ഒഴുകുക കൊണ്ടു അതിന്റെ വെള്ളം സമുദ്രത്തിൽ എത്തും മുമ്പെ തൃചിസ്ഥലങ്ങളിലും മറ്റും മിക്കവാറും ചെലവായി പൊകുന്നു - ആ കാവെരിക്കൈകൾ നിമിത്തം വടക്കെ ദെവികൊട്ട മുതൽ തെക്കെ കള്ളിമെട്ടു വരെയുള്ള കടപ്പുറവും ചൊഴമണ്ഡലഭൂമിയിലുള്ളതും പട്ടണങ്ങൾ ഊരുകൾ എന്നിവ നിറഞ്ഞൊരു വഴികതൊട്ടത്തിനൊത്തു കിടക്കുന്നു - ആയതുകൊണ്ടു ആ നാട്ടിൽ ക്ഷാമം എന്നത് അപൂർവ്വം തന്നെ - നാട്ടുകാർ വളരെ ധാന്യങ്ങളെ പുറനാട്ടുകളിലെക്ക കൊണ്ടുപൊകിക്കച്ചവടം ചെയ്തും വരുന്നു -

കാവെരിക്കൈകൾ സമുദ്രത്തിൽ കൂടുന്ന ഭൂമിയിലെ വിശെഷ നഗരങ്ങൾ - കള്ളിമെട്ടു - നാഗപട്ടണം - നാഗവൂർ - കാരിക്കാൽ തരങ്കപാടി - ദെവികൊട്ട - ചിതമ്പരം - പൊർത്തൊനൊവ എന്നിവ തന്നെ - ഈ സ്ഥലങ്ങളിൽ നിന്നു പടിഞ്ഞാറൊട്ടു പുഴവക്കത്തു തന്നെ കുംഭകൊണം - തഞ്ചാവൂർ - തൃചിറപ്പള്ളി എന്നി മൂന്നു പ്രധാന പട്ടണങ്ങളായി ശൊഭിക്കുന്നു - തഞ്ചാവൂരിൽ നിന്നു തെക്കെ പടിഞ്ഞാറൊട്ടു തൊണ്ടിമാന്റെ രാജധാനിയായ പുതുക്കൊട്ട തന്റെ ഭൂമിയിൽ തന്നെ കിടക്കുന്നു - ഭവാനിക്കടലിൽ നിന്നു വടക്കൊട്ടു ചെലം പട്ടണവും തെക്കൊട്ടു പുഴവക്കത്തു തന്നെ കരൂർ നഗരവും വിശിഷ്ടം -

൧൭൦൦ ക്രിസ്താബ്ദം മുതൽ മാറാഠജാതികളും മറ്റും തെക്കൊട്ടു പുറപ്പെട്ടു പലക്രമവും കഴിച്ചു ഓരൊ ദെശങ്ങളെക്കും സ്വാധീനമാക്കിയപ്പൊൾ പടുമലയിൽ നിന്നു കിഴക്കൊട്ടു കാവെരി ഒഴുകുന്ന ചൊഴമണ്ഡലം മിക്കതും അവരുടെ കൈവശമായി തീർന്നു - പിന്നെ നവാബും പ്രാഞ്ചിക്കുമായി പല കലഹങ്ങളും നടന്നശെഷം ദെശമെല്ലാം ഇങ്ക്ലിഷ്കാരുടെ അധികാരത്തിലുൾപ്പെട്ടു വന്നു - (൧൭൭൦ — ൧൭൯൯) തഞ്ചാവൂർ രാജാ പിന്നവർ രാജനാമവും രാജധാനിയും ചില കൊവിലകങ്ങളും മാത്രം സമ്മതിച്ചു കൊടുത്തതെയുള്ളു - ൧൮൫൫ ആമതിൽ തഞ്ചാവൂർ രാജ്യവും ഒടുങ്ങിപ്പൊയി - തരങ്കപാടിയിൽ സുവിശെഷക്കാരുടെ ഒന്നാമത്തെ ബൊധകന്മാർ (൧൭൦൬) വന്നു തഞ്ചാവൂർ മുതലായ സ്ഥലങ്ങളിലും വസിച്ചു സുവിശെഷം അറിയിച്ചുകൊണ്ടു

ല്ലെപ്പൽ തെക്കു തീരത്ത സഭക്കൊടുവൊരുത്ത — അവരിൽ തഞ്ചാവൂർ രാജാവി
ന്റെ രാജ്യത്തെ പ്രാപിച്ചിട്ടുള്ള ശേഷം ചെയ്യൻ ചൊല്ലിക്കൊണ്ടവൻ തന്നെ —
ഒരിംബ്രാശയെ നമുക്കും ദെക്കാണവും ചിദംബരവും ഇക്കെഴവ — ഇങ്ക്ലിഷ
പട്ടാളത്തിന്നിതിരപ്പുകളി കൊട്ടയിൽ വാസം ഉണ്ടു

൨൩.) പെണ്ണയാറു പാലാറു പെന്നാറു എന്നിട്ടുള്ള നദികൾ
ഒഴുകുന്ന ദേശങ്ങൾ —

ഇതുകുന്ന പുഴകളുടെ ഉറവുകൾ ദക്ഷിണ പണ്ഡത്തിൽ ഉയൎന്ന ഭൂമികളുടെ
കിഴക്കെ അറ്റത്തെ പശ്ചിമ മലകളിൽ നന്ദിദുൎഗ്ഗം മുതലായ കൊട്ടകളുടെ സമീ
പത്തു തന്നെ ആകുന്നു — അവിടെ നിന്ന പെണ്ണയാറു കിഴക്കെ തെക്കൊട്ടു
ഒഴുകി ഉണ്ണൂരട — രായകൊട്ട മറ്റും കടന്ന ബറമഹൽ എന്ന മലനാട്ടിൽ വെ
ച്ചു പശ്ചിമ മലകളിലെ കണ്ടിവാതിലിൽ കൂടി പ്രവഹിച്ചു പിന്നെ കിഴക്കൊട്ടു ആണ
കൎന്നാട്ടുടെ ചെന്ന കുടല്ലൂർ — പുതുച്ചെരി ഈ രണ്ടു പട്ടണങ്ങളുടെ നടുവിൽക്കൂ
ടി ബെങ്കാള സമുദ്രത്തിൽ ചെന്നു കൊണ്ടുമിരിക്കുന്നു —

പെണ്ണയാറു ഒഴുകുന്ന മലപ്രദേശത്തിൽ പണ്ടു പല ഉറപ്പുകളുള്ള കൊ
ട്ടകൾ ഉണ്ടായിരുന്നു — നന്ദിദുൎഗ്ഗം കൃഷ്ണഗിരി മുതലായ മിലകൊട്ടകൾ ഒ
ന്നാം അല്പം ഉറപ്പു ശേഷിച്ചിരിക്കുന്നു — മദ്രാസിൽ നിന്ന സൈന്യങ്ങളെ
ടുകൂടപുറപ്പെട്ടു മൈസൂർ രാജ്യത്തിൽ പ്രവേശിപ്പാൻ രായകൊട്ട ഉറപ്പു
ള്ള വാതിലിന്ന സമമാകിമലമുകളിൽ കിടന്നതിനാൽ ഇങ്ക്ലിഷ്ക്കാർ ൧൭൯൧
ൽ — അ — അതിനെ പിടിച്ചു തകൎത്തുകളഞ്ഞു —

പെണ്ണയാറ് ഒഴുകുന്നതാണ നാട്ടിൽ വിശെഷ പട്ടണങ്ങൾ ഇല്ല —
താനും — മദ്രാസ —
കച്ചിക്കാരായ നിവാസികൾ പാൎക്കുന്ന ഊരുകൾ വളരെ ഉണ്ടു താനും — മദ്രാസ
ങ്ങൾ കൊട്ടു മുതലായ പട്ടണങ്ങളിൽ നിന്ന തെക്കൊട്ടു ചെല്ലുന്ന പൊകുന്നവ
ഴിയരികെ മലസമീപത്ത തന്നെ തുപ്പത്തൂർ — മത്തൂർ — ധാരമ്പുരി — അടവങ്കൊ
ട്ട — വെമ്പല്ലൂർ മുതലായ ഗ്രാമങ്ങൾ ശൊഭിച്ചു കിടക്കുന്നു — പുഴ സമുദ്രത്തിൽ
കൂടുന്ന കരയിൽ — കുടല്ലൂർ — പുതുച്ചെരി എന്നി രണ്ടു പട്ടണങ്ങൾ പ്രധാനം —
മുമ്പെ ഇങ്ക്ലിഷ്ക്കാരും ഫ്രാഞ്ചിക്കാരുമായി യുദ്ധം ചെയ്യുന്ന സമയം മദ്രാസ പു
ത്തി ക്കാരുടെ കൈവശമായപ്പൊൾ കുടല്ലൂർ ഇങ്ക്ലിഷ്ക്കാരുടെ പ്രധാന പട്ട
ണമായിരുന്നു — ഒടുവിൽ ഇങ്ക്ലിഷ്ക്കാൎക്കു കിട്ടിയ മദ്രാസിൽ മടങ്ങി പൊക
കൊണ്ടു കുടല്ലൂർ പട്ടണത്തിന്റെ വിശിഷ്ടം കുറകിച്ചു പൊയി — പുതുച്ചെരിപ
ട്ടണം ഇന്നാൾ വരെയും ഫ്രാഞ്ചിക്കാരുടെ കൈവശത്തിൽ ഇരിക്കുന്നു —
അതിലെ നിവാസികളിൽ മിക്കവാറും വിലാത്തിക്കാരും അവരുടെ സന്തതികളും
ങ്ങൾ കൊണ്ടു പട്ടണത്തിന്ന വിലാത്തി നഗരങ്ങളുടെ ചെൎച്ച ഉണ്ടു — പണ്ടെ
ത്ത ശൊഭ ഇല്ല താനും നിവാസികളുടെ സംഖ്യ ൫൦൦൦൦ ആകിലിരിക്കും — അവരു

ടെക്കുവ്യാപ്രവൃത്തി ഉരൊതെകെത്തൊഴിലുകളും അല്പം കച്ചവടവും തന്നെ ആ
കുന്നു —

പായഘട്ട മൈസൂർരാജ്യത്തിന്റെ കിഴക്കെ അംശത്തിലെ നന്ദിദുൎഗ്ഗ
ദെശത്തനിന്ന ഉത്ഭവിച്ചു തെക്കൊട്ടൊഴുകി ഹൈദരാലിയുടെ ജനനനഗ
രമായ കൊലാറിനെ കടന്ന ആമ്പൂർസമീപത്ത വെള്ളമലകളെ വിട്ടു കിഴക്കൊ
ട്ട തിരിച്ചു ആരണദെശത്തിരിക്കുന്ന കുടിയാത്ത — പള്ളികൊണ്ട — വെല്ലൂർ —
ആർക്കാട്ടു മുതലായ സ്ഥലങ്ങളെ കടന്നു ചതുരംഗപട്ടണത്തിലെത്തി ബങ്കാ
ള സമുദ്രത്തിൽ ചെന്നു വരുന്നു — ആ പുഴ ഒഴുകുന്ന മലനാട്ടിൽ ജനങ്ങൾ ഏ
റ വസിക്കുന്നില്ല ആരണദെശം ജനങ്ങൾ നിറഞ്ഞ ഭൂമി തന്നെ — ആർക്കാട്ടു
നാട്ടിൽ മാത്രം നദിനാലു ആകൾ ഉണ്ടെന്ന കെൾക്കുന്നു — നിവാസികൾ പല
ചിറകളെയും കുളങ്ങളെയും കുഴിച്ചുണ്ടാക്കിയും ഒരൊ ഉകെത്തൊട്ടുകിറിയും
വെള്ളം എങ്ങും നടത്തുക കൊണ്ടു ദെശം മിക്കതും കൃഷിക്കുചിതനിലമാ
യിരിക്കുന്നു — വെല്ലൂർക്കു മുകാലത്തിങ്കൽ എത്രയും ഉറപ്പുള്ള കൊട്ടയായിരു
ന്നു — ആർക്കാട്ടുകൊട്ടയിൽ മുമ്പെ നവാബെ പാൎക്കൊണ്ടു നിവാസികൾ മിക്കതും
മുസല്മാനർ തന്നെ — ഇങ്ക്ലിഷ്കാരും ചില പട്ടാളങ്ങളെ അവിടെയും വെല്ലൂരി
ലും പാൎപ്പിച്ചിരിക്കുന്നു — കാഞ്ചീപുരത്തിങ്കലെ വിശെഷം പുരാണ മഹാ
ക്ഷെത്രം അത്രെ — ചതുരംഗപട്ടണത്തിന്നരികെയുള്ള മാമല്ലപുരത്ത
ശെഷിച്ചിരിക്കുന്ന പാറയമ്പലങ്ങളിൽ പുരാണ ഹിന്തു ജാതികളുടെ
അതിശയമായ കൌശലപ്പണികളെ കണ്ടറിയാം

മദ്രാസ എന്ന ചെന്നപട്ടണം ഉറപ്പം കൂടാതെയുള്ള കടപ്പുറത്തു നി
ലകിടക്കുന്നു — ആകുത സംസ്ഥാനത്തിന്റെ പ്രധാന നഗരമാകകൊണ്ടു ഗ്രൌ
ർണർ മുതലായ മെലധികാരികൾ അവിടെ തന്നെ വസിച്ചു രാജ്യകാൎയ്യങ്ങ
ളെ നടത്തിവരുന്നു — പട്ടണത്തൊടു ചെൎന്ന ജൊൎജ്ജ കൊട്ടയിൽ രാജ്യപരി
പാലനത്തിന്നായി സൎക്കാർ പട്ടാളങ്ങളും മറ്റും പാൎക്കും കച്ചവടം ചെയ്വാൻ
പല വിലാത്തിക്കാരും പട്ടണത്തിൽ വന്നു വസിക്ക കൊണ്ടു പല ഹിന്തു ജാതിക
ളും ക്രമത്താലെ അതിനൊട്ടു ചെന്നു കുടിയെറുകയും ചെയ്തിരിക്കുന്നു — പല എഴുത്തു
പള്ളികളും സൎക്കാരുടെ വിദ്യാശാലകളും അവിടെ സ്ഥാപിച്ചിരിക്കുന്നു — സംസ്ഥാ
നത്തിലെ ഇങ്ക്ലിഷ സഭകളെ പരിപാലിക്കുന്ന അദ്ധ്യക്ഷന്റെ ഉപാസ്ഥം ആ പട്ട
ണത്തിൽ തന്നെ ആകുന്നു — ഇതിനെ വാഴുന്നവരുടെ ആരമനകളും ക്രിസ്തീ
യപള്ളികളും വിഗ്രഹസെവികളുടെ ക്ഷെത്രങ്ങളും ധനവാന്മാരുടെ വിശാല
ഗൃഹങ്ങളും പാണ്ടിശാലകളും ദരിദ്രന്മാരുടെ പുരകളും കുടിലുകളും ഒക്കപ്പാടെ
ആ വലിയ നഗരത്തിൽ തന്നെ ചെൎന്നു വന്നിരിക്കുന്നു — നിവാസികളുടെ സംഖ്യ
ഏകദെശം ൪ ലക്ഷം — അതിൽ ഏകദെശം ..... ആളുകളും മുസല്മാന്മാർ
ആകുന്നു — പട്ടണത്തിൽ നിന്ന അല്പം തെക്ക മയിലാപ്പൂർ സമീപത്ത ഒരു പാ
റമെൽ തൊമാപള്ളി ഉണ്ടു — അപൊസ്തലനായ തൊമാ അവിടെ നിന്ന
അന്നെ മരിച്ചു എന്നൊരു ശ്രുതികൾ കൊണ്ടു കൊല്ലന്തൊറും അനെകരൊ

മങ്കിസ്റ്റ്യാമർ അവിടെ ചെന്ന് ആരാധിക്കുന്നു - മദ്രാസിൽനിന്നു വടക്കുപടിഞ്ഞാറ
തെറ്റു ഏറ്റവും ശ്രുതിപ്പെട്ട ക്ഷേത്രവും ചന്ദ്രഗിരിക്കോട്ടയും ചിറ്റൂർനഗരവും
കോട്ടയും ഇരിക്കുന്നു

പെണ്ണാറുപുഴയുടെ ഉറവുകൾ നന്ദിദുർഗ്ഗം കൊല്ലാർ മുതലായ സ്ഥലങ്ങ
ളിൽനിന്ന് അല്പം വടക്കുള്ള മലപ്രദേശത്തിൽനിന്നു തന്നെ ആകുന്നു - ആ
മലകളുടെ ഉയരം ഏകദേശം ൩൦൦൦ കാലടി - പെണ്ണാറു ൨ - ൩ കൈവഴി
യായി വടക്കോട്ടു ഒഴുകി - ഏറെകൊണ്ട - പെന്നക്കൊണ്ട - മുതലായ സ്ഥലങ്ങ
ളെ കടന്നു ഉദ്ഗിദുർഗ്ഗസമീപത്തിങ്കൽനിന്നു തിരിഞ്ഞു കിഴക്കോട്ടു പ്രവാഹിച്ചു
ഒന്നായിച്ചെന്നതിന്റെ ശേഷം കടപ്പക്കോട്ടയുടെ അരികിൽ ദക്ഷിണ
ൽക്കൂടി ഉയർന്ന ദേശത്തിൽനിന്നു കിഴക്കു വീണു താണ നാട്ടുകൂടെ പ്രവാഹിച്ചു
നെല്ലൂർപട്ടണസമീപം വെച്ചു ബങ്കാള സമുദ്രത്തിൽ ചെന്നു ചേരുന്നു

പെണ്ണാറ് ഒഴുകുന്ന ഉയർന്ന ദേശത്തിൽ വിശിഷ്ട കോട്ടകൾ ദുർഗ്ഗം
തന്നെ - പട്ടാണികളും മാറാഠ്ഠ ജാതികളും മറ്റും പണ്ടെ പോരാടിയ ദേശം
ആ ദേശവും ഇങ്ക്ലിഷ്കാർക്കു അധീനമായി വന്നു - പെണ്ണാറു മലകളെ കടക്കുന്ന
ആ ദേശത്തിൽ കടപ്പപട്ടണം പ്രധാന സ്ഥലമാകുന്നു - ആ ദേശത്തിൽനിന്നു പുകര
നാട്ടിൽ കടപ്പപട്ടണം പ്രധാന സ്ഥലമാകുന്നു - നദി ഒഴുകുന്ന താണ ദേശത്തിൽ പ്രധാ
വിളകളും മറ്റും വിളഞ്ഞുവരുന്നു - നദി ഒഴുകുന്ന താണ ദേശത്തിൽ പ്രധാ
നപട്ടണമായ നെല്ലൂർ കടല്ക്കരയിൽ അല്ല സമുദ്രത്തോട് അകന്നു കിടക്കുന്നു -
ആ പട്ടണത്തിൽനിന്നു വടക്കോട്ടു ഒങ്കോലനഗരത്തോളമുള്ള പ്രദേ
ശത്തു നിന്നുള്ള വാഴികൾ പണ്ടു ഇരിമ്പു ഈയം ചെമ്പു മുതലായ ലോഹങ്ങ
ളെ എടുത്തു ഉണ്ടാക്കിയും ഒരു അനേക നിധികളും ആ വക പണികൾ
മുഴുവനും കിടക്കുന്നു -

ആ വിവരിച്ച നദികൾ ഒഴുകുന്ന നാടുകളിലെ നിവാസികളും ഭാഷ
കളും ആവിധം - കടല്ക്കര തുടങ്ങി ഏകദേശം പവിഴമലയോളം പാർത്തുവരു
ന്നവർ മിക്കവാറും തമിഴർ ആകുന്നു - മലപ്രദേശത്തിൽ കൂടിയേറി വസിക്കു
ന്നവർ കാട്ടു ചിറ്റൂർ ഇങ്ങനെ ഉള്ളതുകൾക്കു വടക്കുള്ളവരും തെലുങ്കർ തന്നെ -
ന്നവരും പഴവേർകാട്ടു ചിറ്റൂർ ഇങ്ങനെ ഉള്ളതുകൾക്കു വടക്കുള്ളവരും തെലുങ്കർ തന്നെ -
പടിഞ്ഞാറെ നിവാസികൾ കന്നാടക ഭാഷ പറയുന്ന ജാതികളാകുന്നു - ആ മൂന്നു
വകക്കാർക്കും മുഖ്യപ്രവൃത്തി കൃഷി തന്നെ ഒരേടത്തു കുറച്ച് അല്പാല്പം കച്ചവടവും
നായാട്ടും മറ്റും ഉണ്ടു -

സംസ്കൃഷ്ണാനദി പ്രദേശം

കൃഷ്ണാനദി സഹ്യമലപ്രദേശത്തിലെ സത്താരപൂനാ പുരികളെന്ന മാരാ
ഠ്ഠ രാജധാനികളുടെ നടുനാട്ടിൽനിന്നു ആരംഭിച്ചു കിഴക്കോട്ടു വിജ
യപുരിയിൽകൂടി പ്രവഹിച്ചു ബിജാപ്പൂരിന്റെ അരികെ വെച്ചു കോലാപ്പൂരിൽനി
ന്നൊഴുകിവരുന്ന വർണ്ണാപുഴയെ കൈക്കൊണ്ടു കിഴക്കോട്ടു ബെല്ഗാ
വിൽനിന്നുവരുന്ന ഘടപ്രഭാനദിയെയും ധാർവാഡദേശത്തിൽനിന്ന
ആവിർഭവിക്കുന്ന മലപ്രഭാനദിയെയും കൂടക ദേശത്തിൽനിന്നു ജനിച്ചു

വടക്കോട്ടു ചെല്ലുന്ന തുംഗഭദ്രയെയും വലിയ വരദപ്പുഴയെയും കന്നൂർ
കോട്ടയുടെ അരികിൽ വെച്ചു ചെൎത്തുകൊള്ളുമ്പോൾ വടക്കുനിന്നു ഭീമപ്പുഴയെ
യും കൈക്കൊണ്ടു ഉയൎന്ന ദേശങ്ങളൂടെ പ്രവഹിച്ചു ഹൈദരാബാദ് എന്ന നി
ജാമരാജധാനിയിൽനിന്നു വരുന്ന മൂസപ്പുഴയെയും ചേൎത്തു ഗുലികുണ്ട-
പാൽനാട്ടു ദേശങ്ങളെ കടന്നു തിരുക്കോട്ട - വരാപള്ളി - കണ്ടാപള്ളി മുത
ലായ സ്ഥലങ്ങളിൽ വെച്ചു വിളപ്പുകളിലും കണ്ടിവാതിലുകളിലും കൂടെ പല
അരുവികാട്ടുകളായി പവിഴമലപ്രദേശത്തിൽനിന്നു കിഴെപ്പെട്ടു വീണ്ടും കിഴ
ക്കെ താണനാട്ടൂടെ ചെന്നു ഗണ്ടൂർ ദേശത്തിലെ മച്ചിലിബന്തരരികിൽ
വെച്ചു തെന്നബങ്കാള സമുദ്രത്തിൽ ചെൎന്നുകൊള്ളുന്നു

തുംഗഭദ്രപ്പുഴയല്ലാതെ മൈസൂർ രാജ്യത്തിൽനിന്നു തുടങ്ങി വടക്കോട്ടു
ഒഴുകി കൃഷ്ണനദിയോടു ചെരുന്ന പുഴകൾ ഇല്ല - തുംഗഭദ്ര ഒഴുകുന്ന നാട്ടിൽ
ചിത്രദുൎഗ്ഗം - ഹരിഹര - ബല്ലാരി - ആനഗുന്തി മുതലായ കോട്ടകൾ പ്രധാനം -
ആ ദേശത്തിന്റെ ഉയരം ഏകദേശം ൨൦൦൦ കാലടി - പട്ടാണിരാജാക്കന്മാ
രുടെ കാലത്തിൽ ഈ കോട്ടകൾക്ക അത്യന്തം ഉറപ്പുണ്ടായിരുന്നു മഹ്രാഠ്യരുമാ
യുള്ള യുദ്ധങ്ങൾ നടന്ന സമയം ഇങ്ക്ലിഷ്കാർ ക്രമത്താലെ ജയിച്ചു ഒരോ കോട്ടകളെയും കയ്യ
ആക്കി - ഹരിഹര ബല്ലാരി മുതലായവറ്റിൽ പട്ടാളങ്ങളെ പാ
ൎപ്പിച്ചു കുളങ്ങളും ഉണ്ടാക്കി - നാട്ടിൽ എല്ലാം അമൻപ്രജകൾ അനുസരിക്കേണ്ടി
വന്നിച്ചു വഴികളെക്കൊണ്ടു നാട്ടിൽ എല്ലാം - പുഴകളുടെ വെള്ളം വളരെ കുറഞ്ഞു വേനലിൽ
വരും - ഉഷ്ണകാലത്തിൽ പുഴകളുടെ വെള്ളം വളരെ കുറഞ്ഞു മിക്കതും
മുഴുവനും പറ്റിപ്പോകകൊണ്ടു നാട്ടുപലദിക്കിലും വെണ്മ പോലെ പ്രകാരം തോ
ന്നും - നാട്ടുകാരുടെ കൃഷിഫലം കിട്ടേണ്ടതിന്നു അത്യന്തം അദ്ധ്വാനം കഴിക്കേ
ണ്ടിവരുന്നു - വിശേഷമായ്ക്കൃഷിവകകൾ പലവിധം പയറുകൊത്തമ്പാലം മുതലായ
ധാന്യങ്ങളും തന്നെ

ദ്വിതീയാനന്ദികളുടെ ഉറപ്പു ദേശത്തിൽ മഹാരാഷ്ട്രരാജാക്കന്മാരുടെ
പ്രധാനപട്ടണങ്ങളായ സത്താരയും പൂണെയും കോലാപുരി മുതലായവറ്റിലെ
പ്രദേശങ്ങളിൽ വിശാലമാക്കിക്കിടക്കുന്നു - പണ്ടു ആ ദേശവാസികൾക്കു പൂനാ
പ്രദേശങ്ങളിൽ വിശാലമാക്കി തോന്നിയിരുന്നു -
പൂനാ എന്നുള്ള പേർ തന്നെ ഐശ്വൎയ്യം ശകുനമാക്കി തോന്നിയിരുന്നു -
മഹാരാഷ്ട്രം ഇങ്ക്ലിഷ്കാരുടെ കൈക്കൽ വന്നതു മുതൽ പട്ടണത്തിന്റെ പ്രാ
മുഖ്യവും നിവാസികളുടെ സംഖ്യയും വളരെ കുറഞ്ഞു മഹാരാഷ്ട്രപ്രഭുക്കളുടെ
ആചാരവും - ഇപ്പൊൾ ഇങ്ക്ലിഷ്കാർ ചില പട്ടാളങ്ങളെ
വഴിപ്പെട്ടുവും താണുപോയിരിക്കുന്നു ഇപ്പൊൾ ഇങ്ക്ലിഷ്കാർ ചില പട്ടാളങ്ങളെ
അവിടെ പാൎപ്പിച്ചിരിക്കകൊണ്ടു ഉഷ്ണകാലത്തിൽ ബൊമ്പായി ഗോവൎണ്ണർ
മറ്റും പല സ്ഥാനികൾക്കുകൂടക്കൂടെ ആ ഉയൎന്ന സ്ഥലത്തിൽ കയറിവസിക്ക
കൊണ്ടും പട്ടണത്തിൽ ചുറ്റിലും ശോഭയുള്ള തോട്ടങ്ങളും വിലാസങ്ങളും
കൊണ്ടും പട്ടണത്തിന്നു അലങ്കാരമാക്കി വന്നിരിക്കുന്നു - നാട്ടുകാ
രുടെ വീടുകളും നഗരത്തിന്നു അലങ്കാരമാക്കി വിശേഷിച്ചു ഒന്നും
ൎവസിക്കുന്ന അംശത്തിൽ അണ്ടാദികളുള്ളാതെ വിശേഷിച്ചു ഒന്നും
കാണ്മാനില്ല - പണ്ടെത്ത കോട്ടയും ചുറ്റുമുള്ള മതിലുകളും വീണുകിട
ക്കുന്നു - ക്ഷേത്രങ്ങളുള്ള കോവിലകം ഇങ്ക്ലിഷ്കാർ ഇരുട്ടും ആസ്പത്രിയും കൊട്ടു
തിരുമാളികയായിരിക്കുന്നു - അതിന്നു കിഴക്കെയുള്ള ദേശം എല്ലാം ചൂലനാശം

നിമിത്തവും കാടുകളുടെ ക്ഷാമം വ്യാധി എന്നിവയായ ഉണ്ടാക നിമിത്തവും ഏകദേ
ശം പാഴായി കിടക്കുന്നു - നിവാസികളുടെ ദാരിദ്ര്യത്തെ ഇല്ലാതാക്കയാൽ
ഇംഗ്ലീഷ്കാൎക്ക പാട്ടം ഉണ്ടാകുന്നതില്ല -

൩൩) ഗോദാവരി നദി പ്രവഹിക്കുന്ന നാട്ടുകൾ

മുമ്പെ സഹ്യമലപ്രദേശം വിവരിക്കുന്നതിൽ ഗോദാവരിയുടെ ഉത്ഭവസ്ഥാ
നത്തിന്റെ അവസ്ഥ ചുരുക്കമായി പറഞ്ഞുവല്ലൊ - തപതി നൎമ്മദാ നദികൾ
സഹ്യാദ്രിയെ വിന്ധ്യമലകളിൽ നിന്ന വേൎതിരിക്കുന്ന ദിക്കിലെ ത്ര്യംബകം - നാ
സിക - ജുന്നർ എന്നിവയായ കോട്ടകളുടെ അതിരിൽ നിന്ന പല പുഴകളും
തെക്കുകിഴക്കതെക്കോട്ട് ഒഴുകിക്കൊണ്ട് ടൊക്കൂർ അതിരിൽ വെച്ചു ഒന്നായി ചേൎന്ന
വരുന്നു - ഹിന്തു ജാതികൾ ഉത്ഭവങ്ങളിൽ ഒന്നിനെ ഗോദാവരിയുടെ ഉ
ത്ഭവം എന്നു വെക്കുന്നു - അതിന്റെ കരകളിൽ ഒരൊ ക്ഷേത്രങ്ങളുള്ള
താകകൊണ്ട് ഭാരതഖണ്ഡത്തിലെ സകലദേശത്തിൽ നിന്നും തീൎത്ഥയാത്രക്കാർ
അവിടെക്ക വന്നുകൂടും - ഉത്ഭവനദികളെല്ലാം ഒന്നായി ചേൎന്നതിന്റെ ശേ
ഷം ഗോദാവരി അഹമദനഗരം - ഔരംഗാബാദ് എന്നി രണ്ടു പട്ടണങ്ങളു
ടെ നടുവിലെ ഉന്നതപ്രദേശങ്ങളുടെ ഒഴുകി തൊക്കാപട്ടണ സമീപം വെച്ചു
നിസാമരാജ്യം പ്രവേശിച്ചു തെക്കും വടക്കും നിന്ന് ഒഴുകി വരുന്ന പല പുഴക
ളെയും കൈക്കൊണ്ടു വൎദ്ധിച്ചു വൎദ്ധിച്ചു ബീദർ ദേശങ്ങളുടെ ചെന്ന ശിവലിംഗ
പ്പാ സമീപത്തിങ്കൽ മഞ്ജിറ എന്ന തെക്കെ മലപ്രദേശത്ത നിന്ന പ്രവഹിച്ചു
വരുന്ന നദിയെ ചേൎത്തു തെന്നെ കിഴക്കൊട്ട് ഒടി സത്പുര മലകളിൽ നിന്നത്ത
ട്ടിച്ചു തെക്കോട്ടൊഴുകി വരുന്ന വരദപ്പുഴയെ പരിഗ്രഹിക്കുന്ന ദിക്കിൽ
വിരാട ദേശത്തിന്റെ തെക്കെ അതിരിൽ തന്നെ എത്തി വരുന്നു - കൃഷ്ണാ
ഗോദാവരി നദികളുടെ നടുനാട്ടിന്റെ ഉയരം ഏകദേശം ൨൦൦൦ കാലടി -
വരദപ്പുഴ ചേൎന്നതിന്റെ ശേഷം - ഗോദാവരി ഒരു നാഴിക വിസ്താരമു
ള്ള നദിയായി ഗുണ്ഡവന ദേശം പൂക്കു കിഴക്കതെക്കോട്ട് ഒഴുകി മഹാദേവ
പുരം - മുട്ടികൊട്ട - ഭദ്രാചലം എന്ന ശ്രുതിപ്പെട്ട ക്ഷേത്രങ്ങളെയും കോട്ടകളെ
യും കടന്ന [illegible] പട്ടണത്തിന്ന വടക്കൊട്ടു ഉയൎന്ന ദേശത്തെ വിട്ടു
ചെറുതാഴ്വരകളിലും പിളൎപ്പുകളിലും കുന്നുമലകളിൽ നിന്നിറങ്ങി രാജമ
ഹേന്ദ്രി സമീപത്തിങ്കൽ രണ്ടു കൈകളായി പിരിഞ്ഞു താണനാട്ടുടെ പ്ര
വഹിച്ചു കൊരിംഗ - അമലപുരം - നരസിംഹപുരം എന്നിവയായ സ്ഥലങ്ങളിൽ
വെച്ചു സമുദ്രത്തിൽ ചെന്നുകൂടുന്നു -

ഗോദാവരി കൃഷ്ണാ നദികൾ ഒഴുകുന്ന ഉയൎന്ന ഭൂമിയിൽ പണ്ടു [illegible]
എന്ന പെരുള്ള മഹാരാജ്യം ഉണ്ടായിരുന്നു - മുകിള സമ്രാട്ടുകൾ - മഹ്രാട്ട
ജാതികൾ - ഇംഗ്ലീഷ്കാർ എന്നിവയായവരുടെ യുദ്ധങ്ങളാലും മറ്റും പല വിഭാഗ
ങ്ങളാലും മാറ്റവും സംഭവിക്കയാൽ ദേശം ഇപ്പോൾ അനേകം അംശങ്ങളായി കി
ടക്കുന്നു -

തെക്കപടിഞ്ഞാറെ അംശം വിജയപുർ ദേശം തന്നെ - അതിൽ സത്താര
ധാരവാഡി എന്നിവയായ സഹ്യാദ്രിപ്രദേശങ്ങളും അടങ്ങിയിരിക്കുന്നു - അതിന്റെ

അവസ്ഥയും പെഴുതുക്കൾ ആകി പറഞ്ഞുവല്ലൊ മാറാഠ്ഠ—കൎണ്ണാടകഭാഷകൾ അതി
ൽ പ്രധാനമാകിനടക്കുന്നു—ദേശാധിപത്യം മിക്കതും ഇങ്ക്ലിഷ്കാരുടെ കൈക്കലായി—

പടിഞ്ഞാറെ അംശത്തിന്നു ഔരങ്ങാബാദ് എന്നപെർ ഭീമ ഗോദാവ
രികളായ പുഴകളുടെ ഉറവുനാട് അത തന്നെ— അതിൽ നടപ്പായ ഭാഷ
മാറാഠ്ഠ വാക്ക തന്നെ — ആ ദേശത്തിന്റെ പടിഞ്ഞാറെ അംശം ഇങ്ക്ലിഷ്കാർ
പിടിച്ചു ഭരിക്കുന്നു—കിഴക്കെ അംശം നിഷാമരാജാവിന്നു അധീനമായിരുന്നു—
പട്ടണങ്ങളിൽ പ്രധാനമായത ഗോദാവരിയുടെ ഉറവിന്നു സമീപമായ—നാ
സിക (൩൦൦൦൦ നിവാസികൾ) ഭീമപുഴയുടെ കരയിലെ അഹമദ്നഗരം (൨൦൦൦൦ നി
വാസികൾ) ഗോദാവരിയിൽ ചെന്നുവരുന്ന പൂൎണ്ണാപുഴയുടെ കരയിലെ
ഔരങ്ങാബാദ് (൬൦൦൦൦ നിവാസികൾ)—ആ പട്ടണത്തിന്ന് അല്പം വടക്കോട്ടു ദൌ
ലത്താബാദ് എന്ന അതിശയമുള്ള കോട്ടയും എല്ലൂരിലെ പുരാണ പാറയമ്പ
ലങ്ങളും മലകളിൽ കൊത്തിച്ചുകിടക്കുന്നു—

വടക്കെ അംശത്തിന്നു ബിരാടം എന്നു പെർ—ഗോദാവരിയുടെ വടക്കെ
ഉപനദികൾ മിക്കവാറും ആ ദേശത്തിൽ നിന്നു തുടങ്ങിവരുന്നു—അതിൽ വിശി
ഷ്ടമായത വരദാപുഴ തന്നെ— നിവാസികൾ മിക്കതും മാറാഠ്ഠരും തെലുങ്കരും ആക
ന്നു—പ്രധാനപട്ടണങ്ങൾ നാഗപുരം ഏകദേശം ൩ ലക്ഷം നിവാസികൾ—വി
രാടരാജാവിന്റെ രാജധാനി അവിടെ തന്നെ— തപതിനദിസമീപത്തി
ന്നു കിടക്കുന്ന ശാവൽഘർ കോട്ട നിഷാമരാജാവിന്റെ നാട്ടുവാഴികളുടെ വാസ
സ്ഥലമായ എലിച്ചപുരം—അജയന്തി എന്ന കണ്ടിവാതിലിന്നരികെയുള്ള
അജയന്തിപട്ടണവും മറ്റും ഉണ്ടു— നാഗപൂർ രാജ്യവും (പ്രവൃത്തി) കുമ്പഞ്ഞിസ
ൎക്കാരിൽ അടങ്ങിവന്നിരിക്കുന്നു—

തെക്കുകിഴക്കെ അംശം ഹൈദരാബാദ് ദേശം തന്നെ— അതിലെ നി
വാസികൾ പുറനാട്ടിൽ നിന്നു വന്ന മുസല്മാനരും തെലുങ്കരും എന്നിങ്ങനെ ര
ണ്ടു വിധം— ആ ദേശത്തിലെ പ്രധാനപട്ടണം മൂസപുഴയുടെ വക്കത്തുള്ള ഹൈ
ദരാബാദ് എന്ന നിഷാമരാജധാനി— നിവാസികൾ ൨ ലക്ഷം മിക്കവാറും പട്ടാ
ണികൾ തന്നെ — അവിടെ നിന്നു മൂന്നു നാഴിക പടിഞ്ഞാറൊട്ടു ഗൊല്ക്കൊണ്ട കോ
ട്ടയും അല്പം വടക്കൊട്ടു സിക്കന്തരാബാദ് എന്ന ഇങ്ക്ലിഷ്കാരുടെ പട്ടാളവാസ
സ്ഥലവും ഉണ്ടു തെലുങ്കരാജാക്കന്മാരുടെ കാലത്തിൽ രാജധാനിയായ വ
രങ്കൽ ഇപ്പൊൾ ഏകദേശം ക്ഷയിച്ചുപൊയിരിക്കുന്നു—

ബിദർ എന്ന നടുഅംശത്തിൽ മഞ്ജിരനദിയുടെ കരയിലെ ബിദർ
പട്ടണം പ്രധാനം— ആ നാട്ടിൽ മാറാഠ്ഠ— തെലുങ്ക— കൎണ്ണാടകഭാഷകൾ മൂന്നും
കൂടി നില്ക്കുന്നു— അവിടെ വാഴുന്ന നിഷാം എന്ന മുസല്മാൻ രാജാവിന്നു
ഇങ്ക്ലിഷ്കാരുമായി കരാർ ഉണ്ടാകകൊണ്ടു മേലധികാരം ഇങ്ക്ലിഷ്കാരുടെ കൈ
ക്കൽ തന്നെ എന്നു പറയാം—

൩൧. വടക്കെ സൎക്കാർ നാടുകൾ

കൃഷ്ണാനദിമുതൽ മഹാനദിയോളമുള്ള ബങ്കാളകടല്ക്കരനാട്ടിന്നു വട
ക്കെ സൎക്കാർ എന്നു പെർ വന്നു— അതിലെ നിവാസികൾ തെലുങ്കർ— ഉഡി

യർഷന്നിരണ്ടുവകക്കാർ തന്നെ — പട്ടണങ്ങളിൽ ചില സമ്പന്മാരും കൂടി
യെറിവസിക്കുന്നു — ദെശം മിക്കതും താണഭൂമിയാകകൊണ്ടും കൃഷ്ണാഗൊദാ
വരി മുതലായ പല നദികൾ അതിൽകൂടി ഒഴുകീട്ടു വെള്ളം നിറഞ്ഞതാക
കൊണ്ടും കൃഷികൾ വളരെ നടക്കുന്നു — നിവാസികളുടെ സംഖ്യ [illegible]ലക്ഷം
ഉണ്ടായിരിക്കും — കന്തർ എന്ന കുന്നുവാഴികൾ ചിലടത്തിൽ നരമെധം കഴിച്ചു
വരുന്നു — ദെശത്തിന്റെ മൂന്നംശമുള്ളതിൽ വടക്കുള്ളതു ഗഞ്ചാം സർക്കാർ
തന്നെ — അതിലെ പ്രധാന നഗരമായ ഗഞ്ചാം കടപ്പുറത്തു കിടക്കുന്നു — നാ
ട്ടുകാരുടെ ബ്രഹ്മപുരി മുതലായ സ്ഥലങ്ങൾ പ്രധാനം — തെക്കെ ചിക്കാകൊൽ സ
ർക്കാർ വ്യാപിച്ചു കിടക്കുന്നു — അതിന്റെ പുരാണനാമം കലിംഗനാടു — അതി
ലെ മുഖ്യസ്ഥലങ്ങൾ കലിംഗപട്ടണം — ചിക്കാകൊൽ — വിശാഖപട്ടണം എ
ന്നിവതന്നെ — അതിന്റെ തെക്കെ അതിരിൽ രാജമഹെന്ദ്രി സർക്കാർ ഗൊ
ദാവരിയുടെ കരമെൽ കിടക്കുന്നു — പ്രധാന നഗരങ്ങൾ സമുല്ക്കൊട്ട — രാജമ
ഹെന്ദ്രി — കൊരിംഗ മുതലായവതന്നെ — രാജമഹെന്ദ്രിയുടെ അതിരിൽ ഏ
ളൂർ എന്ന ചെറിയ സർക്കാർ ദെശം ഉണ്ടു — നാട്ടിന്റെ പെർ പ്രധാന പട്ട
ണത്തിന്നും ഉണ്ടു — അവിടെനിന്നു തെക്കൊട്ടു ഗൊണ്ടാപള്ളി സർക്കാർ നാട്ടു
കൃഷ്ണാനദിയുടെ വടക്കെ കരമെൽ ഇരിക്കുന്നു — പട്ടണങ്ങൾ നാട്ടുകന്നുള്ള
ഗൊണ്ടാപള്ളിയും സമുദ്രകരക്കൽ കിടക്കുന്ന മച്ചിലിബന്തറും — തെക്കെ സർക്കാ
ർ നാട്ടിന്റെ പെർ ഗുണ്ടൂർ അതിന്റെ വടക്കെ അതിർ കൃഷ്ണാനദി തന്നെ
പട്ടണങ്ങൾ ഗുണ്ടൂർ — വെള്ളക്കൊണ്ട മുതലായവതന്നെ —

൩൪.) മഹാനദി നാടു ~~[illegible]~~

മെൽ വിവരിച്ചു പറഞ്ഞ സർക്കാർ ദെശങ്ങളുടെ വടക്കപടിഞ്ഞാറെ അതി
രിലും വിരാടനാട്ടിന്റെ കിഴക്കെ അറ്റത്തും വിശാലമായി കിടക്കുന്ന ഭൂമിക്കു ഗു
ണ്ട്വനം എന്ന നാമം ഉണ്ടു — അതിന്റെ തെക്കെ അംശം ക്രൂരനിവാസിക
ളും നിറഞ്ഞ കാടുകൾ കൊണ്ടു സൂക്ഷ്മമായി വിവരിപ്പാൻ പാടില്ല — വടക്കെ അ
ംശമായ അമരകണ്ടം മഹാനദി നർമ്മദ ശൊണ മുതലായ പുഴകൾ ഉത്ഭ
വസ്ഥാനം ആകയാൽ ആ നാട്ടിന്റെ ഉയരം അല്പം അല്ല എന്നു വിചാരിക്കാം —
൩൦൦൦ കാലടി ഉയരം ചിലരും ആയിരം പൊരും എന്ന അവിടപൊയവ
രുടെ പക്ഷം

അമരകണ്ടത്തിൽ നിന്നു മഹാനദിയും ഉത്ഭവിച്ചു കാട്ടിലും മലകളി
ലും ചെന്നു ശ്രീനാരായണ സമീപത്തു വെച്ചു വടക്കനിന്നു ഒഴുകിവരുന്ന
ഹസ്തനദിയെ കൈക്കൊണ്ട ശെഷം തെക്കൊട്ടു തിരിഞ്ഞു സമ്പൽപുരി
സമീപത്തിൽ തെലപുഴയെ ചെർത്തു മലകളെ വിട്ടു കിഴക്കൊട്ടു താണനാ
ട്ടൂടെ ഒരു നാഴികവിസ്താരമുള്ള നദിയായി ഒഴുകി കട്ടക പട്ടണത്തി
ന്നരികെ അനെക കൈകളായി പിരിഞ്ഞു ബങ്കാള സമുദ്രത്തിൽ ചെ
ന്നു കൊണ്ടിരിക്കുന്നു —

മഹാനദി ഒഴുകുന്ന നാടുകളുടെ പടിഞ്ഞാറെ അംശമായ ഗൊണ്ഡവ
നം മിക്കവാറും മലയും കാടുമാകുന്നു — അതിലെ നിവാസികൾ പലവിധമായ
കാട്ടാളരത്രെ — ഹിന്തുക്കളിൽ നിന്ന പലവിധെന വെർപിട്ട കൂട്ടരും ആകകൊ
ണ്ടും ദേശം മിക്കതും പുലി കടുവ മുതലായ ദുഷ്ടമൃഗങ്ങൾ നിറഞ്ഞതാക
കൊണ്ടും അതിന്റെ വിവരം സ്പഷ്ടമായി അറിവാൻ ഇതുവരയും സംഗ
തിവന്നിട്ടില്ല — വലിയ പട്ടണങ്ങൾ ഒന്നും ആ രാജ്യത്തിൽ കാണുന്നില്ല —
ജനങ്ങൾ പലകൂട്ടങ്ങളായി ചെറു ഗ്രാമങ്ങളിൽ വസിച്ചും അല്പം കൃഷി ചെയ്തു
കാട്ടുകിഴങ്ങു മുതലായതും തിന്നു കൂടക്കൂട പുറപ്പെട്ടു പുതിയ വാസസ്ഥലങ്ങളെ
അന്വേഷിച്ചു കുടിയേറും — ചിലർ വീടുകളെ കെട്ടാതെ പാറകളിലും ഗുഹകളിലും
മൃഗപ്രായരായി പാർത്തു മനുഷ്യമാംസവും തിന്നുന്നവരായി നടന്ന
വരുന്നു — ബങ്കാർ — ഗുംസൂർ മുതലായ ദേശങ്ങളിൽ വെച്ചു ചിലർ നരമെ
ധവും കഴിക്കും — ആയതു ഇങ്ക്ലിഷ്കാർ വിരോധിച്ചു ചിലപ്പൊൾ കുലം ചെ
ക്ഷം ഇരിക്കുന്നു — അവിടെ നടപ്പായ ഭാഷകളും പലവിധം പ്രധാനമായത
ഗൊണ്ഡ — കന്ദ — തെലുങ്ക — മാറാഠി വാക്കു തന്നെ — ഗൊണ്ഡഭാഷ ദ്രാ
വിഡഭാഷകളുടെ ശാഖ ആകുന്നത്രെ — വിശേഷസ്ഥലങ്ങൾ ഏതെന്നാൽ നർമ്മദാ
നദികളുടെ ഉറവു സമീപത്തുള്ള അമരകണ്ടവും മഹാനദി ഹസ്തുപുഴകളു
ടെ നടുനാട്ടിലെ രത്നപുരവും മഹാനദിയുടെ തെക്കെക്കരയിലെ രായപു
രവും വരദനദി സമീപത്തുള്ള ചന്ദപട്ടണവും മറ്റും ഉള്ളവ — രാജ്യത്തി
ൽ എവിടയും ജനപുഷ്ടി ചുരുക്കം തന്നെ

മഹാനദി ഒഴുകുന്ന ദേശത്തിന്റെ കിഴക്കെ അംശവും അതിനുവ
ടക്കൊട്ടു ബ്രാഹ്മണി മുതലായ പുഴകളുടെ പ്രവാഹദേശവും എല്ലാം ഉ
ൽകലം എന്നും ഉഡിയ രാജ്യം എന്നും പേർ കൊണ്ടിരിക്കുന്നു — ഈ വിസ്താര
മുള്ള രാജ്യത്തിൽ പടിഞ്ഞാറെ അംശം പ്രത്യക്ഷം സഞ്ചരിച്ചു കാട്ടും കുന്നും
ആകുന്നു — കടപ്പുറം മഹാനദി മുതലായ പുഴകൾ അനേക കൈകളാകി സമു
ദ്രത്തിൽ കൂടുക കൊണ്ടു മനുഷ്യവാസത്തിന്നു ആകാത്ത ചളിപ്രദേശം
ആകുന്നു — ഇതിന്നു താണ രാജവാട എന്നും മുമ്പെതിന്ന് ഉയർന്ന രാജ
വാട് എന്നും ~~എന്നു~~ പേർ പറയുന്നു — രണ്ടു ദേശങ്ങളുടെ നടുവിൽ മുക
ൾവണ്ടി എന്ന സ്വരൂപമുള്ള കൃഷിഭൂമി ഏകദേശം ൪ കാതം അകലമായി മ
ഹാനദിയിൽ നിന്നു വടക്കോട്ടു പരന്നു കിടക്കുന്നു — കൃഷിഫലങ്ങളിൽ മുഖ്യ
മായതു നെല്ലു മുതലായ ധാന്യങ്ങളും തെങ്ങ് അടക്കാ പുകയില കരിമ്പു
ത്യാദികളും തന്നെ —

ഉഡിയ രാജ്യത്തിലുള്ള മുകൾവണ്ടി — താണ രാജവാട ഈ രണ്ടു
ദേശങ്ങളിൽ കട്ടക്ക — ബാലേശ്വരം — ജഗന്നാഥപുരം ഈ മൂന്നു പ്രധാന
പട്ടണങ്ങൾ ഉണ്ടു — നിവാസികളുടെ സംഖ്യ ഏകദേശം ൧൩ ലക്ഷം —
മലവാസികളുടെ ക്രൂരത നിമിത്തം ഉയർന്ന രാജവാടകളുടെ വിവരം അ
റിവാൻ സംഗതി വന്നില്ല — പ്രജകൾ എല്ലാവരും ഹിന്തുമതക്കാർ അത്രെ.

കുന്ന അവരുടെ ഭാഷ സംസ്കൃതബംഗാളഭാഷകളുടെ ഒരു ശാഖയത്രെ -
പ്രവൃത്തി മിക്കതും കൃഷി തന്നെ കൈത്തൊഴിലുകളും കച്ചവടവും ചുരുക്ക
മെയുള്ളു -

മഹാനദി പല കൈകളായി പിരിഞ്ഞു പൊകുന്നദിക്കിൽ കട്ടക് സമുദ്രത്തി
ൽ നിന്ന ഒരു കാതം വഴി പടിഞ്ഞാറെ തട്ടത്ത അകന്നു നില്ക്കുന്നു - പൂൎവ്വ നിൎമ്മാ
ണങ്ങളിൽ പാൎവ്വതി കൊട്ട മാത്രം ശെഷിച്ചിരിക്കുന്നു - ഒരു പെത്തിശയമാ
യ കൊവിലകൂടി ഉള്ളത ഇപ്പൊൾ കല്ലുന്നാക്കി കിടക്കുന്നു - കട്ടക്കിൽ ഏകദെശം
നാലായിരം വീട്ടുകളും 40000 നിവാസികളും ഉണ്ടായിരിക്കും - ബാലെശ്വരം ബ്രാഹ്മ
ണി പുഴകളുടെ കൈകളുടെ നടുവിൽ കടപ്പുറത്തു തന്നെ കിടക്കുന്നു - നല്ല
തുറമുഖം ഉണ്ടാകകൊണ്ടു ക്രമത്താലെ പറങ്കികൾ മുതലായ കച്ചവടക്കാരി
കൾ പട്ടണത്തിൽ പാണ്ടികശാലകളെ കെട്ടി പാൎത്തു കച്ചവടം ചെയ്തു പൊന്നു -
ഇപ്പൊഴും അവിടെ പാൎക്കുന്ന 50000 നിവാസികൾ മിക്കവാറും കച്ചവടക്കാർ
തന്നെ - വിശെഷ ചരക്ക ധാന്യവും ഉപ്പും മറ്റും ആകുന്നു - മഹാനദിവ
ക്കത്ത സമുദ്രതീരത്തിങ്കൽ വളര ക്ഷെത്രങ്ങളാലും പ്രസിദ്ധിപ്പെട്ടു വിളങ്ങുന്ന
ജഗന്നാഥപുരം തന്നെ ഉണ്ടു - അവിടെ മുപ്പതിനായിരം നിവാസിക
ളുണ്ട എങ്കിലും മുറ്റും ക്ഷെത്രത്തിലെ മഹൊത്സവങ്ങൾക്ക ചെരുന്ന
പുരുഷാരങ്ങളുടെ സംഖ്യ ഒന്നര രണ്ടു ലക്ഷമായിരിക്കും - ക്ഷെത്രങ്ങളല്ലാ
തെ പട്ടണത്തിൽ ഒന്നും കാണ്മാനില്ല - ക്ഷെത്രങ്ങളിൽ വിശിഷ്ടമായത
പുരുഷൊത്തമ ക്ഷെത്രം തന്നെ ഉത്സവത്തിന്ന പൊകുന്നവരുടെ സംഖ്യ
കുറയുന്നതാലും ക്ഷെത്രധനവും വളരതാണു കാത്രക്കാരുടെ ഏറ്റ കുറി
ക്കാറുന്നതാലും പൊകുന്ന പ്രകാരം കാണുന്നു -

സഹ്യനൎമ്മദാ തപതി നദികൾ ഒഴുകുന്ന ദെശങ്ങൾ

തപതി നൎമ്മദാ നദികളുടെ ഉല്പത്തി സ്ഥാനമായത ഉണ്ടവനം തന്നെ -
തപതി 4000 കാലടി ഉയരമുള്ള മഹാദെവമല പ്രദെശത്തനിന്ന തപതിഉ
ത്ഭവിച്ചു രണ്ടു കൈകളായി ഗാവിൽഘർ മുതലായ കൊട്ടകളെ കടന്നു മലപ്ര
ദെശത്തൂടെ പടിഞ്ഞാറൊട്ട ഒഴുകി പൂൎവ്വത്തിൽ പ്രധാന പട്ടണമായ ബ്രഹ്മപു
രി സമീപത്തിങ്കൽ വെച്ച ഒന്നാകി ചെന്നു സല്പുര മലകളുടെ അടിക്കിൽ ദി
ല്ലർ മുതലായ ഭില്ലജാതികൾ വസിക്കുന്ന ഖണ്ഡെഷ എന്ന നാടുള്ള
ഭൂമിയൂടെ ചെന്നു സൂരത്ത എന്ന മഹാകച്ചവട പട്ടണ സമീപത്തിൽ എത്തിക
ടലിൽ ഒഴുകി ചെരുന്നു -
സൂരത്ത പ്രവെശിപ്പാൻ തക്ക നദികളായിക്കമ്പായ ഉൾകടലിൽ ഒഴുകി ചെരുന്നു -
ഈ നദി ഒഴുകുന്ന കിഴക്കെ ദെശത്തിൽ വിശെഷ നഗരങ്ങളില്ല ബ്രഹ്മപു
രി മുതലായ ദെശത്തിലെ നിവാസികളായ മുസ
ൽമാനരിൽ പണ്ടു നടന്ന കച്ചവടവും കുറഞ്ഞു അതിലെ നിവാസികളായ
ല്ലാമാർ ചിതറി ഇല്ലാതായി സൂരത്ത മുതലായ പട്ടണങ്ങളിൽ ചെന്നു പാൎത്തു
ന്നു - ആ പട്ടണത്തിന്റെ നാരികിൽ ഉയൎന്ന പാറമെൽ കിടക്കുന്ന അസ്സീർഘർ കൊ
ട്ടക്ക ഇപ്പൊൾ ആധിക്യം ഉള്ളത -

തപതി നൎമ്മദാ നദികൾക്ക ഒഴുക്കങ്ങളുടെ ദീൎഘത്താലത്രെ തമ്മിൽ ഭേദം
കാണുന്നു — തപതി പ്രവാഹ ദീൎഘ് [illegible] നൎമ്മദാ കൊണ്ടെ ആകും — എന്നിട്ടും
രണ്ടു പുഴകൾക്കും ഉദയപ്രദെശം ഒന്നു ഒഴുക്കവും നെരെ പടിഞ്ഞാറൊട്ടു തന്നെ ര
ണ്ടിന്റെ കരകളിൽ മലകൾ അടുത്തു നില്ക്കകൊണ്ടു അവറ്റിന്റെ പ്രവാഹി
നാട്ടുകളും നദികളും ചുരുക്കമെയുള്ളു

നൎമ്മദാനദി അമരകണ്ടത്തിന്റെ വടക്കിഴക്കെ അംശത്തിൽ ഉത്ഭ
വിച്ചു പല അരുവിയാറുകളായി മലകളിൽനിന്നു പടിഞ്ഞാറൊട്ടു ഇറങ്ങി
ചെന്നു മണ്ഡലം മുതലായ കൊട്ടകളെ കടന്നു ജബല്പൂർ സമീപത്തു വെച്ചു ഹരി
പുഴയെ ചെൎത്തു വലിയ നദിയായി പാറകളിൽകൂടി ഒഴുകി ഹൊഷങ്ങാബാദ്
നഗരത്തിന്റെ അരികെ ചെറുകപ്പൽ ഓടുവാൻ തക്ക നദിയായി വരുന്നു പടി
ഞ്ഞാറൊട്ടോടി ഹിണ്ഡിയ — ഒക്കാർ — മുതലായ കൊട്ടകളെ കടന്നു മാളവദെ
ശത്തിന്റെ തെക്കെ അതിരിൽകൂടി ഒഴുകി രാജപിപ്പള മലകളെ കടന്നി
ട്ടു ഗുജ്ജരത്തിൽ പ്രവെശിച്ചു ബരൊച്ച് (ഭൃഗുകച്ഛ) പട്ടണസമീപത്തിൽ ബ
ഹു വിസ്താരമുള്ള നദിയായി കമ്പായക്കുടക്കടലിൽ ചെന്നു ചെരുന്നു

നൎമ്മദാനദിപ്രദെശം മിക്കതും മലനാടാകകൊണ്ടു വിസ്താരം കുറ
ഞ്ഞ താഴ്വരെക്ക സദൃശമാകുന്നു — പുഴവക്കത്തു വിശെഷനഗരങ്ങളില്ല
ആകുന്നത്രെ ഉദയസമീപത്തുള്ള അമരകണ്ഡഗ്രാമത്തിന്നു ജനപുഷ്ടിക്കൊ
ണ്ടല്ല വിശിഷ്ട പാൎവ്വതി ക്ഷെത്രത്താലെ അല്പം കീൎത്തി വന്നതു — അവിടെ
നിന്നു പടിഞ്ഞാറൊട്ടു ജബല്പൂരൊളം പല ഗ്രാമങ്ങളും കൊട്ടകളും പുഴവക്കത്തു
ഉണ്ടു — വടക്കെകരസമീപത്തിരിക്കുന്ന ജബല്പൂർ ഇങ്ക്ലിഷ് പട്ടാളത്തിന്നും മറ്റും
വാസസ്ഥലവും നാട്ടിലെ പ്രധാന നഗരവുമായി തീൎന്നിരിക്കുന്നു — അവിടെ
നിന്നു പടിഞ്ഞാറു നദി അല്പം വിസ്താരമുള്ള താണനാട്ടൂടെ ഒഴുകുന്നു —
പിന്നെ പുഴയുടെ തെക്കെക്കരമെൽ ഹൊഷങ്ങാബാദ് എന്ന പ്രധാനന
ഗരം ഇങ്ക്ലിഷ് അധികാരികൾക്കും പട്ടാളത്തിന്നും ഇരിപ്പിടമായി വിളങ്ങുന്നു —
അവിടെനിന്നു നൎമ്മദാ വിന്ധ്യ സാല്പുര മലകൾ വ്യാപിച്ചു പല പെരുകളെ
കും ധരിച്ചു പണ്ടത്തെ കലഹവും നിവാസികളുടെ ക്രൂരതയും നിമിത്തം പല ദിക്കി
ലും കാടായി ചമഞ്ഞിരിക്കുന്നു — നെമാവൂർ — ഹിണ്ഡിയ — മന്തൊട്ടയും മറ്റും മുഖ്യ
സ്ഥലങ്ങൾ തന്നെ —

നൎമ്മദാനദി മലകളെ വിട്ടു ഗുജ്ജരം എന്ന താണഭൂമിയെ പ്രവെശി
ക്കുന്ന ദിക്കിൽ ചില പുരാണ പട്ടണങ്ങൾക്കും ക്ഷെത്രങ്ങൾക്കും കാശി — ജഗ
ന്നാഥം — രാമെശ്വരം എന്നീ സ്ഥലങ്ങൾക്ക ഒത്ത കീൎത്തിയും മാഹാത്മ്യവും
വന്നിരിക്കുന്നു — മലകളിൽനിന്നു പ്രവാഹിച്ചു വരുന്ന നൎമ്മദാവെള്ളം
അത്യന്തം ശുദ്ധം എന്നു വെച്ചു അനെകതീൎത്ഥയാത്രക്കാർ സ്നാനത്തിന്നു വെ
ണ്ടി കൂടക്കൂടെ അങ്ങൊട്ടു ചെല്ലുമാറുണ്ടു — വിശിഷ്ട നഗരങ്ങൾ ചണൊദ് — ചി
ന്നൂർ — രക്കൂർ മുതലായവ തന്നെ — നിവാസികളുടെ അജ്ഞാനം നിമിത്തം
വിധവമാരുടെ അഭിഷെകകപ്പെൺകുട്ടികളെ വധിക്കപ്പുണ്യ നദിയിൽ ചാടുമതി

കച്ചത്തുരുത്തികൾ മുതലായ മുഖ്യപട്ടണം നിൎമ്മിച്ചവൎക്കു മറവപ്പാട്ടുകളാകില്ല

ഗുൎജ്ജരം എന്ന നാനാദേശങ്ങളൂടെ ഒഴുകുന്ന നദിപ്രദേശങ്ങളുടെ അ
വസ്ഥ പറയുന്നു — നൎമ്മദാ കമ്പായ ഉൾക്കടലിൽ കൂടുന്ന ദിക്കിൽ നിന്നു അല്പം
കിഴക്കു പുഴവക്കത്തു തന്നെ ബറൊച്ച് പട്ടണവും അതിനോടു ചെൎന്ന ദേശവും
ഉത്തമങ്ങളും ശോഭിച്ചുകിടക്കുന്നു — പട്ടണനിവാസികൾ ഏകദേശം മുപ്പതിനാ
യിരം ആകിയിരിക്കും — നൎമ്മദാവക്കത്തുള്ള ക്ഷേത്രങ്ങളിൽ പുറനാട്ടിൽ നിന്നു
ബ്രാഹ്മണങ്ങൾ വന്നു സ്നാനം കഴിക്കും — ഏറെയതിലും വൎഷകാലത്തിലെ മ
ത്തെ കപ്പലുകൾക്കു പട്ടണത്തോളം ഓടുവാൻ കഴികയും — നൎമ്മദാനദിക്കു നല്ല
വിസ്താരമുണ്ടെങ്കിലും ആഴം കുറവുള്ള പുഴയും ഉള്ളു — പട്ടണത്തിലെ ആസ്പത്രി
കളിൽ ദീനക്കാരെ മാത്രമല്ല കുരങ്ങു - മയിൽ - കുതിര - നായി - പൂച്ച - പെൺ
ചെള്ളു മുതലായ ജീവികളെയും പോറ്റേണ്ടതിന്നും സമ്പ്രദായമുണ്ടുടെവ
ഴുതുന്നിറെക്കേണ്ടതിന്നും പടിഞ്ഞാറുനിന്നു തെക്കും കിഴക്കും വരുന്നതു-
പട്ടണത്തിലെ പാൎസികളും മുസല്മാന്മാരും മിക്കവാറും കച്ചവടക്കാരാകുന്നു-
നാട്ടുകാരുടെ മുഖ്യവൃത്തി കൃഷി തന്നെ -

തപതിനദി സമുദ്രത്തിൽ കൂടുന്ന അഴിമുഖസമീപത്തു തന്നെ മഹാ
കച്ചവടസ്ഥലമായ സൂരത്തിപട്ടണം വിളങ്ങുന്നു — അതിന്റെ മാഹാത്മ്യം
ഇപ്പോൾ ഇല്ലാതാകി ബൊംബായി പട്ടണം വൎദ്ധിക്കകൊണ്ടും സൂരത്തിൽ കുറച്ചിലു
കാണുന്നു — നിവാസികൾ വളരെ കുറഞ്ഞുപോയെങ്കിലും സംഖ്യ ഇപ്പൊഴും നാ
ലു ലക്ഷത്തിന്റെ താഴെ അല്ല — പണ്ടു ൮ ലക്ഷത്തോളം അവിടെ കൂടിയിരുന്നു-
ന്ന വാതിലുകളൊടും കൂട നഗരത്തെ ചുറ്റിനില്ക്കുന്ന പുറമതിലി
ന്റെ നീളം ഏകദേശം ൬ കാതം വരും — അതിൽ വാഴുന്നവർ ഇങ്ക്ലിഷ്കാ
രന്റെ ... ഏകദേശം ... മിക്കതും പാൎസികളുടെ കൈക്കലാകി — ഹിം
ദുക്കൾ തന്നെ — നടക്കുന്ന കച്ചവടം മിക്കതും പാൎസികളുടെ കൈക്കലാകി -
വിചാരത്താൽ മുതലായവരെക്കൊണ്ടു തൊഴില്ക്കാരുടെ പ്രവൃത്തിക്കും പറ്റി -
എങ്കിലും മുമ്പെത്ത മഹിമ്പം ഒന്നു ഖണ്ഡികകളാകി നടക്കുന്നതിനു കുറവില്ല -
ആസ്പത്രികളിൽ ദീനക്കാരെ പലവക മൃഗങ്ങളെ പോറ്റുന്നതും ഉണ്ടു — ബറൊച്ച്
പട്ടണത്തിൽ നിന്നു ഏകദേശം ൯ കാതം വടക്കിഴക്കൊട്ടു യാത്ര പുഴവക്ക
അതു തന്നെ ഗകിക്കവാട എന്ന ഗുൎജ്ജരരാജാക്കന്മാരുടെ വാസസ്ഥലമായ
അഹമ്മദാബാദ് പട്ടണം നല്ല കൃഷിസ്ഥലങ്ങളൊടും കൂട ശോഭിച്ചു കിടക്കുന്നു —
നിവാസികൾ ഏകദേശം ൧ ലക്ഷം — മുകിൾപാദുഷാവിൻ കാലത്തു പട്ടണത്തി
ന്നുണ്ടായ ശൊഭ ഇപ്പൊൾ കാണുന്നില്ല അതിന്റെ വിസ്താരം ഇടിഞ്ഞുകി
ടക്കുന്ന ശേഷിപ്പുകളെ നോക്കീട്ടു അറിയാം — പാൎസികൾ - മുസല്മാ
നർ - ഹിന്തുക്കൾ എന്നീ മൂന്നു വക നിവാസികൾ അല്പം കച്ചവടവും നടത്തി
വരുന്നു — ചുറ്റുമുള്ള ഊരുകളിൽ കൃഷി തന്നെ അധികം — ബറൊദയി

ൽ നിന്നു തെക്കപടിഞ്ഞാറു മഹി പുഴ കമ്പായ ഉൾകടലിൽ ഒഴുകി ചെരുന്നു-
അതിന്റെ ഉല്പത്തി വിന്ധ്യമലയുടെ വടക്കെ അരികിൽ നിന്നു തന്നെ ആകു
ന്നു - അത് ഒഴുകുന്ന നാട്ടിന്റെ മുക്കാലംശം പ്രദെശം തന്നെ - മുമ്പെത്ത
ക്രൂരപീഡ കൊണ്ടു ധനമാഹാത്മ്യവും ജനപുഷ്ടിയും വളരെ ചുരുങ്ങിപ്പൊ
കി - ഗുൎജ്ജരം എന്ന താണഭൂമികൂടെ ഒഴുകുന്ന പുഴവക്കത്തു പലപട്ട
ണങ്ങളും ഊരുകളും നാട്ടിൽ നിറഞ്ഞു കിടക്കുന്നു - അതിൽ പുഴയുടെ
അഴിമുഖത്തിലിരിക്കുന്ന കമ്പായിപട്ടണം തന്നെ പ്രധാനം - അതു പ
ണ്ടു വലിയ കച്ചവട നഗരം എങ്കിലും ക്രമത്തിൽ ആ പട്ടണത്തിന്നു നാ
ശം പറ്റി - ശൊഭയും ജനപുഷ്ടിയും ധനമാഹാത്മ്യവും ഏകദെശം മുടിഞ്ഞു
പൊയി - മെവാട മലപ്രദെശത്തിൽ നിന്നു ഉത്ഭവിച്ചു തെക്കൊട്ടു ഒഴുകി കമ്പാ
യ ഉൾകടലിൽ ചെരുന്ന സപൎമ്മതി പുഴയുടെ കരയിലെ അഹമെദാബാദ് എല്ലാ
ഗുൎജ്ജര പട്ടണങ്ങളിൽ മുഖ്യമായതു തന്നെ - പണ്ടു ആ പട്ടണം പുരാണ
ലൊകനഗരങ്ങൾക്കു സമമായിരുന്നു ഉറപ്പുള്ള കൊട്ടകളും നൂറു മുസല്മാൻ
പള്ളികളും അനെക ക്ഷെത്രങ്ങളും മറ്റും അതിൽ ഉണ്ടായിരുന്നു - ഇപ്പൊ
ൾ ദെവാലയങ്ങളിൽ ഇടിഞ്ഞു വീണ കൊവിലകങ്ങളും പള്ളികളും മറ്റു
ള്ളതെല്ലാതെ പട്ടണത്തിൽ വിശെഷം ഒന്നും കാണ്മാനില്ല - ആ ദെശത്തിൽ
ഗ്രാമനിവാസികൾ ഉള്ള ഊരുകൾ പലതും ഉണ്ടു.

൩൯) ഭാരതഖണ്ഡത്തിന്റെ മദ്ധ്യാംശം

മഹാനദികളായ നൎമ്മദാദികളുടെ പ്രവാഹനാട്ടുകളെ കൊണ്ടു ദക്ഷിണ
ഖണ്ഡം അവസാനിച്ചിരിക്കുന്നു - ആ നാട്ടുകളിൽ തുടങ്ങി സിന്ധു ഗംഗ ബ്രഹ്മ
പുത്ര നദികളുടെ അഴിമുഖങ്ങളൊളം നീളെ പരന്നു ത്രികൊണരൂപം ധരിച്ചു
കിടക്കുന്ന നദീപ്രവാഹങ്ങളെയും മലപ്രദെശങ്ങളെയും ഒന്നാക്കി ചെൎത്തു
ഭൂമിശാസ്ത്രികൾ മദ്ധ്യാംശം എന്ന പെർ ഇട്ടുകയും ചെയ്തു + (ഹിന്തുസ്ഥാനമെന്നും) -
ആയതിൽ മലപ്രദെശം താണനാട്ടു എന്നിരണ്ടു വക ഭൂമികളെ വെവ്വെറെ
വിവരിക്കെണ്ടതല്ലാതെ മൂന്നംശങ്ങളാക്കി വിഭാഗിക്കാം - അതിൽ തെ
ക്കെ അംശം നൎമ്മദാനദിതീരം തുടങ്ങി യമുനാനദിയൊളം വ്യാപിച്ചു നില്ക്കു
ന്ന മലനാട്ടു - പടിഞ്ഞാറെ അംശം സിന്ധു മുതലായ നദികൾ ഒഴുകുന്ന ദെ
ശങ്ങൾ - കിഴക്കുള്ളത ഗംഗ ബ്രഹ്മപുത്ര നദികളുടെ പ്രവാഹരാജ്യങ്ങൾ
തന്നെ ആകുന്നു

൪൦) വിന്ധ്യപൎവ്വതം

സിന്ധു ഗംഗ ഇവ രണ്ടു മഹാനദികൾ ഒഴുകുന്ന താണഭൂമികളുടെ നടുവിൽ
വിന്ധ്യാദി മലപ്രദെശങ്ങൾ നൎമ്മദാ അഴിമുഖത്തിന്നു നെരെ കിഴക്കൊട്ടു
അമരഖണ്ഡത്തിൽക്കൂടി ഗംഗാതീരത്തൊളവും ഏകദെശം ൨൦൦ ചതുര
ശ്രയൊജന വിസ്താരത്തിൽ ചെൎന്നു കിടക്കുന്നു - അവറ്റിൽ നിന്നു
ഉല്പാദിച്ചു വടക്കൊട്ടൊഴുകി ഗംഗയൊടു ചെരുന്ന നദികളിൽ വിശെഷ

മാകന്ദ ചൎമ്മപതി - കാളി - സിന്ധു - ശൊണ - ഇത്യാദികൾ തന്നെ - ഈ വലിയ
മലപ്രദെശത്തിന്റെ തെക്കെ അതിരാകുന്ന തടമ്മലെക്കു മാത്രം വിന്ധ്യൻ
എന്ന പെർ കൊള്ളും - അതിൽ നിന്ന പല ശാഖാഗിരികൾ പുറപ്പെട്ടു പല
പെരുകളും ധരിച്ചു വടക്കൊട്ടു നീണ്ടു നില്ക്കുന്നു - ഈ ശാഖകളിൽ പടിഞ്ഞാറു
ള്ളത സിന്ധു മരുഭൂമിക്കുടെ അതിരാകുന്ന മെവാട - മലപ്രദെശം - കിഴക്കെ
അതിർ ബണ്ഡെലഖണ്ഡം എന്ന മലനാട്ടു തന്നെ - ഈ രണ്ടിന്റെ നടുവിൽ
ചിദൂർ എന്നും നരപതി എന്നും പെരുകളുള്ള രണ്ടു ശാഖകൾ വടക്കൊട്ടു പരന്ന
ദരൊനാട്ടുകളെ വെർതിരിച്ചു നില്ക്കുന്നു - ഈ മഹാമലപ്രദെശത്തിന്നു ൨൦൦൦
കാലടികളിൽ അധികം ഉയരമില്ല - ചിലെടത്തിൽ ൩൦൦൦ - ൪൦൦൦ കാലടി മാത്രമെയുള്ളു -
മലനാട്ടുകളുടെ അവസ്ഥ വെവ്വെറെ ചുരുക്കി പറയാം

൧) മാളവം

കിഴക്ക ബണ്ഡെലഖണ്ഡം തെക്ക വിന്ധ്യപൎവ്വതം പടിഞ്ഞാറു മെവാട
നാട്ടു വടക്ക ഹാറവതി മലപ്രദെശം ഈ നാലതിക്കകത്തകപ്പെട്ട മാളവദെശം
൪൦ കാതം നീളവും ൨൦൦൦ കാലടി ഉയരവും ൧൫൦൦ ചതുരശ്ര യൊജന വിസ്താ
രമുള്ള മലപ്രദെശമാക്കി വ്യാപിച്ചു കിടക്കുന്നു - ഗൊതമ്പും നെല്ലും പലവിധ പ
യറുകളും പരുത്തി പുകയില കരിമ്പ് മുതലായ കൃഷികൾ വളരെ ഫലിച്ചു വരുന്നു - ഒന്നാ
ന്തരം അവിൻ അവിടെ നിന്നുള്ളതു - ഫലവൃക്ഷങ്ങൾക്കും കുറവില്ല - കാ
ട്ടുമൃഗങ്ങളുടെ ബാധ നാട്ടിൽ അധികം ഉണ്ടെങ്കിലും കുതിര ആട്ടു പശു മുതലിക
ളാലും വളരെ ലാഭവും ഉണ്ടു - ദെശത്തിലെ പുഴകളെല്ലാം വിന്ധ്യമലയിൽ
നിന്ന് ഉല്പാദിച്ചു വടക്കൊട്ടൊഴുകി യമുനാനദിയൊടു ചെന്നു ചെരുന്നു -
വിശെഷമായവ ചൎമ്മപതിയും സിന്ധുവും നിൎവ്വിന്ധ്യവും വെത്രവതിയും ത
ന്നെ - മാളവം ഇപ്പൊൾ പല അംശങ്ങളാക്കി വിഭാഗിച്ചു പൊയി ഒരൊരംശത്തെ
ഒരൊ രാജാവ അനുഭവിച്ചു ഇങ്ക്ലിഷ്കാൎക്കു കപ്പം കൊടുത്തു വരുന്നു - നിവാസികളു
ടെ സംഖ്യ ഏകദെശം ൧൫ ലക്ഷം - രാജ്യത്തിലെ മുഖ്യപട്ടണങ്ങളിൽ ഉജ്ജയിനി -
ഇന്ദൂര - ഭൂപാല - സാഗര മുതലായവ പ്രധാനം - നിവാസികൾ മൂന്നു വിധം പുരാണ
കാലമുതൽ അവിടെ കുടിയെറി പാൎത്തു വരുന്ന ബില്ലർ എന്ന കാട്ടാളർ - പണ്ടെ
നാടതിക്രമിച്ചു വന്ന മുസല്മാനർ - ഗംഗാതീരത്തു നിന്ന പുറപ്പെട്ടു മലനാട്ടുകളെ
പിടിച്ചടക്കി വാണു കൊണ്ടിരിക്കുന്ന രജപുത്രർ എന്നിവർ തന്നെ - ബില്ലന്മാർ മല
കളിലും കാട്ടിലും പാൎത്തു വില്ലാളികളായി നായാടി കവൎച്ച ചെയ്തു ഉപജീവനം കഴി
ക്കുന്നു - ചിലർ നാട്ടുകാരുടെ അടിമകളായും ഇങ്ക്ലിഷ് സൎക്കാരിന്റെ പടയാളികളായും
സെവിക്കുന്നു - മുസല്മാനർ മിക്കവാറും മാരാഠി രാജാക്കന്മാരുടെ കാലത്തിൽ
പുറനാട്ടിൽ നിന്ന വന്ന ആയുധപാണികളായി സെവിച്ചവരുടെ സന്തതികൾ
തന്നെ അവർ ഇപ്പൊൾ പട്ടണങ്ങളിൽ ചിതറി പാൎത്തു അല്പം കച്ചവടവും കൃഷി
പണിയും നടത്തുന്നു - രജപുത്രർ രാജ്യത്തിൽ എങ്ങും ആധിക്യം പ്രാപിച്ചു പല
ക്ഷുദ്രകളാക്കി പിരിഞ്ഞു തങ്ങളുടെ ഉല്പത്തിയെയും പൂൎവ്വന്മാരുടെ ശൂരതയെയും
പ്രശംസിച്ചു ഡംഭികളായി നടക്കുന്നു - അധികാരം ഒന്നും ഇല്ലെങ്കിലും മഹാരാ

ജാവം എന്നുള്ള പേർ ധരിച്ചും താന്നവരെ ഉപദ്രവിച്ചും താന്തോന്നികളായി വ്യാപരിക്കുന്നു - ചിലർ ആയുധങ്ങളെ താഴത്തിട്ടു കൃഷിപണി കച്ചവടം മുതലായ വൃത്തികളെ അംഗീകരിച്ചു ദിവസം കഴിക്കുന്നു - ഈ മൂന്നു വകക്കാരല്ലാതെ പലമാതിരി ബ്രാഹ്മണരും ചെന്നു ഉദ്യോഗസ്ഥന്മാരായി സേവിച്ചും കച്ചവടം ചെയ്തും കൊണ്ടിരിക്കുന്നു -

ഹാരവതിമലപ്രദേശം മാളവത്തിന്റെ വടക്കെത്തടത്തിലത്രെ - മാളവം മിക്കതും ഉയൎന്ന നാടു തന്നെ ഹാരവതിദേശം പലശാഖാമലമൂലമായി പരന്നും ചരിഞ്ഞും ഒരോ ചെറു താഴ്വരകളായി പിരിഞ്ഞും കിടക്കുന്നു - പല അരുവിയാറുകളായി നാട്ടിൽ ഒഴുകുന്ന ചമ്മവതി മുതലായ നദികൾ അതിക്രമിച്ചു കയറി കൃഷികൾക്കും മറ്റും പലപ്പോഴും നഷ്ടം വരുത്തുന്നു - താഴ്വരകളിൽ കാറ്റടിക്കായ്കകൊണ്ടും കാട്ടുകളിൽ നിന്നു ഒരോ ദുൎവ്വായുക്കൾ പുറപ്പെട്ടു നാട്ടിൽ വ്യാപിക്കകൊണ്ടും മനുഷ്യൎക്കും മൃഗങ്ങൾക്കും ഉഷ്ണാസഹ്യതയും ശീതപനി അതിസാരം മുതലായ രോഗങ്ങളും ബാധിക്കുന്നു - ഇപ്പോഴും ഭരിക്കുന്ന രജപുത്രന്മാർ ഇങ്ക്ലിഷ്ക്കാരുടെ അധികാരത്തിൽ ഉൾപ്പെട്ടുവന്നു - പ്രധാന പട്ടണങ്ങൾ മിക്കതും പുഴവക്കത്തു തന്നെ കിടക്കുന്നു - ചമ്മവതിയുടെ കരയിൽ രാമപുരം - ഝല്ലരിപട്ടണം - പനാസ് പുഴവക്കത്ത ചിറ്റൂർ - മന്ദസോർ - പുരാണക്ഷേത്രങ്ങളുടെ ശേഷിപ്പുകൾ പലേടത്തും കാട്ടിൽ ഉണ്ടു -

൩൨.) ബന്ധേലഖണ്ഡം

വേത്രവതിപ്പുഴ ഹാരവതിദേശത്തിന്റെ കിഴക്കെ അതിരിൽകൂടി വടക്കോട്ടു ഒഴുകി - യമുനാനദിയിൽ ചെന്നു ചേരുന്നു - ആ പുഴയിൽ നിന്നു കിഴക്ക ശോണനദിയോളവും അമരഖണ്ഡം ഗോണ്ഡവനം ഈ രണ്ടു നാട്ടുകളിൽ നിന്നു വടക്കു യമുനാനദിയോളവും പരന്നു കിടക്കുന്ന മലനാട്ടിന്നു ബന്ധേലഖണ്ഡം എന്ന പേർ - അതിലുള്ള മലകൾ മിക്കതും തമ്മിൽ ചേരാതെ പിരിഞ്ഞിട്ടു വെവ്വേറെ പാറകളായി നില്ക്കകൊണ്ടും മുകൾപരപ്പുകളിൽ മലവാഴികൾ ഒരോ കോട്ടകളെ തീൎത്തുറപ്പിച്ചതകൊണ്ടും നാടൊക്കയും ഉറപ്പുള്ള കോട്ടെക്ക സമം തന്നെ - മലകളുടെ ഉയരം ൨൦൦൦ കാലടിയിൽ അധികം ഇല്ല - നാട്ടിൽകൂടി ഒഴുകുന്ന പുഴകൾ ചമ്മവതിക്കു സമമായ പല അരുവിയാറുകളായി ഒരോ പാറകളിൽ നിന്നു വീണു വീണു പിളൎപ്പുകളിൽകൂടി സ്രവിച്ചു ചെല്ലുന്നു - നിവാസികളുടെ അവസ്ഥയും ദേശംകൃഷിക്കൊത്തുവരുന്നു - ഇങ്ക്ലിഷ്ക്കാർ രാജ്യം പിടിച്ചടക്കുമ്മുമ്പെ ചമ്മവതി യമുന ഈ രണ്ടു നദികളുടെ നടുവിൽ പല രാജാക്കന്മാർ വെവ്വേറെ വാണുകൊണ്ടിരുന്നു - അവരുടെ കലഹങ്ങൾക്കും പരാക്രമങ്ങൾക്കും കവൎച്ചകൾക്കും അവസാനം ഇല്ല - ഒരോരോ മലമേൽ അവർ കോട്ടകളെ കെട്ടിച്ചു പാൎത്തു കവരുവാൻ തക്കം നോക്കി പുറപ്പെട്ടു അയൽവക്കത്തുള്ളവരെ വെറുതെ പീഡിപ്പിച്ചും നിഗ്രഹിച്ചും ധനങ്ങളെ അപഹരിച്ചും കൊണ്ടുപോരും - ആയത്കൊണ്ടു ആ രാജ്യത്തിൽ പൊകി

വ്യാപിച്ചാൽ ഉള്ള പെശ്ശല വിഷമമായിരിക്കുന്നു - ദെശത്തിന്റെ വടക്കെ അതിർത്തിയിൽക്കൂടിയ കുന്നാക്കുതലായ നദികൾ ഒഴുകുകകൊണ്ടു വടക്കെ അംശം നല്ലഭൂമിയുടെ ഭാഷയറിയു കൃഷിക്കുഉചിതനാടായി വിളങ്ങുന്നു - കല്പി - ബണ്ടാ മുതലായ വിശെഷ നഗരങ്ങൾ അവിടെ തന്നെ ഒരുക്കുന്നു - അവറ്റിലെ നിവാസികൾ കൃഷി ചെയ്യുന്നതു മല്ലാതെ ധാന്യം പരുത്തികളുണ്ടി ഇത്യാദിചരക്കുകളെ കൊണ്ടു അല്പാല്പം കച്ചവടവും ചെയ്യുന്നു - ഇങ്ക്ലീഷ് പട്ടാളങ്ങളുടെയും മെലധികാരികളുടെയും വാസസ്ഥലം ബണ്ടാപട്ടണം തന്നെ - മലനാട്ടിൽ രാജാക്കളുടെ പ്രധാന പട്ടണമായ പന്നാപുരത്തിന്റെ ശൊഭ കിഴിഞ്ഞു മുമ്പെന്ന ക്ഷെത്രങ്ങളും കൊവിലകങ്ങളും മിക്കതും വീണുകിടക്കുന്നു - കൊട്ടകളിൽ വിശിഷ്ടമായവ അജയഘർ - കളിഞ്ജർ ഇവരണ്ടു തന്നെ - അവറ്റിന്റെ ഉറപ്പും മാഹാത്മ്യവും ക്ഷയിച്ചുപൊയി, ഇങ്ക്ലീഷ്കാർ നശിപ്പിച്ചു - അജയഘരെക്കും നശിപ്പിച്ചു - കളിഞ്ജരെക്കും വളഞ്ഞു പിടിച്ചു പണ്ടെത്തക്കൂറവാഴ്ചക്കൊട്ടുക്കം വരുത്തിയിരിക്കുന്നു - ഗ്വാളിയൊർ കൊട്ടകളും രാജ്യവും ഇപ്പൊൾ അവർക്കധീനമായി വന്നിരിക്കുന്നു -

൩൩. മെവാട എന്നുള്ള രാജസ്ഥാൻ

മാളവം ചിറ്റൂർ - ആരവതിമലപ്രദെശങ്ങളിൽ നിന്നു പടിഞ്ഞാറു തുണരാജസ്ഥാൻ പക്ഷത്തെയും ആരവല്ലി മലമുതൽ വടക്കു ഭാരതപൂർ മലനാടുകളൊളവും വ്യാപിച്ചു കിടക്കുന്ന ഭൂമിക്കു മെവാട എന്നും ഉദയൻ രാജസ്ഥാൻ എന്നും പെരുകൾ ഉണ്ടു - അതിന്റെ ഉയരം തെക്കെ അംശത്തിൽ ൩൦൦൦ വടക്കെ പാതിയിൽ ൨൦൦൦ കാലടി അത്രെ - ഈ വിശാല മലപ്രദെശം ഇപ്പൊൾ മൂന്നു ഖണ്ഡമായി വകുത്തു പൊയിരിക്കുന്നു - തെക്കെ അംശം ഉദയപൂർ രാജ്യം വടക്കെ അംശം ജയപ്പൂർ സംസ്ഥാനം മദ്ധ്യാംശം അജമീർ ദെശം തന്നെ - വടക്കെ അതിർത്തിയിൽ ശിഖാവതി മചെരി ഭാരതപൂർ മുതലായ ഇടവകകൾ ഉണ്ടു - ഈ രാജ്യങ്ങളിലെ നിവാസികൾ മിക്കതും രജപുത്രർ തന്നെ - പണ്ടു അനെക രാജാക്കൾ മഹാപരാക്രമികൾ ആകി രാജ്യം പല അംശങ്ങളാക്കി വകുത്തു അതാതിടങ്ങളിൽ വാണു കവർച്ച പൊരുക്കം കൊണ്ടു അന്യൊന്യം താഴ്ചകളെയും നാശങ്ങളെയും വരുത്തി നടന്നതിനാൽ രാജ്യം മുഴുവനും മാരാഠി രാജാക്കന്മാർക്കു ഇരയായി പൊയി - ഇങ്ക്ലീഷ്കാർ ൧൮൧൮ാമതിൽ മാരാഠികളെ ജയിച്ചു സമ്മിശ്രപ്പെട്ടാൾ രാജസ്ഥാനിലും ക്രമം കെട്ടു നിരന്നം എന്നതെ വച്ചു അജമീർ പിടിച്ചടക്കി ശെഷം രാജാക്കന്മാരെട്ടു സ്വാതന്ത്ര്യവും സ്ഥലവും ചെലദെരുമ കല്പിച്ചു രാജധാനികളിലെക്ക മന്ത്രികളെയും പട്ടാളങ്ങളെയും അയച്ചു പാർപ്പിച്ചു വൃത്തിയവ്യവസ്ഥ വരുത്തി കപ്പം വാങ്ങിക്കൊണ്ടുമിരിക്കുന്നു -

ഉദയപൂർ രാജ്യത്തിന്റെ അവസ്ഥകളെ അറിയുന്നതു - അ

ജ്യത്തിൽ കൂടി ഒഴുകുന്ന നദികൾ ബെരസ എന്നും ബനസ എന്നും. ഈ രണ്ടു തന്നെ — രാജ്യം മിക്കതും ഉയൎന്ന ഭൂമി എങ്കിലും കൃഷിക്കു തക്ക സ്ഥലങ്ങൾക്കു കുറവില്ല — രാജാവിന്റെ വാസം രാജ്യത്തിന്റെ നടുവിലുള്ള ഉദയപുർ പട്ടണത്തിൽ തന്നെ — ൨൫ ഇടപ്രഭുക്കളും വെവ്വെറെ രാജ്യത്തിൽ പാൎത്തു അവനെ അനുസരിച്ചു കപ്പം കൊടുത്തു വാഴുന്നു — ഏകദെശം ൩൦൦൦ നഗരങ്ങളും ഊരുകളും ഉണ്ടു — ജനപുഷ്ടി തന്നെ ഉണ്ടു

ഉദയപുർ ജയപുരി ഈ രണ്ടു സംസ്ഥാനങ്ങളുടെ മദ്ധ്യത്തിലുള്ള അജ്മീർ ദെശം മിക്കവാറും മരുഭൂമി തന്നെ — ഉഷ്ണകാലത്തിലെല്ലാം വാടി ഉണങ്ങി പോകകൊണ്ടു അതിൽ കൃഷി ദുല്ലഭമായിട്ടത്രെ നടക്കുന്നു — പുഴകളില്ലായ്കയാൽ പലപ്പോഴും വെള്ളത്തിന്നും ക്ഷാമമുണ്ടു — മൃഗങ്ങളെയും വളൎക്കാറില്ല — ഒട്ടകങ്ങളുടെ വളൎച്ചെക്കായിട്ടത്രെ ദെശം നല്ലു — വീടുപണിക്ക വെണ്ടുന്ന മരം പുറനാട്ടിൽനിന്നു തന്നെ കൊണ്ടുവരെണ്ടതു — പട്ടാളങ്ങൾക്കും മറ്റും കുടിപ്പാൻ മാത്രം വെള്ളം കിട്ടെണ്ടതിന്നു ഇങ്ക്ലിഷ്കാർ ബഹുപ്രയാസപ്പെട്ടു വലിയ കുഴികളെ കിണറുകളെയും കുളങ്ങളെയും ഉണ്ടാക്കിച്ചതല്ലാതെ ഡില്ലി പാദിശാ: ഒരുത്തൻ പണ്ടു മലയിൽ നിന്നൊഴുകി വരുന്ന ചില പുഴകളെ ഒരു കുഴിനാട്ടിൽ നടത്തി ചിറ ഇട്ടു രണ്ടു മൂന്നു നാഴിക വിസ്താരമുള്ള കുളം ഉണ്ടാക്കിച്ചു വെള്ളത്തിന്റെ മുട്ടു അല്പം തീൎത്തിരിക്കുന്നു — പട്ടണങ്ങളിൽ പുരാണമായതു അജ്മീഢം തന്നെ — പണ്ടെത്ത യുദ്ധങ്ങളാൽ പട്ടണവും കോട്ടയും വളരെ ക്ഷയിച്ചുപോയിട്ടും ഇങ്ക്ലിഷ്കാരുടെ കൈവശമായ സമയം മുതൽ പിന്നെയും വൎദ്ധിച്ചു വന്നു — നിവാസികളുടെ സംഖ്യ ഏകദെശം ൨൫൦൦൦ ഇങ്ക്ലിഷ് പട്ടാളങ്ങളുടെ വാസത്തിന്നു ഒരു പുതിയ നഗരം പണിയിച്ചു നസ്സിരാബാദ് എന്ന പെരിട്ടു — പുഷ്കരം എന്നുള്ള പുരാണക്ഷേത്രങ്ങളും ഇന്നെയോളം ശ്രുതിപ്പെട്ടിരിക്കുന്നു —

അജ്മീറും തുടങ്ങി മെവാട മലപ്രദെശത്തിന്റെ വടക്കെ അറ്റത്തോളം ജയപുരി സംസ്ഥാനം നാട്ടും മരുഭൂമിയായിട്ടും വ്യാപിച്ചുകിടക്കുന്നു — ദെശാകൃതി മെൽ വിവരിച്ച രാജ്യങ്ങളൊടും ഒത്തുവരുന്നു — മുസൽമാനികൾ നാക്രമിച്ചു ഉപദ്രവിച്ചതിൽ പിന്നെ ഉപരിധനങ്ങളും എത്തി പുരാണശ്രീത്വം കളയിപ്പിച്ചു ദെശം മിക്കവാറും പാഴാക്കിവെച്ചിരുന്നു — ഇങ്ക്ലിഷ്കാർ ൧൮൧൮ ആമതിൽ വരുത്തിയ പുതിയ വ്യവസ്ഥയെ രാജാവ് അംഗീകരിക്കേണ്ടി വന്നു — നിവാസികളുടെ സംഖ്യ ഏകദെശം ൧൯ ലക്ഷം — രാജാവിന്റെ മുതൽ വരവു സംവത്സരത്തിൽ ൪൦ ലക്ഷം ഉറുപ്പിക — നിവാസികൾ മിക്കവാറും ഗൎവ്വികളായ രജപുത്രർ തന്നെ — പണിയെടുപ്പാൻ ലജ്ജ തൊന്നുകയാൽ രാജ്യം മിക്കതും വനപ്രദെശമായും ജനങ്ങൾ ദരിദ്രരായും തീൎന്നിരിക്കുന്നു — പടവെട്ടുക കവൎച്ചെ ചെയ്ക മുതലായതത്രെ ഇഷ്ടവൃത്തി — ഇപ്പോൾ അപ്രകാരം നടപ്പാൻ കാലം ഇല്ലാത്തതിനാൽ രാജ്യത്തിൽ കാണ്മാനില്ല — വിശെഷിപ്പിച്ചുള്ള സാമ്രാജ്യപട്ടണമെ രാജ്യത്തിൽ കാണ്മാനില്ല —

ശെഷമായതു ജയപുരി തന്നെ —

അജ്മീർ, ജയപുരി എന്നിവറ്റെ സംസ്ഥാനങ്ങളുടെ നടുവിൽ കൃഷ്ണ
ഗഢ (കൃഷ്ണഗഢം) എന്നൊരു ചെറിയ ദേശം ഉണ്ടു അതിൽ വാഴുന്നവ
ജാവിനു സ്വാതന്ത്ര്യമായതു അല്പം ശേഷിച്ചു — ദേശത്തിന്റെ പേർ പ്രധാന
പട്ടണത്തിന്നുള്ളതു — നിവാസികളുടെ വൃത്തി മിക്കതും കൃഷി തന്നെ

ഈ പറഞ്ഞ രജപുത്രന്മാരുടെ സംസ്ഥാനങ്ങളിൽ ഭില്ലന്മാരോടു സം
ബന്ധമുള്ള ഒരു കൂട്ടം മ്ലേച്ഛന്മാർ മലകളിലും ഒരൊ ഗുഹകളിലും പാ
ൎത്തു വാസം ചെയ്തു താഴ്ച്ചയുള്ള ദേശങ്ങളിൽ നിന്നു കൊള്ളയിടുന്ന വൃത്തി കഴിച്ചു
നിവാസികൾക്കു വല്ലാത്ത ബാധയായി വന്നു — അവരെ എല്ലാം അമൎച്ചി
ച്ചടക്കി വെക്കേണ്ടതിന്നു ഇങ്ക്ലിഷ്കാൎക്കു വളരെ കാലം മുമ്പെ കഴിവു വന്നു.

മെവാട മലപ്രദേശത്തിന്റെ വടക്കെ ശാഖാഗിരികളിൽ യമുനാ
നദിയൊഴുക്കും തന്നെ ശിഖാവതി — മച്ചേരി — ഭരതപൂർ എന്ന പെരു
കളൊടെ മൂന്നു ചെറു രാജ്യങ്ങൾ മരുഭൂമിയിൽ കിടക്കുന്നു — അവറ്റിൽ
വടക്കുള്ള ശിഖാവതി ദേശം തന്നെ അതിന്റെ വിസ്താരം ഏകദേ
ശം ൧൨ ചതുരശ്രക്കൊശങ്ങ — പുഴക്കും കൃഷിക്കും ഇല്ല — നിവാസികൾക
വൎഷ ചെയ്യുന്ന ഒരൊ മലകൾ പരപ്പുകളിൽ കോട്ടകളെ കെട്ടി പരാക്രമികളായി
വാഴുന്നു — വിശെഷപട്ടണങ്ങൾ ആ നാട്ടിൽ ഇല്ല — ചയ്യന — സിംഹന
മുതലായ കോട്ടകളെക്കുള്ള — നിവാസികൾ നിത്യം അവിടുന്നു കയറി
മൌഢ്യം ഭ്രാന്തി മുതലായ ദുൎഗ്ഗുണം വളരെ പെരുകുന്നു — ആ ദേശത്തിന്റെ
കിഴക്കെ അതിരിലെ മച്ചേരി നാട്ടും മിക്കതും മരുഭൂമി തന്നെ — നിവാസി
കളുടെ ഭാവവും മേൽപറഞ്ഞവരൊടൊക്കും — പ്രധാനസ്ഥലം ആല്വാട
കോട്ട തന്നെ — ഭരതപൂർ അവിടെ നിന്നു കിഴക്കോട്ടു യമുനാ ഒഴുകുന്ന
ന്ന നാട്ടുടെ ആഗ്ര ദേശത്തിന്റെ അതിരോളം വ്യാപിച്ചിരിക്ക കൊണ്ടു
കൃഷിക്ക വിശേഷസ്ഥലങ്ങൾ ഉണ്ടു — ഭരതപൂർ മുതലായ കോട്ടകൾ ചു
റ്റുമുള്ള നാട്ടുകൾക്കു ഭയങ്കരമായി തീൎന്ന ശേഷം ഇങ്ക്ലിഷ്കാർ ൧൮൨൬ാം
ക്കി — ആ — ഭരതപൂർ കോട്ടയെ വളഞ്ഞു പിടിച്ചു നിലത്തിന്നു സമമാക്കി
പുതിയ രാജാവെ വാഴിച്ചു അന്നു മുതൽ നാട്ടു നല്ല തൊട്ടത്തിന്നു സമ
മായി വന്നിരിക്കുന്നു —

40.) സിന്ധു മരുഭൂമിയായ തെക്കെ രാജസ്ഥാനം

മെവാട മലപ്രദേശത്തിൽ നിന്നു പടിഞ്ഞാറ സിന്ധുനദിയൊളവും വ്യാ
പിച്ചു കിടക്കുന്ന ഭൂമി മിക്കവാറും മരുസ്ഥലം തന്നെ ആകുന്നു — ഈ മഹാ
വിസ്താരമുള്ള രാജ്യത്തിൽ ലൂനി എന്നൊരു നദിയെ ഉള്ളൂ — അതി
ന്റെ ഉത്ഭവം അജ്മീർ ദേശത്തിന്നും അതിന്റെ കച്ഛ്ദേശത്തിന്റെ

ചരിസ്ഥലങ്ങളിനിന്നും തന്നെ ആകുന്നു — ഈ പുഴകളുടെ കിഴക്കെകരയിൽ
മരുവാട എന്നും ജൊാദപൂർ എന്നും പെരുകളുള്ള രജപുത്രരാജ്യം
ഉദയപൂർ അജ്മീർ ദെശങ്ങളെയും ചെന്നെത്തികിടക്കുന്നു ഈ പുഴ
കളുടെ പടിഞ്ഞാറെകരയിൽ ദെശം മിക്കതും പൂഴിസ്ഥലമാകി ഉയരം കുറ
ഞ്ഞ മണൽക്കുന്നുകളൊടും കൂടെ നാലു ദിക്കിലും വ്യാപിച്ചിരിക്കുന്നു — വിക്കാനിർ —
അമരകൊട്ട — ജെസല്മീർ — പക്കുർ മുതലായ ചെറുരാജ്യങ്ങൾ സമുദ്ര
ത്തിലെ ദ്വീപുകൾക്ക സമമായി ആ വിശാലപൂഴിദെശത്തിൽനിന്നു പൊ
ങ്ങിനില്ക്കുന്നു —

മരുവാട എന്നും ജൊാദപൂർ എന്നും പെരുള്ള രാജ്യത്തിന്റെ അ
വസ്ഥ പറയുന്നു — അതിന്റെ അതിരുകൾ വടക്ക ശിഖരവതി — വിക്ക
നിർ രാജ്യങ്ങളും — പടിഞ്ഞാറു ജെസല്മീർ — അമരകൊട്ട ദെശങ്ങളും
തെക്ക കച്ഛി ചക്കിനാട്ടും കിഴക്ക ഉദയപൂർ — അജ്മീർ — ജയപുരിസം
സ്ഥാനങ്ങളും തന്നെ — വിസ്താരം എകദെശം ൧൦൦൦൦ ചതുരശ്രയൊജന — നി
വാസികളുടെ സംഖ്യ എകദെശം ൨ലക്ഷം — ദെശാകൃതിയെക്കിലൊ കിഴ
ക്കെ അംശങ്ങളിൽ മെവാട മലപ്രദെശത്തിന്റെ ശാഖകൾ നിറഞ്ഞിരി
ക്കുന്നു — പടിഞ്ഞാറെ ദിക്കുകളിൽ ഒരൊ കല്ക്കുന്നുകളും പൂഴിസ്ഥലങ്ങളും
പ്രധാനം — ലവണി പുഴ ഒഴുകുന്ന താണഭൂമി രാജ്യത്തിൽ നല്ല അംശം
തന്നെ — അവിടെ പല കൃഷികളെ നടത്തിവരുന്നു പല ദിക്കിൽനിന്നും
ഒരൊ ലൊഹങ്ങളെയും വിളഞ്ഞെടുക്കുന്നു — അവിടത്തെ ഒട്ടകം വി
ശെഷം — കുതിരവടവും അല്പം അല്ല വിശെഷചരക്കുകൾ പലവകത്തുണികളും
ആയുധങ്ങളും ധാന്യങ്ങളും ഉപ്പും മറ്റും — രാജാവിന്റെ വരവു സംവത്സരത്തിൽ
എകദെശം ൧൭ലക്ഷം രൂപ്പിക — രാജധാനി ജൊാദപൂർ പട്ടണം തന്നെ —
നാലു ഇടപ്രഭുക്കൾ രാജാവെ അനുസരിച്ചു കപ്പവും വെണ്ടുകിൽ പട്ടാള
ങ്ങളും കൊടുത്തുവരുന്നു — അവരെല്ലാവരും രജപുത്രർ തന്നെ — നിവാ
സികൾ പലവർണ്ണങ്ങളാകി പിരിഞ്ഞു പാർക്കുന്നു ബ്രാഹ്മണർ ചുരുക്കം താനും —
വിശെഷപട്ടണങ്ങൾ ചിലതു പറയാം ജൊാദപൂർ എന്ന രാജധാനി
൬൦൦൦൦ നിവാസികൾ രാജ്യത്തിലെ വിശിഷ്ട കൊട്ടയും അവിടെ തന്നെ —
പല്ലിപട്ടണം ൫൦൦൦൦ നിവാസികൾ — നാഗൂർ ൪൦൦൦൦ നിവാസികൾ — മിത്ത
൨൦൦൦൦ നിവാസികൾ — സാമ്പര മുതലായ ൪ നഗരങ്ങളിൽ ഒരൊന്നിൽ ൫൦൦൦ +
നിവാസികൾ ഉണ്ടു — രാജ്യത്തിന്റെ തെക്കെ അതിരിലെ ജല്ലൂർ കൊട്ടയി
ൽ പ്രധാന ഉഭക്കുളങ്ങളു നിവാസികൾ ൫൦൦൦ പുരാണരാജധാനിയായ മണ്ഡ
വരത്തെ ഇപ്പൊൾ ഇടിഞ്ഞു കെട്ടികിടക്കുന്നു — അതിശയമായ ശെഷിപ്പുകളെ കൊ
ണ്ടു അതിന്റെ പൂർവ്വമാഹാത്മ്യം അറിയാം ꣳ

൧൯൪) വിക്കനിഡും ടട്ടനെരും

മരുവാടരാജ്യത്തിന്റെ വടക്കെ അതിരിൽ ഉള്ള വിക്കനിഡദെശം ബഹുവല്ലൂർ ശില്ലിരാജ്യങ്ങളൊളം പരന്ന പുഴകളും മലകളും ഇല്ലാത്ത മരുഭൂമിയിൽ വസിച്ചു വരുന്നകവച്ചക്കാരുടെ ആസ്പദം ആകുന്നു — ഉഷ്ണത്തികളും നിവാസികളും ദെശാന്തരത്തിലൊട്ടു ചെന്നുവരുന്നു — വർഷകാലത്തിൽ മാത്രം ചില അംശങ്ങൾ പച്ചയാകയും ഉഷ്ണകാലത്തിൽ രാജ്യമെല്ലാം ഭെദംകൂടാതെ വറണ്ടുകിടക്കും — കാട്ടുമൃഗങ്ങളും കൂടെ അവിടെ ഇല്ല നിവാസികളിൽ കെകൊഴിലും കച്ചവടവും ദുർല്ലഭമത്രെ — വിക്കനിഡപട്ടണത്തിൽ ൧൨൦൦൦ വീടുകളും ഏകദെശം ൬൦൦൦൦ നിവാസികളും ഉണ്ടെന്ന കെൾക്കുന്നു — ൬ ലക്ഷത്തിൽ പരം ജനങ്ങൾ രാജ്യത്തില്ല രാജാവിന്റെ വരവു സംവത്സരത്തിൽ ൫ ലക്ഷം ആയിരിക്കും —

ആ രാജ്യത്തിന്റെ വടക്കെ അതിരിൽ ടട്ടനെർ എന്നൊരു ഇടവക ചില നഗരങ്ങളൊടും കൂടെ അതിരിന്മെൽ കിടക്കുന്നു — പ്രധാനപട്ടണത്തിന്റെ പെരും ടട്ടനെർ തന്നെ — ഇതുകൂടെ മെല്പറ്റ രാജ്യം തന്നെ · മരുഭൂമിയുടെ ഭാവം രാജ്യങ്ങൾക്കും പട്ടണങ്ങൾക്കും നിവാസികൾക്കും പററി എന്നെ വെണ്ടു

൧൯൫) അമരകൊട്ട മുതലായ രാജ്യങ്ങൾ

അമരകൊട്ട ജയസല്മിഡ പക്കർ എന്നി ൩ സംസ്ഥാനങ്ങൾ മരുവാടരാജ്യത്തിന്റെയും സിന്ധുനദിയുടെയും നടുവിലെ മഹാവനപ്രദെശത്തിൽ ആകുന്നു — ~~ആ~~ ഇതുമൂന്നിൽ വടക്കുള്ളത് അമരകൊട്ട തന്നെ — ആ മരുഭൂമിയുടെ അവസ്ഥയെ സൂക്ഷ്മമായി അറിയുന്നില്ല — ഭൂകമ്പത്താലും സിന്ധുനദികവിയുന്നതിനാലും രാജ്യത്തിനു കൂടക്കൂടെ വളരെ നാശങ്ങൾ സംഭവിക്കുന്നു —

അവിടെനിന്നു തെക്കൊട്ടു മരുഭൂമിയുടെ നടുവിൽ തന്നെ ജയസല്മിഡരാജ്യം ദ്വീപാകാരമായി പൂഴിയിൽ നിന്നു പൊങ്ങിനില്ക്കുന്നു — ആ രാജ്യത്തിലും പുഴ ഇല്ലായ്കകൊണ്ടു മഴ ദുർല്ലഭമായി പെയ്കകൊണ്ടും കൃഷിനടത്തുവാൻ ബഹുപ്രയാസം — കുടിപ്പാൻ പൊലും വെള്ളം കിട്ടെണ്ടതിന്നു നാട്ടുകാർ ൩൦൦ ൪൦൦ അടി ആഴമുള്ള കിണറുകളെ കുഴിക്കെണ്ടി വരുന്നു — മൃഗങ്ങളും നാട്ടിൽ ചുരുക്കമെ ഉള്ളു പകൽ ഉഷ്ണവും രാത്രിയിൽ ശൈത്യവും മനുഷ്യരിലും മൃഗങ്ങളിലും അസഹ്യം തന്നെ — ൩ ലക്ഷം നിവാസികൾ ഉണ്ടു — രാജധാനിയായ ജയസല്മിഡിൽ ൩൦൦൦൦ നിവാസികളെ ഉള്ളു ദെശമനുഷ്യനിമിത്തം ദാരിദ്ര്യം വളരെ ഉണ്ടു —

പക്കർ എന്നൊരു ചെറിയ രാജ്യം ഏകദെശം ൫൦ ചതുരശ്രക്രൊശ വിസ്താരമായി — ൭൦൦൦ നിവാസികളൊടു കൂടെ കച്ശിലതിപ്രദെശത്തിന്റെ വടക്കെ അതിരിൽ കിടക്കുന്നു — ആ ചെറുരാജ്യത്തിലുള്ള നഗരങ്ങളും ഗ്രാമങ്ങളും ചുരുക്കമെ ഉള്ളു പരക്കനാഥവീരവാവു മുതലായ സ്ഥലങ്ങൾ പ്രധാനം

൧൯൬) കച്ശിദെശം

കച്ശിദെശത്തിന്റെ അതിരുകൾ കിഴക്കും വടക്കും താന്നരാജസ്ഥാനത്തിന്റെ തെക്കെ

Ma I 799

നീണ്ടു കിടക്കുന്ന ഉയൎന്ന പ്രദേശം — തെക്കും പടിഞ്ഞാറും കച്ശ് ഉൾക്കടലും സിന്ധു നദിയും
തന്നെ — ദേശത്തിന്റെ നീളം ഏകദേശം ൩൩൦ കാതം വീതി ഏകദേശം ൪൭ കാ
തം കിഴക്കും വടക്കുമുള്ള അതിരുകൾ ഉഷ്ണകാലത്തിൽ പുഴിപ്രദേശമാകും വൎഷകാ
ലത്തിൽ കടലിന്നു സമമാകും. വെള്ളം നിറഞ്ഞു കിടക്കുക കൊണ്ടു ആ നാട്ടു ഏകദേശം
ദ്വീപിന്നു സമമാകി ഭാരതഖണ്ഡത്തിൽ നിന്നു വേൎവിട്ടു കിടക്കുന്നു — പടിഞ്ഞാറുനി
ന്നു കിഴക്കോട്ടു നാട്ടുടെ മദ്ധ്യത്തിൽ കിടക്കുന്ന മലകളുടെ അവസ്ഥയെ വിചാരിക്കുന്ന
തിനാലും കൂടക്കൂടെ ഭൂകമ്പം നാട്ടിൽ ഉണ്ടാക സംഗതിയാലും ദേശം എല്ലാം തീ കെട്ട അഗ്നി
പൎവ്വതത്തിന്നു സമം എന്നു അറിയാം — മലകളുടെ നടുവിലെ താഴ്വരകൾ മിക്കതും മ
ഴയിന്നു മാത്രം പറ്റുക കൊണ്ടു നാട്ടുകാൎക്കു കൃഷി അല്ല ഗോരക്ഷ പ്രധാനം — നദികൾ
ചുരുക്കം ഉള്ളവ തന്നെ ഉഷ്ണകാലത്തിൽ മിക്കതും വറ്റിപ്പോകുന്നു — കുടിപ്പാൻ വെ
ള്ളത്തിന്നു മുട്ടു — ൩൦ അടി ആഴത്തോളം കുഴിക്കേണം — നിവാസികൾ മിക്കവാറും
ഹിന്തുമാൎഗ്ഗവും ഇസ്ലാമും ഇടകലൎന്നു കൊണ്ടു രജപുത്രരാകുന്നു — രാജാവ് കറാറുപ്ര
കാരം ഇങ്ക്ലിഷ്ക്കാൎക്കു വൎഷം തോറും ഏകദേശം ൫ ലക്ഷം രൂപ്പിക കപ്പം കൊടുത്തും ഇങ്ക്ലി
ഷ പട്ടാളങ്ങളെയും സ്ഥാനികളെയും രാജ്യത്തിൽ പാൎപ്പിച്ചും വരുന്നു — നിവാസിക
ളുടെ സംഖ്യ ഏകദേശം മൂന്നര ലക്ഷം — പെൺകുട്ടികളുടെ വധം മുതലായ ദോഷ
ങ്ങൾ ഇന്നവരെയും നടപ്പാകുന്നു — കച്ശ് ദേശത്തിൽ വലിയ പട്ടണങ്ങൾ ഉള്ളതു ഭദ്രമത്രെ —
(പ്രധാനപട്ടണത്തിന്റെ പെർ) ഭുജ്ജ് എന്ന രാജധാനി ഇങ്ക്ലിഷ് പട്ടാളം നഗരസ
മീപത്തിങ്കൽ പാൎക്കുന്നു — ചുറ്റുമുള്ള ദേശം എല്ലാം പുഴിസ്ഥലമാക കൊണ്ടും സംവ
ത്സരത്തിൽ ൧൦ മാസം മഴ ഇല്ലായ്ക കൊണ്ടും വൃക്ഷങ്ങളും സസ്യാദികളും ഇല്ല —
നല്ല വെള്ളത്തിന്നും പലപ്പോഴും ക്ഷാമം ഉണ്ടു — നിവാസികളുടെ സംഖ്യ ഏകദേശം
൫൦൦൦൦ — ൧൮൧൯ൽ — ഭൂകമ്പം ഉണ്ടാകിട്ടു പട്ടണം മിക്കതും ഇടിഞ്ഞു നശിച്ചുപൊ
യി — ഏകദേശം ൩൦ കാതം വഴി തെക്കെ പടിഞ്ഞാറോട്ടു കടപ്പുറത്തു തന്നെ മ
ണ്ഡവി പട്ടണം ചുറ്റും തെങ്ങു മുതലായ വൃക്ഷങ്ങൾ നിറഞ്ഞു കിടക്കുന്നു — തുറമു
ഖത്തു വെള്ളത്തിന്നു ആഴം പോരാഞ്ഞിട്ടു വലിയ കപ്പലുകൾക്കു അണഞ്ഞു നില്പാൻ പാ
ടില്ല — നിവാസികളുടെ മുഖ്യപണി കച്ചവടം തന്നെ അവരുടെ സംഖ്യ ൫൦൦൦൦ —

44.) ഗുജ്ജരം എന്നും കടിവാട് എന്നും പെരുള്ള അൎദ്ധദ്വീപു — ~~കച്ശി~~
കച്ശെന്ന ദ്വീപിന്റെ വിസ്താരം മൂന്നിരട്ടിച്ചാൽ ഗുജ്ജരത്തിന്നു സമമാകിയിരിക്കും. ഉ
ഭദേശങ്ങളുടെ അവസ്ഥയും ഏകദേശം ഒരു പോലെ ആകുന്നു — കച്ശ് കമ്പായ
ഉൾക്കടലുകളും സബൎമ്മതി പുഴയും കച്ശ് ദേശത്തിന്റെ വടക്കെ അതിരിൽ നിന്നു
കിഴക്കോട്ടു നീണ്ടു കിടക്കുന്ന ചളിഭൂമിയും കട്ടിവാടദ്വീപിന്റെ അതിരുകളാ
കുന്നു — വടക്കെ അതിരുകൾ മിക്കതും താണ നാട്ടുകൾ ആകകൊണ്ടു വൎഷകാലത്തിൽ
പലപ്പോഴും വെള്ളം വൎദ്ധിച്ചു ദേശത്തിന്നു ഒരു ദ്വീപിന്റെ ആകൃതി വരു
ന്നു — അൎദ്ധദ്വീപിന്റെ നടുവിൽ കിഴക്കിലെക്കും നീണ്ടു കിടക്കുന്ന മലക
ളിൽ നിന്നു ഓരോ നദികൾ ഉത്ഭവിച്ചു നാട്ടുടെ ഒഴുകി വെള്ളം എങ്ങും മതി
യാവോളം വരുന്നതാകയാൽ ദേശം മിക്കവാറും കൃഷിഭൂമി തന്നെ — ഇങ്ക്ലിഷ്കാർ

൰൪.) മലായസംസ്ഥാനങ്ങൾ

മലായദെശം ബൎമ്മയിൽനിന്നു തെക്കൊട്ടു സമുദ്രത്തിലെക്കു നീണ്ടുകിടക്കുന്ന ഒരു ഖണ്ഡി
ത അൎദ്ധദ്വീപാകുന്നു — അതിന്റെ നടുവിൽകൂടി ഒരു പൎവ്വതനിര തെക്കെ അറ്റത്തൊളം
ചെന്നെത്തുന്നു — നിവാസികൾ മിക്കവാറും ഇസ്ലാമ മതാനുസരിച്ചുവരുന്നവരാ
കുന്നു — പണ്ടു ഈ ദ്വീപിന്റെ ഒരൊരൊ അംശങ്ങളിൽ സ്വൈരമായി വാണ — രാജാ
ക്കന്മാർ ഇപ്പൊൾ മിക്കവാറും ഇങ്ക്ലീഷ്കാൎക്കു കീഴടങ്ങി അധീനരായി വന്നു —
തെക്കനംശത്തിലെ പഹംഗ് — ജൊഹൊർ — പെരാ — സലെങ്കൊർ ഇത്യാദി ചെറു
രാജ്യങ്ങളിലും അടുത്തകാലത്തിലും ഉള്ളപ്രഭുക്കന്മാൎക്കു മാത്രം അല്പം ഒരു സ്വാതന്ത്ര്യം ശേഷി
ച്ചിരിക്കുന്നു — പുലൊപിനാങ്ങ് — സിംഗപൂർ തുരുത്തികളും മലാക്കദെശവും ഇങ്ക്ലീഷ് വശത്തി
ലിരിക്കുന്നു — സിംഗപൂർ പ്രത്യെകം ഇങ്ക്ലീഷ്കാരി
ൽ വന്നിട്ടു ജനപുഷ്ടിയും കച്ചവടവും വൎദ്ധിച്ചുവരുന്നു — അതിൽ ചീനത്തുനിന്നു കുടിയെറി
വന്നവർ മുതൽ (൯൫൩൪) എന്തും വളൎന്ന നഗരമായി വന്നിരിക്കുന്നു —
കച്ചവടത്തിന്നു ആധാരസ്ഥാനമായി വന്നിരിക്കുന്നു —

൰൫.) അന്നാം രാജ്യം

അന്നാം രാജ്യത്തിന്റെ അതിരുകൾ കിഴക്കും തെക്കും ചീനസമുദ്രം പടിഞ്ഞാറെ
സിയാം രാജ്യം വടക്കു മഹാചീനം തന്നെ — ഇതു മഹാചീനത്തിന്റെ മുമ്പിൽ
കിടക്കകൊണ്ടു കൊച്ചു ചീനം എന്നുള്ള പെർ കപ്പലൊട്ടത്തിൽ നടക്കുന്നു — അതിന്റെ
വിസ്താരം ഏകദെശം ൩൦൦൦ ചതുരശ്രയൊജന — നിവാസികളുടെ സംഖ്യ ഏക
ദെശം ൧൫ ലക്ഷം — അവർ ആദിയിൽ പൂൎവ്വകാലത്തിൽ ചീനരാജ്യത്തിൽനിന്നു വ
ന്നവരെന്നു തൊന്നുന്നു — വെറെ ചില ദെശങ്ങളിൽനിന്നു വന്നവരും അന്നാമ്യരും
അവരുടെ പരാക്രമങ്ങൾ ഉള്ള സമീപത്തെ മലപ്രദെശങ്ങളിൽ വാണിരുന്നുവരുന്ന
ചിലരും തന്നെ — ഏകദെശം ബാലകന്മാരൊഴികെ എല്ലാനിവാസികൾ
എല്ലാവരും ബുദ്ധസെവകന്മാരാകുന്നു — ദെശം അനെകനദികൾ നിമിത്തം പല
കൃഷികൾക്കും കച്ചവടത്തിന്നും നല്ലതാകകൊണ്ടു ൧൦൦ വൎഷത്തിന്നു മുമ്പെ ഒരു മഹാ
രിമാർ ആ രാജ്യത്തവന്നു രാജപ്രസാദം പ്രാപിച്ചു പലകൈത്തൊഴിലുകളെയും
മറ്റും നടത്തികൊണ്ടും പ്രജകൾക്കു പലവിദ്യകളിലും കൈത്തൊഴിലുകളിലും
സം ഉത്സാഹിപ്പിച്ചു ഭാവം ഒരൊ അരാജ്യത്തിൽനിന്നു നീങ്ങി ധനപുഷ്ടിയും മറ്റും
വൎദ്ധിച്ചുവരികയും ചെയ്തു — ഈ നാല്പതുവൎഷം ക്രിസ്തുമതവിശ്വാസികളെ കൂടക്കൂ
ടെ വളരെ ഉപദ്രവിക്കുന്നുണ്ടു — ജനപുഷ്ടിയുള്ള പട്ടണങ്ങൾ രാജ്യത്തിൽ വ
ളരെ ഉണ്ടു — മുഖ്യമായവ കിഴക്കെ കടപ്പുറത്തു സമീപം ൫൦൦൦൦ നിവാസികൾ ഉള്ള ഹ്യൂ
എന്ന രാജധാനിയും കമ്പൊഡിയ നദിവക്കത്ത ൨ ലക്ഷം നിവാസികൾ പാൎത്തുവരു
ന്ന സൈഗൊങ്ങ് എന്ന മഹാ കച്ചവടനഗരവും തന്നെ —

൰൬.) ഹിന്തു സമുദ്രത്തിലെ ദ്വീപുകൾ

മെൽവിവരിച്ചു പറഞ്ഞ രാജ്യങ്ങൾ അല്ലാതെ ഹിന്തുസമുദ്രത്തിൽ പൊങ്ങിനി
ല്ക്കുന്ന അനെക ദ്വീപുകളും തെക്കെ ആസ്യയിൽ ഉൾപ്പെട്ടിരിക്കുന്നു — ലങ്കാദ്വീപി
ന്റെ അവസ്ഥ പറഞ്ഞപൊലെ അവരെ വെവ്വെറെ വിവരിച്ചുകൂടാ — ചുരുക്ക
മായ്ട്ടു ഉള്ളു —
൧. കെരളത്തിന്റെ കടപ്പുറത്തുനിന്നു ഏകദെശം ൨൦ — ൩൦ കാതവഴി പടിഞ്ഞാ
റെ ലക്ഷദ്വീപുകളും മാലദ്വീപുകളുമുണ്ടു — വടക്കെകൂട്ടത്തിന്നു ലക്ഷദ്വീപുകൾ എന്നു

Ma I 799 42

ഗെനജ സെവലിലും പലവിധമായുള്ള ഭൂപത്തുകളിലും ഏകദെശം ഒന്നി
ച്ചു നടക്കുന്നു — രാജ്യത്തിന്റെ വടക്കെ അതിര്ത്തികളിൽ തെക്കൊട്ട ഒഴുകുന്നവയും
മെനാംനദിയുടെ ... കാലത്ത ... ആകുന്നു ... പ്രകാശിക്കുന്നതിൽ
... പ്രവാഹിച്ചു ... പ്രജകളുടെ ഐശ്വര്യ
വും രാജ്യാവസ്ഥയും ... [illegible] ...
... മാംസത്തിന നല്ലതന്നെ — കാട്ടുമരങ്ങളിൽ ...
... — കിഴക്കിൽ നിവാസികൾ പൊൻ — വെള്ളി — ... [illegible]
... ഇരുമ്പ ... എടുക്കുന്നു — ... കൂടെ ... ഉണ്ട് ...
... — ആനകൾ ... കാണുന്നു.
... വടം നടത്തി വരുന്നു — ...
... വലിയ ... രാജ്യത്തിന്റെ ദെശവും ... —
... പട്ടണങ്ങളിൽ ...
... [illegible] ...
... — ... കൂടെ ...
... രാജ്യത്തിൽ ... പല ... നാട്ടുകാർ
... — ... രാജ്യത്തിൽ ... പട്ടണങ്ങൾ ... രാജധാനി
... — ... വടം ... ഇക്കെ ...
... ഉണ്ട് — ...
... — ദെശം ...
... മറ്റും ഉണ്ട് —

സീയാം രാജ്യം.

അതിന്റെ അതിരുകൾ കിഴക്ക അന്നാം രാജ്യം — തെക്ക സീയാം ഉൾക്കടലും മലാക
അർദ്ധദ്വീപും പടിഞ്ഞാറ ബര്മ്മാ ഇങ്ക്ലീഷ ദെശങ്ങളും — ബര്മ്മാരാജ്യവും — വ
ടക്ക ചീനരാജ്യം — വിസ്താരം ഏകദെശം ... ചതുരശ്രക്കൊശം — നിവാസികളു
ടെ സംഖ്യ ഏകദെശം ൫ ലക്ഷം അവരിൽ ഏകദെശം ... ലക്ഷം മലായികളും ...
... ലക്ഷം ... മലവാഴികളും ആകുന്നു — ശെഷം ...
ലക്ഷം ചീനക്കാരും ... രാജ്യത്തിന്റെ ആകൃതി ഏകദെശം ...
ലക്ഷം സീയാമ്യരും — കമ്പൊഡിയരും തന്നെ — ... സമമായി ...
... രാജ്യം തെക്കൊട്ട ... അവിടെ ... പുഴകൾ ... വിശാലമായ ...
... വടക്ക അതിര്ത്തി ... പല പുഴകൾ ...
... സീയാം കടലൊട്ട ചെന്ന വരുന്നു — രാജ്യത്തിന്റെ കിഴക്കെ ...
പ്രവാസിച്ചു ... രാജ്യം ...
കൂടാ — സീയാം രാജ്യത്തിൽ പ്രജകൾക്കുള്ള ...
... കൃഷി ... കച്ചവടം ...
... — ... രാജ്യത്തിൽ ...
... — മെനാം പുഴവക്ക
... നടക്കുന്നു — പട്ടണങ്ങൾ — സീയാമിൽ ... ൫ ലക്ഷം നിവാസികളും ...
... ബാങ്കൊക്ക നഗരത്തിൽ രാജധാനിയും ...
... ലക്ഷം ൧൦൦൦൦ വും ഉണ്ടെന്ന കെൾക്കുന്നു —

Universitäts-Bibliothek Tübingen
Lesesaal

. പിന്നെ ഉണ്ടാകയില്ലം ഞങ്ങൾ പെട്ടെന്നൊരുമിക്കി

ടക്ക അ[illegible] [illegible] ക്കമെന്നിരുന്നു

ഞങ്ങൾക്കു [illegible] ഉണ്ടായതിന്റെ [illegible] ദൈവത്തെ [illegible] പരി

ചയി [illegible] ക്കു [illegible] ദൈവത്തെ

ഉള്ളി [illegible] (അവസ്ഥ) [illegible] നാശത്തിലൊന്നും –

ഞങ്ങളെ [illegible] പലരും [illegible] വഴി [illegible] ക്കുന്നു

Ma I 799 Beil

ഭൂമിശാസ്ത്രം.

P49

ഒന്നാം ഖണ്ഡം

ഗണിതങ്ങളും ഭൂമ്യാകൃതിവിശേഷങ്ങളും

൧. നക്ഷത്രഭേദങ്ങൾ

...ആകാശമാൎഗ്ഗത്തിൽ അനേകപ്രകാശഗോളങ്ങൾ കൂത്തിനില്ക്കുന്ന
– അവറ്റിൽ സൂൎയ്യൻ ചന്ദ്രൻ ഭൂമി എന്നിവയൊഴികെ ഉള്ള
– ശേഷം സൎവ്വത്തിന്നും നക്ഷത്രങ്ങൾ എന്നു പറയുന്നു– ഇവയൊ
...ന്നപ്രമാണം എന്നു വിചാരിപ്പാൻ സംഗതി ഇല്ല ഒരെദിക്കിന്നു
...ടെ നിയമത്തിന്നു ഭ്രമണസഞ്ചാരങ്ങൾ ഉണ്ടു– അവറ്റിന്റെ
സംക്ഷേപിച്ചു പറയാം

൨. നക്ഷത്ര സഞ്ചാരങ്ങൾ

...കൾ കണ്ണാടികൂടെ ആകാശമാൎഗ്ഗത്തിൽ ഒരോ നക്ഷത്ര
...ഷം പരിഷ്കാരവും അല്പം എന്നു പറയുന്നത– സൎവ്വഗോളങ്ങളും
...ഉണ്ടു– സ്ഥിരനക്ഷത്രങ്ങൾ എന്ന പേരായ പ്രകാശഗോളങ്ങൾ
...ഷം ദൂരത്തുനിന്നു ചുറ്റിസഞ്ചരിക്കുന്നു എങ്കിലും ഇവ മണ്ഡല
– ദൂരതകൾ ഏറ്റവും അവ ചെല്ലുന്ന വട്ടത്തിന്റെ ദീൎഘതനിമിത്തവും
...ന്നതെ നക്ഷത്രങ്ങൾ ആകുന്നു വെളിവരുന്നു– ചെലഗ്രഹങ്ങളും
...ളെ ചെന്നു പ്രദക്ഷിണം ചെയ്യുന്ന അവറ്റിന്റെ ദേശങ്ങളാലെ
...ലെന്നി സ്വഭാഗമായിക്കൊണ്ടു ഉപഗ്രഹങ്ങളും ഉണ്ടു– ഇങ്ങിനെ
...ൽ ഒരൊരൊ സ്ഥിരഗതിപ്രയാണങ്ങളുണ്ടാകുന്നു–

൩. സൂൎയ്യസംസ്ഥിതി

...ത്രം ഒന്നും അതിനെ ചുറ്റി ഭൂമിക്കുന്ന ഗ്രഹങ്ങൾ പലതും കൂടിയ
...ൎയ്യസംസ്ഥിതി എന്നു പറയുന്നു– ഇതുവരെ കണ്ടെത്തിയ
...ം പ്രസിദ്ധമാകുന്ന ഭൂമി ചെന്നിട്ടുള്ള സംസ്ഥിതിയെ അറിയുന്നതു–
...രിക്കുന്ന ~~ഇവ...~~ ...ഗ്രഹങ്ങൾ ...ക്കുള്ളെ...രിക്കുന്നു–
...ക്ക ചെന്ന ബുധൻ ശുക്രൻ ഭൂമി ചൊവ്വാ ഇവ നാലു ഗ്രഹങ്ങൾ ത
...ദൂരം ആദിത്യനെ ചുറ്റി ചെല്ലുന്നവ വെസ്താ ക്ഷൊ ചെര
...ഷാ മുതലായ ചെറിയ ഗ്രഹങ്ങൾ പലതും തന്നെ– ആയവ പെട്ടിട്ടും (ഇതുവരെ തൊണ്ണൂറ്റൊന്പത് എന്നു വിദ്വാന്മാർ ഇപ്പോൾ (൧൮൫൯ ക്രിസ്താബ്ദം) എണ്ണുന്നു–)
...റ ചന്ദ്രന്മാർ കാണാക്കുന്നതെ– വ്യാഴം ശനി യുറെനസ് നെ
...ഗ്രഹങ്ങൾ നാലും സൂൎയ്യനെ ദൂരത്തിന്നു ചുറ്റി സഞ്ചരിക്കുന്നു– ഇതു

1

UB TÜBINGEN
Ma I 799